പുസ്തകം 78
ലക്കം 8
ആഗസ്റ്റ് 2006
സുഹൂർ 1385
റജബ് - ശഅബാൻ 1427

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) 95495 (Land) } 5520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

**ലേഖനം**

6 ***ആത്മീയവിപ്ലവം ആസന്നം***
ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)

7 ***ദ്വന്ദാത്മക ഭൗതികവാദവും ഡാർവിനിസവും***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

9 ***ഈജിപ്തിലെ ഇസ്റായേൽ ജനതയുടെ വാസം: ബൈബിളിന്റെയും ഖുർആന്റെയും സമീപനങ്ങൾ***
ഏ.എം. മുഹമ്മദ് സലീം

13 ***ഇതിഹാസമോ മതമോ?***
ഫസ്ൽ അഹ്മദ്, യു.കെ.

18 ***ഈസാനബിയുടെ ആകാശവാസം: ജമാഅത്തെ ഇസ് ലാമിയുടെ വിതണ്ഡവാദം***
മുഹമ്മദ് ഉമർ എച്ച്.എ.

21 ***ഹിർഖൽ ചക്രവർത്തിയുടെ മാനദണ്ഡങ്ങളും ഹദ്റത് അഹ്മദി(അ)ന്റെ സത്യസാക്ഷ്യവും***
എച്ച്. ശംസുദ്ദീൻ, കാവശ്ശേരി

25 ***പശ്ചിമേഷ്യൻ സംഘർഷവും, ശാശ്വതപരിഹാരവും***
അൻവർ, പാലക്കാട്

27 ***മൗലാനാ അബുൽ അഅ്ലാ മൗദൂദി: ക്രിസ്ത്യാനികളുടെ ജാരനോ? യഹൂദികളുടെ ചാരനോ?***
കലീം എം.എസ്.

30 ***ഇസ്റായേൽ സ്റ്റേറ്റ്***
ഏ.പി. കുഞ്ഞാമു

**അനുസ്മരണം**

33 ***അബ്ദുർറഹിം സാഹിബ്: ജ്ഞാനഖഡ്ഗമേന്തിയ യോദ്ധാവ്***
എൻ.കുഞ്ഞഹ്മദ് മാസ്റ്റർ, അമീർ, കണ്ണൂർ മേഖല

34 ***നടുനായകത്വം വഹിച്ച എഴുത്തുകാരൻ!***
കെ.എ. അബ്ദുൽ കലാം കൊച്ചി

35 ***'സുൽത്താനുൽഖലം' എന്ന പ്രചോദനം***
യാസർ അറഫാത്ത്, തിരുത്തിയാട്

37 ***'ലെബനാൻ: യഹൂദർ കൊളുത്തിയ യുദ്ധത്തീ***

39 ***ചൈനയുടെ ഏകസന്താന നയം പരാജയപ്പെടുന്നു***

41 ***വാർത്തകൾ***

*മുഖചിത്രം :* ഈജിപ്തിലെ പിരമിഡ്

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനഃസമാധാനം പ്രാപിക്കുകയും ചെയ്തവർ അവരത്രെ. അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനഃസമാധാനം കൈവരികയുള്ളൂ.


വിശ്വസിക്കുകയും, സൽക്കർമ്മം അനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർക്ക് സൗഭാഗ്യവും തിരിച്ച് ചെല്ലാനുള്ള ഏറ്റവും നല്ല സങ്കേതവുമാണ്. (13:29;30)

## നബിവചനം

ഏറ്റവും നല്ല ജീവിതമാർഗ്ഗം എറ്റവും നല്ല തൊഴിൽ എന്താണെന്നു തിരുനബിയോട് ആരോ ഒരിക്കൽ ചോദിച്ചു. തിരുമേനി മറുപടി നൽകി: കൈകൊണ്ടുള്ള പ്രവൃത്തി. കുതന്ത്രവും ചതിവും ഇല്ലെങ്കിൽ സാധനങ്ങൾ വിലക്കെടുക്കുകയും വില്ക്കുകയും ചെയ്യുന്നതും.

*(നബിവചനം)*

**യുഗശബ്ദം**



# ദൈവത്തെ വിസ്മരിക്കരുത്

**വാഗ്ദത്ത മസീഹ്**

ഭൗതികമായ സഹായോപാധികളെക്കുറിച്ചു ന്യായമായ അതിരോളം ചിന്തിക്കുന്നതിനെ ഞാൻ നിങ്ങൾക്ക് വിലക്കുന്നില്ല. മറ്റു സമുദായക്കാരെപ്പോലെ, എല്ലാ ഭൗതിക സഹായ സാമഗ്രികളെയും നിയന്ത്രിക്കുന്നവനായ ദൈവത്തെ പാടെ വിസ്മരിച്ചുകൊണ്ട് നിങ്ങൾ ഭൗതികോപാധികളുടെ അടിമകളായിത്തീരുന്നതിനെയാണ് ഞാൻ വിലക്കുന്നത്. നിങ്ങൾക്ക് കാണാനുള്ള കണ്ണുണ്ടെങ്കിൽ ദൈവം മാത്രമേ ഉള്ളൂവെന്നും മറ്റെല്ലാം നിസ്സാരമാണെന്നും മനസ്സിലാക്കാൻ കഴിയും. അവന്റെ അനുമതികൂടാതെ നിങ്ങൾക്ക് കൈ നിവർത്തുവാനോ മടക്കുവാനോ പോലും സാധ്യമല്ല. ഇപ്പറയുന്നതിനു നേരെ, ആത്മീയ മൃതി പ്രാപിച്ചവൻ പരിഹാസച്ചിരി പൊഴിച്ചേക്കാം, അങ്ങനെ ചിരിക്കുന്നതിന്നു മുമ്പായിട്ടു തന്നെ അവൻ മരിച്ചുപോയെങ്കിൽ ഹാ, അവനെത്ര നന്നായിരുന്നു! ജാഗ്രത!! ഭൗതികകാര്യങ്ങളിൽ ഇതര സമുദായക്കാരോട് നിങ്ങൾ മത്സരിക്കാൻ നില്ക്കൊല്ലാ! അവർ ഭൗതികാസൂത്രണങ്ങളിൽ വളരെ പുരോഗമിച്ചിരിക്കുകയാണ്. നിങ്ങളെ തങ്ങളിലേക്ക് വിളിക്കുന്ന ആ സമുദായം യഥാർത്ഥ ദൈവത്തെക്കുറിച്ചറിവില്ലാത്തവരും മതിമറന്നവരുമത്രെ. എന്തൊന്നാണ് അവരുടെ ദൈവം? ദുർബ്ബലനായ ഒരു മനുഷ്യൻ മാത്രം!! (കിശ്തീ നൂഹ്).

മുഖക്കുറിപ്പ്

# ഇസ്രയേലിന്റെ നന്ദികേട്

മറ്റേതൊരു ജനതയേക്കാളും ചരിത്രാനുഭവങ്ങളുള്ള ഒരു ഗോത്രീയ സമൂഹമാണ് യഹൂദികൾ. ചരിത്രത്തിന്റെ പ്രാചീനകാലം മുതൽ യഹൂദികളുടെ സാന്നിദ്ധ്യമുണ്ട്. അതുകൊണ്ട് യഹൂദജനതയെ ചരിത്രത്തിന്റെ ഫോസിൽ എന്ന് ചില പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നു.

യഹൂദജനതയുടെ ഭൂതകാലസ്മരണയിൽ ഡേവിഡും സോളമനും ഇസ്രയേൽ ഭരിച്ചിരുന്ന ഘട്ടം മാത്രമാണ് പാലും തേനുമൊഴുകുന്ന പെരുമയുടെ നാളുകളായി അവർ താലോലിക്കുന്നത്. ബാക്കിയുള്ള കാലം മുഴുവൻ കുഴപ്പങ്ങളുടേയും പീഡനങ്ങളുടേയും അടിമത്തത്തിന്റേയും കാലമായിരുന്നു. ക്രിസ്തുവിനു മുമ്പ് ഈജിപ്ത്, അസീറിയ, ബാബിലോൺ, പേർഷ്യ, ഗ്രീസ്, മുതലായ സാമ്രാജ്യകോയ്മകൾക്കുകീഴിൽ അവർ അടിമജീവിതം നയിക്കുകയുണ്ടായി. ക്രിസ്തുവിനുശേഷം റോമക്കാരുടെ ഫലസ്തീൻ ആക്രമണത്തെ തുടർന്ന് ഏഷ്യയിലെ പല ഭാഗങ്ങളിലേക്കും യൂറോപ്പിലേക്കും യഹൂദികൾ കുടിയേറി. ചിതറിത്തെറിക്കൽ (ഡയസ്പോറ) എന്ന പ്രതിഭാസത്തിന് വിധേയമായ ഒരു ജനതയായിരുന്നു യഹൂദികൾ.

യൂറോപ്പിൽ വെച്ച് ക്രിസ്ത്യാനികളാണ് യഹൂദികളെ പീഡിപ്പിച്ചത്. മറ്റൊരു ജനതയും അനുഭവിക്കാത്തയത്ര അതിനിഷ്ഠൂരമായ പീഡനങ്ങളാണ് യൂറോപ്പിലെ ക്രിസ്തീയ ലോകം യഹൂദികൾക്ക് നേരെ അഴിച്ചുവിട്ടത്. യഹൂദികളെ പീഡിപ്പിക്കാത്ത ഒരേയൊരു ജനത മുസ്‌ലിംകളാണ്. മധ്യനൂറ്റാണ്ടുകളിൽ മുസ്‌ലിംകൾ സ്പെയിൻ ഭരിച്ചിരുന്നപ്പോൾ മുസ്‌ലിംകളെപ്പോലെ യഹൂദികളുടേയും സുവർണ്ണകാലമായിരുന്നു. സ്പെയിനിലെ സെഫാർദ് ജൂതന്മാരാണ് ലോകസാഹിത്യത്തിനും, തത്ത്വശാസ്ത്രത്തിനും ശാസ്ത്രചിന്തക്കും അതുല്യമായ സംഭാവനകളർപ്പിച്ചത്. വംശീയമായി പ്രതിഭാശേഷിയുള്ള ജൂതജനത മുസ്‌ലിം സ്പെയിനിൽ പുരോഗമിച്ചു പുഷ്ക്കലമായി. പ്രതാപികളായിട്ടാണ് അവർ കഴിഞ്ഞത്. സ്പെയിൻ മാത്രമല്ല, പശ്ചിമേഷ്യയിലും ആഫ്രിക്കയിലും ഏഷ്യയിലുമുള്ള മുസ്‌ലിംകൾ സഹിഷ്ണുതാപൂർവ്വമാണ് യഹൂദികളോട് പെരുമാറിയത്. മറിച്ച്, യൂറോപ്പിൽ കുടിയേറിയ അസ്കിനാസി ജൂതന്മാർ ജീവൻ നിലനിർത്താനുള്ള അതിജീവന സമരത്തിലായിരുന്നു. അത്രമാത്രം കൊടിയ പീഡനങ്ങളാണ് അവർ സഹിച്ചത്. യൂറോപ്പിൽ അവർ അവശേഷിച്ചത് തന്നെ അത്ഭുതമാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ മുസ്‌ലിംകളുടെ ഹൃദയഭൂമിയിൽ അവിടെ ആയിരക്കണക്കിന് വർഷങ്ങളായി പാർത്തുവന്നിരുന്ന മുസ്‌ലിം ജനതയെ ആട്ടിപ്പായിച്ച് യഹൂദർ യൂറോപ്പിലെ ക്രിസ്തീയരാജ്യങ്ങളുടെ സഹായത്തോടെ അന്യായമായി ഇസ്രയേൽ രാഷ്ട്രം സ്ഥാപിച്ചിരിക്കുകയാണ്. നൂറ്റാണ്ടുകളോളം അവർക്ക് അഭയം നൽകിയ മുസ്‌ലിം ജനതക്ക് നേരെ, സമീപകാലം വരെ അവരെ വേട്ടയാടിയിരുന്ന യൂറോപ്പിന്റെ പിന്തുണയോടെ അമേരിക്കയുമൊത്ത് ക്രൂരമായ പീഡനങ്ങളും, കൂട്ടക്കുരുതിയും അധിനിവേശങ്ങളും നടത്തുകയാണ്. ചരിത്രബോധമുള്ളവർക്ക് യഹൂദരുടെ ഈ നന്ദികേടിനേയും വഞ്ചനയേയും അപലപിക്കാൻ വാക്കുകളില്ല.

യഹൂദികൾ ഒരു കാര്യം ഓർക്കുക. അവരിന്ന് അന്യായമായ രീതിയിൽ രാഷട്രം സ്ഥാപിച്ചിരിക്കുന്ന സമാധാനഗേഹം എന്നറിയപ്പെടുന്ന ജെറുസലേം അഥവാ ബൈത്തുൽ മുഖദ്ദസ് സദ്‌വൃത്തന്മാർക്ക് മാത്രം സ്ഥിരത നൽകിയ ഭൂമിയാണ്. മതഗ്രന്ഥങ്ങളും ചരിത്രവും അതിന് സാക്ഷ്യം നിൽക്കുന്നു. യഹൂദികളുടെ ബൈബിൾ സങ്കീർത്തനത്തിൽ ഇങ്ങനെ ഒരു വചനം ഉള്ള കാര്യം ഖുർആൻ ഉദ്ധരിച്ചത് അനുസ്മരിച്ചുകൊണ്ട് ഈ കുറിപ്പ് നിർത്തട്ടെ.

***‘ചില ഉപദേശങ്ങൾക്കുശേഷം സബൂറിൽ നാം ഇങ്ങനെ എഴുതിയിട്ടുണ്ട്: ‘തീർച്ചയായും ആ പരിശുദ്ധ ഭൂമി (ജറുസലേം) എന്റെ സദ്‌വൃത്തരായ ദാസന്മാർ അവകാശമായി എടുക്കുന്നതാണ്. (വി.ഖുർആൻ -21:106).***

n

# ആത്മീയവിപ്ലവം ആസന്നം

## ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)

"അല്ലയോ ഉറങ്ങുന്നവരേ! ഉണരുക. അല്ലയോ അശ്രദ്ധരേ! ജാഗരൂഗരാവുക. ഒരു മഹത്തായ ആത്മീയവിപ്ലവത്തിന്റെ കാലം സമാഗതമായിരിക്കുന്നു. ഇത് വിലപിക്കുവാനുള്ള നേരമാണ്. ഉറങ്ങിക്കഴിക്കാനുള്ളതല്ല. (ദൈവസന്നിധിയിൽ) സങ്കടപ്പെടുവാനുള്ള നേരമാണ്. പരിഹാസവും അവഹേളനവും കുഫ്ർ വിളികളും നടത്തേണ്ട നേരമല്ല. ഈ കാലത്തെ നീക്കുവാനായി ദൈവിക കാരുണ്യം സജ്ജമാക്കിയ ആത്മീയ പ്രകാശം ദർശിക്കുവാനുള്ള കണ്ണുകൾ അല്ലാഹു നിങ്ങൾക്കു തരുവാൻ പ്രാർത്ഥിക്കുക. രാത്രിയുടെ അവസാനത്തെ യാമത്തിൽ എഴുന്നേറ്റു ദൈവസന്നിധിയിൽ കരഞ്ഞുകൊണ്ട് നേർമാർഗ്ഗത്തിന്നായി പ്രാർത്ഥിക്കുക. ഈ ആത്മീയ പ്രസ്ഥാനത്തെ അനാവശ്യമായി നശിപ്പിക്കാനുള്ള ബദ്ദുആ ചെയ്യാതിരിക്കുകയും ഇതിന്നെതിരായി പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങളുടെ ഈ അനാസ്ഥയെയും അശ്രദ്ധയെയും നിങ്ങളുടെ മനസ്സി ലും ഹൃദയത്തിലുമുള്ള വിഡ്ഢിത്തങ്ങളെയും നിങ്ങൾക്ക് പ്രത്യക്ഷപ്പെടുത്തിത്തരുന്നതാണ്. തന്റെ ദാസന്മാരെ അവൻ സഹായിക്കുന്നതാണ്. അല്ലാഹു സ്വയം നട്ടുവളർത്തിയ ഈ വൃക്ഷത്തെ അവൻ ഒരിക്കലും വെട്ടിക്കളയുന്നതല്ല. ഒരു വൃക്ഷത്തെ സ്വ യം നട്ടുവളർത്തി അതിന്റെ ഫലം പ്രതീക്ഷിച്ചിരുന്ന ഒരാൾ അതിനെവെട്ടിമുറിച്ചുകളയുമോ? എന്നാൽ സർവ്വജ്ഞനും എല്ലാം കാണുന്നവനും കരുണാവാരിധിയുമായ അല്ലാഹു, ഫലം കാണുന്നവനും കരുണാവാരിധിയുമായ അല്ലാഹു, ഫലം പ്രതീക്ഷിച്ചിരിക്കുന്ന ഈ വൃക്ഷത്തെ എങ്ങനെ വെട്ടിമുറിക്കാനാണ്? ഒരു മനുഷ്യനായിക്കൊണ്ട് നിങ്ങൾ ചെയ്യാത്ത ഒരു പ്രവൃത്തി അദൃശ്യജ്ഞാനിയായ (ആലിമുൽഗൈബായ), ഹൃദയത്തിന്റെ അടിത്തട്ടുവരെ കാണുന്ന അല്ലാഹു എങ്ങനെയാണ് ചെയ്യുക?

അതുകൊണ്ട്, നിങ്ങളീ യുദ്ധത്തിൽ നിങ്ങളുടെ തന്നെ അവയവങ്ങളെ വെട്ടിമുറിക്കുകയാണ് ചെയ്യുന്നതെന്ന് നന്നായോർമ്മിച്ചുകൊള്ളുക. നിങ്ങൾ അനാവശ്യമായി അഗ്നിയിൽ കൈകളിടരുത്. ഇത് മനുഷ്യനിർമ്മിതമായ ഒരു കാര്യമായിരുന്നുവെങ്കിൽ ഇതിനെ നശിപ്പിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല? വളരെപ്പേർ വന്നുവെങ്കിലും ഇന്നു അത് ഈ നിലയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ദൈവം തന്നോടു സംസാരിക്കുന്നുവെന്ന് അവന്റെ പേരിൽ കറ്റുകെട്ടി പറഞ്ഞതിന്നുശേഷവും ഒരു നീണ്ടകാലം ജീവിച്ചിരുന്ന ഏതെ ങ്കിലും വ്യാജവാദിയെ എപ്പോഴെങ്കിലും നിങ്ങൾക്ക് കാൺമാൻ സാധിച്ചിട്ടുണ്ടോ? നിങ്ങൾ ഒന്നുംതന്നെ ചിന്തിക്കുന്നില്ല എന്നതു എത്ര പരിതാപകരം.

വിശുദ്ധ ഖുർആൻ ഹ:നബികരീം(സ)യോട് 'നീ അല്പമെങ്കിലും എന്റെ പേരിൽ കറ്റുകെട്ടിപ്പറയുകയാണെങ്കിൽ നിന്റെ ജീവനാഡി അറുത്തുകളയുന്നതാണ്' എന്ന് പറഞ്ഞ ആയത്തിനെകുറിച്ച് നിങ്ങൾ എന്തുകൊണ്ടോർക്കുന്നില്ല? അതായത് അല്ലാഹുവിന്റെ പേരിൽ ഇത്ര വലിയ കറ്റുകെട്ടു ചെയ്തിട്ടും രക്ഷപ്പെടാൻ മാത്രം നബി കരിം(സ) തിരുമേനിയേക്കാൾ പ്രിയംകരനായിട്ടാരാണുള്ളത്?

അതുകൊണ്ട് സഹോദരന്മാരേ! അഹങ്കാരത്തിൽ നിന്നും മാനസികേച്ഛകളിൽ നിന്നും സ്വയം മോചിതരാവുക. അല്ലാഹുവിന്നു മാത്രമുള്ള അറിവിന്റെ കാര്യത്തിൽ നിങ്ങൾ പിടിവാശി നടത്തരുത്. നിങ്ങളുടെ ഇത്ത രം സ്വഭാവങ്ങൾ പരിത്യജിച്ചുകൊണ്ട് പുതിയ മനുഷ്യരായി തഖ്‌വയുടെ വഴികളിൽ കാലടികൾ വെക്കുക. എന്നാൽ മാത്രമേ അല്ലാഹുവിന്റെ കാരുണ്യം നിങ്ങൾക്കു ലഭിക്കുകയും നിങ്ങളുടെ പാപങ്ങളെ അവൻ പൊറുത്തു തരുകയും ചെയ്യുകയുള്ളൂ. അതുകൊണ്ട് ഭയപ്പെടുക. (ഇത്തരം കാര്യങ്ങളിൽ നിന്നും) വിരമിക്കുക. നിങ്ങളിൽ നല്ലയാളായിട്ടു ഒരുത്തനുമില്ലേ?

***(റൂഹാനി ഖസായിൻ,***
***വോ. 5, പേ. 53-55)***

n

ലേഖനം

REVELATION RATIONALITY KNOWLEDGE AND TRUTH

# ദ്വന്ദാത്മക ഭൗതികവാദവും ഡാർവിനിസവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ദ്വന്ദാത്മക ഭൗതികവാദം ശാസ്ത്രീയമാണെങ്കിൽ ഡാർവിന്റെ പരിണാമ വാദം പോലെ പ്രകൃതിയിൽ സംഭവിക്കുന്ന ഒരു സ്വാഭാവിക പരിണതിയായി കമ്യൂണിസം വരണമായിരുന്നു. വിപ്ലവത്തിന്റേയും രക്തച്ചൊരിച്ചിലിന്റേയും ആവശ്യമുണ്ടായിരുന്നില്ല.**

**മാ**ർക്സിസത്തിന്റെ വൈരുദ്ധ്യാത്മക ഭൗതിക വാദത്തിൽ ദൈവത്തിന് യാതൊരു സ്ഥാനവുമില്ല. ഇതേകാരണം കൊണ്ടുതന്നെയാണ് കമ്മ്യൂണിസ്റ്റ് ചട്ടക്കൂട്ടിനകത്തായിരുന്നാൽ പോലും ധാർമ്മികതയ്ക്ക് വേണ്ടി വാദിക്കുന്നവർക്കെതിരെ ലെനിൻ അതിരൂക്ഷമായ പ്രചാരണം അഴിച്ചുവിട്ടത്.

മാർക്സിസത്തിൽ ഉപരിലോകത്ത് നിന്നുള്ള വെളിപാടുകൾക്കോ വെളിപാടുകളെ അടിസ്ഥാനമാക്കിയുള്ള നൈതിക സ്വഭാവസംഹിതകൾക്കോ ഇടമില്ല. മനുഷ്യനെ ദൈവത്തിലേക്ക് നയിക്കാനുള്ള കഴിവ് ഉള്ളതിനാൽ ധാർമ്മികതയെ മനുഷ്യസംബന്ധിയായ മേഖലയിൽ നിരോധിക്കേണ്ട ആവശ്യകതയെക്കുറിച്ച് തീർച്ചയായും മാർക്സ് ചിന്തിച്ചിട്ടുണ്ടായിരിക്കണം.

ധാർമ്മികതയെ നിരാകരിക്കാനുള്ള മറ്റൊരു മതിയായ കാരണം, ധാർമ്മികത നിരങ്കുശമായ തൊഴിലാളി വിപ്ലവത്തിന്റെ വഴിയിൽ തടസ്സം നിൽക്കും എന്നതുകൊണ്ടാണ്. തൊഴിലാളിവർഗ്ഗം തങ്ങളുടെ ബുർഷാസികളായ യജമാനന്മാരുമായി കടമപ്പെട്ടിരിക്കുന്നത് ധാർമ്മികമായ ബാധ്യതകളുടെ പേരിലാണ്. അത്തരത്തിലുള്ള ധാർമ്മിക ബന്ധങ്ങളെല്ലാം തകർക്കപ്പെടേണ്ടതും ജനങ്ങൾ അവ രുടെ മർദ്ദകരായ ചൂഷകർക്കെതിരെ വിപ്ലവം നയിക്കാൻ ആവുന്നതെല്ലാം പ്രവർത്തിക്കാൻ സ്വതന്ത്രരാക്കപ്പെടേണ്ടതുമുണ്ട്. വിപ്ലവത്തിന്റെ ഈ വഴിയിൽ യാതൊരു ധാർമ്മിക ബാധ്യതകളും തടസ്സം നിൽക്കാൻ അനുവദിച്ചുകൂടാ. അവർ ക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ കൊന്നും വധിച്ചും കൊള്ള ചെയ്തും കൊള്ളിവെപ്പ് നടത്തിയും നശിപ്പിച്ചും സാമ്പത്തികമായും, രാഷ്ട്രീയമായും ബൂർഷ്വാസിക്ക് പ്രാമുഖ്യമുള്ള ഭരണക്രമത്തെ ഉന്മൂലനം ചെയ്യണം. അതുകൊണ്ടാണ് ദൈവരഹിതമായ തന്റെ വ്യവസ്ഥയുടെ ആജന്മശത്രുവായി ധാർമ്മികതയെ അദ്ദേഹം കാണുന്നത്.

മാർക്സിന്റേത് വസ്തുനിഷ്ഠാപരമായ അറിവാണെങ്കിലും അദ്ദേഹത്തിന്റെ ചിന്തകളിലുടനീളം പൂർവ്വാപര വൈരുദ്ധ്യങ്ങൾ കാണാം. അദ്ദേഹം മുന്നോട്ടു വെച്ച സിദ്ധാന്തങ്ങളുടെ അടിത്തറ ആഴത്തിലും പരപ്പിലും യുക്തിചിന്തയിലും വിശകലനത്തിലുമധിഷ്ഠിതമാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽ ആഭ്യന്തര വൈരുദ്ധ്യങ്ങൾ ഉണ്ടെന്ന് കുറ്റപ്പെടുത്തി സംശയിക്കുന്നത് തീർച്ചയായും കഠിനതരം തന്നെയാണ്. എന്നാലും മാർക്സിസത്തിൽ ആഭ്യന്തര വൈരുദ്ധ്യങ്ങൾ വളരെ അഗാധമാണ്. ഒരു ഭാഗത്ത് മാർക്സിസം ധാർമ്മികതയെ പൂർണ്ണമായും നിരാകരിക്കുന്നു. മറ്റൊരുഭാഗത്ത് സഹാനുഭൂതി എന്ന ധാർമ്മിക പ്രതിഭാസത്തിലധിഷ്ഠിതമായ വിപ്ലവ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുകയും ചെയ്യുന്നു. ഇതാണ് അതിന്റെ പൂർവ്വാപരവൈരുദ്ധ്യത്തിന് ഒരുദാഹരണം.

അതുമാത്രമല്ല, പാവപ്പെട്ടവന് വേണ്ടിയുള്ള അനുകമ്പ നീതിയുടെയും ന്യായത്തിന്റെയും അതിരുകൾ ലംഘിക്കുകയാണെങ്കിൽ അത് മറ്റുള്ളവരോടുള്ള ക്രൂരതയിലേക്ക് നയിക്കുന്നു. അപ്പോൾ ഈ വൈരുദ്ധ്യം വളരെ പ്രകടമായി വരുന്നു. മനുഷ്യനെ സംബന്ധിക്കുന്ന കാര്യ

ങ്ങളിൽ നീതിയില്ലാത്ത കാരണ ത്താൽ നിങ്ങൾ ഒരു പ്രസ്ഥാനം ആരംഭിക്കുന്നുവെന്നിരിക്കട്ടെ. നീതി യുടെ പേരിൽ ആരംഭിച്ച ആ പ്രസ്ഥാ നം നീതി പുനഃസ്ഥാപിക്കാൻ വേണ്ടി യാണ്. നിങ്ങളുടെ പ്രസ്ഥാനം കെട്ടി പ്പടുത്ത ആ ആദർശങ്ങൾ നിങ്ങൾ ക്കൊരിക്കലും ലംഘിക്കാൻ സാധ്യ മല്ല. അങ്ങനെ ലംഘിക്കുമ്പോൾ അത് നിങ്ങൾ ഇരിക്കുന്ന കൊമ്പ് മുറി ക്കുന്നതിന് തുല്യമായിരിക്കും.

മറ്റൊന്ന് വികാരാനുഭൂതികൾ ക്കോ ധാർമ്മിക പരിഗണനകൾക്കോ ഇടമില്ലാത്ത ഒരു വ്യവസ്ഥയുടെ വക്താവ് അധാർമ്മികമായ ഒരു വ്യവ സ്ഥയോട് പൂർണ്ണ പ്രതിബദ്ധത കാണിക്കണമെന്ന് പ്രതീക്ഷിക്കു മ്പോൾ അയാൾ സ്വയം വിയോജിക്കു ന്നു. ചൂഷകരായ ബൂർഷ്വാ ആധിപ ത്യത്തെ അട്ടിമറിച്ച് തൊഴിലാളി വർഗ്ഗത്തെ സഹായിക്കാൻ വേണ്ടി വളരെ കരുതലോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന മാർക്സിന്റെ പദ്ധതിയിൽ മറ്റൊരു വൈരുദ്ധ്യമുള്ള തായി നമുക്ക് കാണാം. ശാസ്ത്രീയ സോഷ്യലിസമെന്നോ വൈരുദ്ധ്യാത്മ കത ഭൗതിക വാദമെന്നോ എന്തു പേരിട്ട് വിളിച്ചാലും ഈ തത്വ ശാസ്ത്രം സത്യന്ധമാണെങ്കിൽ അതിന് പുറത്തുനിന്നുള്ള മനുഷ്യ ന്റെ പ്രത്യേക സ്വാധീനമോ സഹാ യമോ മാർഗ്ഗനിർദ്ദേശങ്ങളോ ആവശ്യ മില്ല.

മാർക്സിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ നിരീക്ഷിക്കപ്പെ ടേണ്ട മറ്റൊരു വസ്തുത അത് വ്യക്ത മായും ഡാർവിന്റെ * The Orgin of Species (ജീവികളുടെ ഉത്പത്തി) എന്ന വിശ്വപ്രസിദ്ധമായ കൃതിയാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട് എന്നതാണ്. വാസ്തവത്തിൽ ആഴത്തിലുള്ള പഠ നങ്ങൾ വെളിപ്പെടുത്തുന്നത് ഡാർവി ന്റെ ജീവികളുടെ അതിജീവനസമര (Struggle for Existence) സിദ്ധാന്തം മനുഷ്യബന്ധങ്ങളിലേക്ക് വലിച്ചുനീ ട്ടിയതിന്റെ മറ്റൊരു പേരാണ് ദ്വന്ദാ ത്മക ഭൗതിക വാദം.

ഭക്ഷണത്തിന്റെ വിതരണവും മറ്റു പോഷണങ്ങളുടെ ലഭ്യതയും മനു ഷ്യന് മുൻപുള്ള ജീവിലോകത്തി ലുള്ളതുപോലെ ഹോമോസാപ്പിയ ൻസിന്റെ പ്രബലത തുടർന്നുവന്നു. അർഹതയുള്ളതിന്റെ അതിജീവനം (Survival of Fittest) എന്ന പ്രകൃതി തത്ത്വം പഴയതുപോലെ ഇപ്പോഴും തുടരുന്നു. ആയതിനാൽ ഈ നിയ മത്താൽ ഭരിക്കപ്പെടുന്ന യാതൊ രാൾക്കും ജീവന് മറ്റൊരു പരിണാമ ഗതിയുണ്ടാക്കാൻ സാധ്യമല്ല. ഇതാണ് ശാസ്ത്രീയത. മാർക്സിസ്റ്റ് ഫിലോ സഫിക്ക് മുഴുനീളം സൂക്ഷ്മതയില്ലെ ങ്കിൽ മാർക്സിന് അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ ശാസ്ത്രീയം എന്ന് വിളിക്കാൻ സാധ്യമല്ല. ദ്വന്ദാത്മക ഭൗതികവാദം ഒഴിച്ചുകൂടാനാവാത്ത ഒരു പ്രകൃതി പ്രതിഭാസമാണെന്ന അതിന്റെ അവകാശവാദം ഇവിടെ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്.

ദ്വന്ദാത്മക ഭൗതികവാദത്തിൽ നിന്നും ഡാർവിന്റെ പരിണാമവാദം എങ്ങനെ വ്യത്യസ്തമായി നിൽക്കു ന്നു എന്ന് നമുക്ക് പരിശോധിക്കാം. ജീവന്റെ രൂപീകരണത്തിൽ ഡാർവി ന്റെ പരിണാമവാദം മറ്റെല്ലാത്തിനേ ക്കാളും പ്രമുഖമായി നില്ക്കുന്നു. ഡാർവിന്റെ പരിണാമവാദത്തിന് അ നുകൂലമായി ആശയ പ്രചാരണത്തി ന്റെയോ അതിന്റെ മുന്നോട്ടുള്ള പ്രയാ ണത്തിന് മറ്റു ബാഹ്യസഹായത്തി ന്റെയോ ആവശ്യമില്ല. നേരെ മറിച്ച് ഡാർവിനിസത്തി ന്റെ പാതയിൽ ഉണ്ടാവുന്ന ബാഹ്യതടസ്സങ്ങളെ എതിർത്തു തോല്പിക്കാനും നിഷ്ഫ ലമാക്കാനുമുള്ള കരുത്ത് അതിന് തന്നെയുണ്ട്. ഡാർവിൻ ജനിക്കാതി രിക്കുകയും ആരും തന്നെ പരി ണാമത്തിന്റെ ദുരൂഹതയുടെ കുരുക്ക ഴിക്കാതിരിക്കുകയും ചെയ്തില്ലെങ്കി ലും പരിണാമത്തിന്റെ യാഥാർത്ഥ്യം അങ്ങനെ തന്നെ ഇവിടെ നിലനിൽ ക്കും. ഡാർവിൻ എന്നൊരാളില്ലെങ്കി ലും പരിണാമത്തിന്റെ സംഭവ്യതയിൽ ഒരു കുറവും ഉണ്ടാകുമായിരുന്നില്ല.

പ്രകൃതി നിയമം, മനുഷ്യൻ അത് എപ്രകാരം മനസ്സിലാക്കി എന്ന തിനെ ആശ്രയിച്ചല്ല അത് പ്രവർത്തി ക്കുന്നത്. മനുഷ്യന്റെ അറിവ് അതി ന്റെ അസ്ഥിത്വത്തിന്റെ യാഥാർത്ഥ്യ ത്തിൽ ഒരു പങ്കും നിർവ്വഹിക്കുന്നില്ല. മനുഷ്യൻ അത് മനസ്സിലാക്കിയാലും ഇല്ലെങ്കിലും ശരി പ്രകൃതിയുടെ ഭീമ ൻ ചക്രം മുന്നോട്ട് ചലിക്കുക തന്നെ ചെയ്യും.

ദ്വന്ദാത്മക ഭൗതികവാദത്തിന്റെ സ്ഥിതി എത്രമാത്രം വ്യത്യസ്തമാണ്. മാർക്സും ലെനിനും ജനിച്ചിട്ടില്ലായി രുന്നുവെങ്കിൽ റഷ്യയിലും ലോക ത്തെവിടെയെങ്കിലും കമ്മ്യൂണിസ്റ്റ് വിപ്ലവം നടക്കുകയില്ലായിരുന്നു. റഷ്യൻ ചരിത്രത്തിൽ വിപ്ലവത്തിന് പക്വമായ ഒരു പ്രത്യേക സന്ദർഭം ആഗതമാവുകയുണ്ടായി. ലെനിൻ ഉണ്ടെങ്കിലും ഇല്ലെങ്കിലും റഷ്യ വിപ്ല വത്തിന് പാകമാകുമായിരുന്നു. ഒരു വ്യത്യാസം മാത്രം, ആസന്നമായ വിപ്ലവക്കൊടുങ്കാറ്റ് വീശിയടിച്ചപ്പോൾ അതിന്റെ ഗതി ലെനിൻ നിയന്ത്രിക്കു കയും ശാസ്ത്രീയ സോഷ്യലിസത്തി നനുകൂലമായി അത് ചൂഷണം ചെയ്യു കയും ചെയ്തു. എന്തായിരുന്നാലും പരിണാമവാദത്തിന്റെ ഡാർവിനിയൻ പരിപ്രേക്ഷ്യത്തിൽ ചിന്തിക്കുകയാ ണെങ്കിൽ പരിണാമത്തിന്റെ ഗതിക്ക് ഒരു വക്താവിന്റെയും ആവശ്യമില്ല. പ്രകൃതിയുടെ ചരിത്രഗതിയുടെ പ്രക്രിയയെ സഹായിക്കാൻ ഒരു ആസൂത്രകന്റെയും ആവശ്യമില്ല.

ഹെഗേലിന്റെ തത്ത്വശാസ്ത്ര ത്തെ മാർക്സിന്റേതുമായി നാം താര തമ്യം ചെയ്യുമ്പോൾ ഉയരുന്ന മുഖ്യ ചോദ്യമിതാണ്. ഭൗതിക ലോകത്തെ മാറ്റങ്ങൾക്ക് മുൻഗാമിയായി ആശ യങ്ങൾ നിലനിൽക്കുന്നുണ്ടോ അതല്ല വസ്തുനിഷ്ഠമായ മാറ്റങ്ങ ളാണോ പിന്നീട് ആശയങ്ങൾക്ക് രൂപം നൽകുന്നത്? അതായത് ആശ യമാണോ പദാർത്ഥമാണോ ആദ്യം ഉണ്ടായത് എന്ന പ്രശ്നത്തിലും ഹെഗേലും മാർക്സും തമ്മിലുള്ള മുഖ്യവ്യത്യാസവും ഇതാണ്. മാർക്സിന്റെ നിലപാടാണ് ശരിയെ ങ്കിൽ അദ്ദേഹത്തിന് കമ്മ്യൂണിസ്റ്റ് വിപ്ലവം വരാൻ ധൈഷണികപര

*(ശേഷം 12-ാം പേജിൽ)*

ലേഖനം

ലേഖനപരമ്പര ആരംഭിക്കുന്നു

# ഈജിപ്തിലെ ഇസ്റായേൽ ജനതയുടെ വാസം: ബൈബിളിന്റെയും ഖുർആന്റെയും സമീപനങ്ങൾ

ഏ.എം. മുഹമ്മദ് സലീം

**ഇസ്റായേൽ ജനതയുടെ ഈജിപ്ത് വാസം ബൈബിളിന്റെ മുഖ്യപ്ര മേയങ്ങളിലൊന്നാണ്. ഖുർആനിൽ ധാരാളം പ്രതിപാദിച്ച ചരിത്രവു മാണത്. പക്ഷേ ഏറ്റവും പൗരാണികമായ ലിഖിതചരിത്രമുള്ള ഈജീ പ്തിന്റെ ചരിത്രത്തിൽ യഹൂദർ ഈജിപ്തിൽ താമസിച്ചതിന് വ്യക്ത മായ തെളിവുകളില്ല. ഈ ചരിത്രശൂന്യതക്ക് കാരണമെന്താണ് എന്ന തിനെപറ്റി ഒരന്വേഷണം.**

ആഫ്രിക്കാ വൻകരയുടെ വടക്ക് കിഴക്ക് ഭാഗത്തുള്ള പുരാണ പ്രസിദ്ധമായ രാജ്യമാണ് ഈജിപ്ത്. ഈജിപ്തിലെ ഇസ്റായേൽ ജനതയുടെ വാസം ബൈബിളിലെ മുഖ്യ പ്രമേയമാണ്. യോസേഫിന്റെ ഈജിപ്ത് പ്രവേശനം മുതൽ ന്യായപ്രമാണവാഹകനായ മോസസിന്റെ കാനാൻ ദേശത്തേക്കുള്ള പുറപ്പാടുവരെയുള്ള നാല് നൂറ്റാണ്ടുകാലത്തെ സംഭവബഹുലമായ ഇസ്റായേൽ ജനതയുടെ ഈജിപ്ഷ്യൻ ചരിത്രം ബൈബിളിലെ ഉൽപത്തി, പുറപ്പാട് എന്നീ അദ്ധ്യായങ്ങളിലാണ് വിവരിച്ചിട്ടുള്ളത്. ഖുർആനിലും ഈജിപ്തിലെ യഹൂദ ജനതയുടെ ചരിത്രത്തെ സംബന്ധിച്ച് സുദീർഘമായ പ്രതിപാദനങ്ങളുണ്ട്. പക്ഷേ, അത്ഭുതകരമെന്നു പറയട്ടെ, ലോകത്തിലെ ഏറ്റവും പുരാതന ലിഖിതചരിത്രമുള്ള ഈജിപ്തിന്റെ അക്കാദമിക് ചരിത്രത്തിൽ ഇന്നുവരെ ഇസ്റായേൽ ജനത ഈജിപ്തിൽ താമസിച്ചതായി വ്യക്തമായ തെളിവുകൾ ലഭിച്ചില്ല. മോസസിന്റെ ഈജിപ്ത് വാസത്തിന്റെ ബൈബിൾ കഥ ഏതോ ഈജിപ്ഷ്യൻ സാഹിത്യത്തിൽ നിന്നും കടമെടുത്തതാണെന്നാണ് ചരിത്രകാരന്മാർ ആരോപിക്കുന്നത്. വിശ്വപ്രശസ്ത മനഃശാസ്ത്രജ്ഞനും ചരിത്രകാരനുമായ സിഗ്മണ്ട് ഫ്രോയിഡ് തന്റെ 'Moses and monotheism' എന്ന പുസ്തകത്തിൽ മോസസ് ഒരു യഹൂദന ല്ലെന്നും ഒരു ഈജിപ്ഷ്യൻ രാജകുമാരനാണെന്നുമാണ് സമർത്ഥിച്ചത്. ചുരുക്കത്തിൽ ഈജിപ്തിന്റെ ലിഖിതചരിത്രത്തിൽ ഇസ്റായേൽ ജനതയുടെ ചരിത്രം കാണുന്നില്ല. ഈ ചരിത്രശൂന്യതക്ക് കാരണം ബൈബിൾ മാത്രം ഉപജീവിച്ചുകൊണ്ട് ചരിത്രകാരന്മാർ നടത്തിയ പഠനങ്ങളാണ്. ഖുർആൻ ആധാരമാക്കി ഈജിപ്ഷ്യൻ ചരിത്രം പുനർ വ്യാഖ്യാനിച്ചാൽ ഈ ചരിത്രശൂന്യത ഏറെക്കുറെ നികത്തപ്പെടാതിരിക്കില്ല. ഈ വിഷയമാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം.

## ഈജിപ്തും ചരിത്രവും

അത്ലാന്റിക് സമുദ്രം മുതൽ ചെങ്കടൽ വരെ വ്യാപിച്ചുകിടക്കുന്ന ഉത്തര ആഫ്രിക്കയിലെ സഹാറാ മരുഭൂമിയുടെ ഭാഗമാണെങ്കിലും, സുഡാനിൽ നിന്നും ഉത്ഭവിക്കുന്ന നൈൽ നദിയുടെ കാരുണ്യം കൊണ്ട് ലോകത്തിലെ ഏറ്റവും വലിയ മരുപ്പച്ചയായി മാറിയ രാജ്യംകൂടിയാണ് ഈജിപ്ത്. അതുകൊണ്ടാണ് ഈജിപ്തിനെ നൈലിന്റെ ദാനം എന്ന് വിശേഷിപ്പിക്കുന്നത്. ഈജിപ്തിന്റെ വടക്ക് ഭാഗത്ത് പ്രവിശാലവും ഫലഭൂയിഷ്ഠവുമായ ഡെൽറ്റ (എക്കൽ മണ്ണടിഞ്ഞുണ്ടായ ഭൂമി) സൃഷ്ടിച്ചുകൊണ്ടാണ് നൈലിന്റെ കൈവഴികൾ മെഡിറ്ററേനിയൻ കടലിൽ പതിക്കുന്നത്. ഈജിപ്തിന്റെ ഈ വടക്കൻ ഭാഗത്തെ ലോവർ ഈജിപ്ത് (Lower Egypt) എന്നും തെക്ക് അസ്വാൻ അണക്കെട്ട് വരെയുള്ള ഭാഗത്തെ അപ്പർ ഈജിപ്ത് (Upper Egypt) എന്നുമാണ് വിളിക്കുന്നത്. പഴയ കാലത്ത് കറുത്ത




***പുരാതന ഈജിപ്തിലെ വടക്കുഭാഗത്തെ (മുകൾ ഭാഗം) ഡൽറ്റ പ്രദേശത്തുകൂടിയാണ് ഇസ്രയേലികൾ കാനാൻ ദേശത്തുനിന്ന് (ഫലസ്തിൻ) ഈജിപ്തിലേക്ക് പ്രവേശിച്ചത്. മോസസിന്റെ കാലത്ത് തിരിച്ചു പോയതും .***

മണ്ണുള്ള ഫലഭൂയിഷ്ഠമായ തങ്ങളുടെ ഭൂമിയെ ഈജിപ്തുകാർ 'കീമ ത്ത്' (Kemet) എന്നും മരുപ്രദേശത്തെ ചുകന്ന മണ്ണ് ഭൂമിയെ ദശ്റത്ത് (Deshrath) എന്നും വിളിച്ചിരുന്നു.

പുരാതന ലോകത്തെ ഏറ്റവും പ്രശസ്തമായ മൂന്നു നാഗരികതകളായിരുന്നു ഈജിപ്ത്, മെസപ്പോട്ടോമിയ, ഇൻഡസ് വാലി. ഇതിൽ വെച്ച് ഏറ്റവും മിഴിവും തെളിവുമുള്ള ലിഖിത ചരിത്രമുള്ളത് ഈജിപ്തിനാണ്. രേഖാപരമായും (Scriptural) പുരാവസ്തുപരമായും (Archaeological) ഈജിപ്തിന്റെ ചരിത്രം അതിസമ്പന്നമാണ്. ലോകത്തിലെ ഏറ്റവും പഴക്കമേറിയ അക്ഷരവിദ്യയായ ഹീരോഗ്ലിഫ്സ് (Hieroglyphs) ഈജിപ്തിലായിരുന്നു. ചരിത്രത്തിന്റെ നിധി കുംഭങ്ങൾ സൂക്ഷിക്കുന്ന ഈജിപ്ഷ്യൻ ഭൂമി ചരിത്രകുതുകികൾക്ക് എക്കാലത്തേയും ഏറ്റവും വലിയ ആവേശമായിരുന്നു. 1798ൽ ഫ്രാൻസിലെ നെപ്പോളിയൻ ബോണോപ്പാർട്ട് ഓട്ടോമൻ തുർക്കികൾ ഭരിച്ചിരുന്ന ഈജിപ്റ്റ് കീഴടക്കാനായി വന്നപ്പോൾ അദ്ദേഹത്തിന്റെ കൂടെ ഈജിപ്തിലെ പുരാവസ്തുക്കളെ പറ്റി പഠിക്കാൻ ഒരു സംഘം ചരിത്രപണ്ഡിതന്മാരുമുണ്ടായിരുന്നു. നെപ്പോളിയന്റെ കൂടെയുണ്ടായിരുന്ന ചരിത്രകാരന്മാരാണ് പുരാതന ഈജിപ്ഷ്യൻ ചരിത്രത്തിലേക്ക് വളരെയധികം വെളിച്ചം വീശിയ റാഷിദ് നഗരത്തിലെ ശിലാരേഖ കണ്ടെത്തിയത്. റോസറ്റാ കല്ല് (Rosetta Stone) എന്നാണ് അത് അറിയപ്പെടുന്നത്. പിന്നീട് 19-ാം നൂറ്റാണ്ടു മുതൽ യൂറോപ്യൻ ചരിത്ര പണ്ഡിതരുടെ സഹായത്താൽ ഈജിപ്തിൽ വ്യാപകമായ ഉത്ഖനനങ്ങൾ നടക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈജിപ്തിനെ പറ്റിയുള്ള അക്കാദമിക്ക് ചരിത്രനിർ മ്മാണം ആരംഭിച്ചിരിക്കുന്നത്. അത് ഇപ്പോഴും തുടരുന്നു. അതിന് മുമ്പ് ഈജിപ്തിനെ സംബ ന്ധിച്ച ചരിത്രത്തിന്ന് അവലംബമാക്കിയിരുന്നത് പലപ്പോഴും ബൈബിൾ കഥകളായിരുന്നു. പുരാതന ഈജിപ്തിന്റെ ചരിത്രം, സംസ്കാരം, ശാസ്ത്രം, കല മുതലായവയെ സംബന്ധിച്ച വിജ്ഞാന ശാഖക്കാണ് ഈജിപ്റ്റോളജി (Egyptology) എന്നു പറയുന്നത്.

### ഫറോവമാർ

അയ്യായിരം വർഷത്തെ പഴക്കമുള്ളതാണ് ഈജിപ്തിലെ ഫറോവമാരുടെ ചരിത്രം. ക്രിസ്തുവിന് മുമ്പ് മൂവായിരം മുതൽക്കാണ് അത് ആരംഭിക്കുന്നത്. അതിനുമുമ്പത്തെ ചരിത്രം വ്യക്തമല്ല. ലോവർ (വടക്ക്) അപ്പർ (തെക്ക്) ഈജിപ്തുകളെ ഏകീകരിച്ചുകൊണ്ടാണ് തദ്ദേശീയരാ യ ഫറോവമാർ ഈജിപ്തിൽ തങ്ങളുടെ ദേശീയ ഭരണം ആരംഭിക്കുന്നത്. ബി. സി. 2686 മുതൽ ബിസി 332ൽ അലക്സാണ്ടർ ചക്രവർത്തി ഈജിപ്ത് ആക്രമിക്കുന്നത് വരെ ഫറോവമാർ ഈജിപ്ത് ഭരിച്ചു. തദ്ദേശീയരായ ഈജിപ്ഷ്യൻ ഫറോവമാർ ഭരിക്കാത്ത ഇടക്കാല ഘട്ടങ്ങളും ഇതിനിടയിലുണ്ടായിരുന്നു.

ഫറോവമാരുടെ ഭരണത്തെ മൂന്നു സാമ്രാജ്യഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. ഒന്ന് പൂർവ്വ സാമ്രാജ്യം (Old Kingdom - BC 2686 - 2181) രണ്ട് മദ്ധ്യസാമ്രാജ്യം (Middle Kingdom BC 1991 - 1786) മൂന്ന് നവീന സാമ്രാജ്യം (New Kingdom BC 1570 - 1070) ഈ സാമ്രാജ്യ ഘട്ടത്തിനിടയിൽ ഫറോവമാരുടെ 30 രാജവംശങ്ങൾ (Dynasties) ഈജിപ്ത് ഭരിക്കുകയുണ്ടായി. ഇതിനിടയിൽ ഫറോവമാരുടെ ഭരണത്തിന് ശൈഥില്യമുണ്ടായപ്പോൾ വിദേശികളും ഈജിപ്ത് ഭരണം കയ്യാളിയിട്ടുണ്ട്. ഇതിനെ ഇടക്കാല ഘട്ടം (Intermediatory Period) എന്ന് പറയുന്നു. ഒന്നും രണ്ടും സാമ്രാജ്യങ്ങൾക്കിടയിലൂം രണ്ടും മൂന്നും സാമ്രാജ്യങ്ങൾക്കിടയിലും ഇടക്കാല ഘട്ടങ്ങളുണ്ടായിട്ടുണ്ട്. ഇതിൽ ഫറോവ ഭരണത്തിന്റെ ഒന്നും രണ്ടും സാമ്രാജ്യഘട്ടത്തിന്റെ നടുവിലുള്ള, ഇടക്കാല ഘട്ടത്തിലാണ് ഇസ്റയേലി പ്രവാചകനായ യൂസുഫ് നബി (അ) ഈജിപ്തിൽ അടിമ ബാലനായി പ്രവേശിച്ചിട്ടുണ്ടാകുക. ആ സന്ദർഭത്തിൽ ഈജിപ്ത് ഭരിച്ചിരുന്നത് ഫറോവമാറായിരുന്നില്ല. അതുപോ ലെ നവീന സാമ്രാജ്യകാലത്തെ 19-ാം രാജവംശത്തിലെ രംസീസ് രണ്ടാമൻ ഫറോവയുടെ കാലത്തായിരിക്കണം ഈജിപ്തിൽ നിന്നും കാനാൻ ദേശത്തേക്കുള്ള മൂസാനബി (അ) യുടെ

പുറപ്പാട് സംഭവിച്ചിട്ടുണ്ടാകുക. ഇതിനെ പറ്റി പിന്നീട് വിശദീകരിക്കാം.

### അഖിനേതൻ ഫറോവ (ക്രി. മു. 1391 – 1350)

നവീന സാമ്രാജ്യത്തിലെ 18-ാം രാജവംശത്തിലെ അവസാനത്തെ പ്രധാന ഫറോവയായ അഖിനേതൻ ഫറോവ പ്രത്യേകം സ്മരണീയനാണ്. 19ാം രാജവംശത്തിലും രംസീസ് രണ്ടാമൻ ഫറേവയുടെ കാലത്ത്പ്രവചാകനായ മോസസ് വരുന്നതിന്റെ ഒരു നൂറ്റാണ്ടു മുമ്പാണ് അഖിനേതൻ ഈജിപ്ത് ഭരിച്ചത്. അമൻ ഹോട്ടപ് IV ( Amen Hotep IV) എന്നും അദ്ദേഹം അറിയപ്പെടുന്നു. 17 വർഷം (ക്രി. മു. 1379–1362) അദ്ദേഹം ഭരണം നടത്തി. പുരോഹിതന്മാർ ദുഷിപ്പിച്ച മതത്തിനെതിരെ ആഞ്ഞടിച്ച അഖിനേതൻ അവരുടെ ദുസ്സ്വാധീനത്തിൽ നിന്നും രക്ഷപ്പെടാൻ തീബ്സി (ആധുനിക കാലത്തെ ലക്സർ നഗരം)ൽ നിന്ന് ഇരുനൂറു മൈൽ അകലെയുള്ള 'അഖിനേതൻ' എന്നുതന്നെ പേരുള്ള നഗരത്തിലേക്ക് തലസ്ഥാനം മാറ്റുകയുണ്ടായി. ടെൽ അൽ അമർന എന്ന ആധുനിക ഈജിപ്ഷ്യൻ നഗരമാണ് പുരാതന അഖിനേതൻ പട്ടണം. അഖിനേതൻ ഫറോവ ഒരു പരിഷ്ക്കർത്താവായിട്ടാണ് അറിയപ്പെടുന്നത്. സൂര്യദേവന്റെ ഭക്തനായാണ് ഇദ്ദേഹം ചിത്രീകരിക്കപ്പെടുന്നത്. ഏകദൈവ വിശ്വാസത്തിന്റെ ശക്തനായ വക്താവായിരുന്ന ഇദ്ദേഹം സർവ്വ ജീവജാലങ്ങൾക്കും ആശ്രയമായ സൂര്യബിംബത്തെ ആരാധിക്കുകയല്ല ചെയ്തിരുന്നത്. മറിച്ച്, ഏകദൈവത്തിന്റെ പ്രതീകമായി സ്വീകരിക്കുകയാണ് ചെയ്തതെന്ന് ചില പണ്ഡിതന്മാർ പറയുന്നു. ആതം (Atom) അഥവാ ആതെൻ (Aten) എന്നീ പേരിലറിയപ്പെടുന്ന ആരാധനാ സമ്പ്രദായം അദ്ദേഹം പ്രാവർത്തികമാക്കി. ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ഏകദൈവ വി ശ്വാസിയായിട്ടാണ് ചരിത്രകാരന്മാർ അദ്ദേഹത്തെ ചിത്രീകരിക്കുന്നത്. അഖിനേതൻ തന്നെ രചിച്ചതാണെന്ന് കരുതപ്പെടുന്ന മനോഹരവും സുദീർഘവുമായ ഒരു ഭക്തിഗാനത്തിൽ നിന്നാണ് ആ മതത്തിന്റെ വിശ്വാസ പ്രമാണങ്ങളും ആചാരാനുഷ്ഠാനുങ്ങളും അറിയാൻ കഴിഞ്ഞത്. ആ ഗാനം ജീവന്റെ സ്രഷ്ടാവും സംരക്ഷകനുമായ ആ നൂതനെ പ്രകീർത്തിച്ചു കൊണ്ടുള്ളതാണ്. *'സ്ത്രീയിൽ അണ്ഡവും പുരുഷനിൽ ബീജവും നിർമ്മിച്ചവൻ, അമ്മയുടെ ഉദരത്തിൽ പുത്രന് ജീവൻ നൽകുന്നവൻ, സൃഷ്ടിക്കപ്പെട്ടവർക്കെല്ലാം ജീവൻ നൽകുന്നവൻ' എന്ന് തുടങ്ങുന്നു ഗാനം. 'നിന്റെ പ്രവൃത്തികൾ എത്ര വൈവിധ്യമാർന്നവ, അവ മനുഷ്യ സൃഷ്ടിയിൽ നിന്ന് നീ മറച്ചിരിക്കുന്നവല്ലോ. അല്ലയോ ഏകദൈവമേ, നിനക്കു തുല്യമായി ആരുമില്ല. നീ നിന്റെ ഹിതാനുസൃതം ഈ ലോകം സൃഷ്ടിച്ചു. മനുഷ്യർക്ക് വേണ്ടതെല്ലാം നീ നൽകി. നീ എല്ലാ ജീവിതത്തിന്റെയും ആയുസ്സ് കണക്ക് കൂട്ടി. നീ മനുഷ്യനെ അവന്റെ വർണ്ണവും പ്രകൃതിയുമനുസരിച്ച് വിവിധ രൂപത്തിൽ സൃഷ്ടിച്ചു. നിന്റെ ജ്ഞാനം പറയുമ്പോൾ നീ നിന്റെ ജ്ഞാനവും ശക്തിയും എന്നിൽ നിറക്കുന്നു.* (Engraving at tomb of king by Ay at Tell el Amarna)

സ്ത്രൈണ ശരീര പ്രകൃതിയുള്ള അഖിനേതന് ചില ജന്മജാത രോഗങ്ങളുണ്ടായിരുന്നുവെന്ന് പണ് ഡിതന്മാർ പറയുന്നു. അദ്ദേഹത്തിനു ബാധിച്ച രോഗം വൈദ്യശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായ പ്ര കാരം Frohlich's syndrome. എന്നതായിരുന്നു. പുരാതന കാലത്തെ കലാകാരന്മാർ കൊത്തിവെച്ച അദ്ദേഹത്തിന്റെ ചിത്രങ്ങൾ പഠിച്ചാണ് പണ് ഡിതന്മാർ ഈ അഭിപ്രായ പ്രകടനം നടത്തിയത്. സൃഷ്ടിപൂജ നടത്തിയിരുന്ന അമൻ ദേവാലയം ഭരണം ഏറ്റെടുത്ത് 5 വർഷത്തിനുള്ളിൽ അദ്ദേഹം തകർക്കുകയുണ്ടായി. 17 വർഷം ഭരിച്ച അഖിനേതന്റെ മരണശേഷം അധികാരമേറ്റ മരുമകൻ തുതൻഖാതൻ ഫറോവ തലസ്ഥാനം തീബ്സിലേക്ക് തന്നെ മാറ്റി പഴയ മതത്തിലേക്ക് തിരിച്ചുപോവുകയുണ്ടായി.

### ചരിത്രത്തോടുള്ള ഖുർആന്റെ സമീപനം

ഈജിപ്തിലെ ഇസ്റയേൽ വാസത്തിന്റെ ചരിത്രം പരാമർശിക്കുന്നതിന് മുമ്പായി ഖുർആന്റെ ചരിത്രത്തോടുള്ള സമീപനവും അതിന്റെ ചരിത്ര ദർശനവും നാം അറിയേണ്ടതുണ്ട്. പ്രത്യേകിച്ചും ബൈബിളിന്റെയും ഖുർആന്റെയും ചരിത്ര സമീപനങ്ങളിലുള്ള വ്യത്യാസം ചുരുക്കിവിവരിക്കാം. ഖുർആൻ ഒരു സവിശേഷ രീതിയിലാണ് ചരിത്രം അവതരിപ്പിക്കുന്നത്. മനുഷ്യനിർമ്മിതമായ അക്കാദമിക്ക് ചരിത്രങ്ങളിൽ കാണപ്പെടുന്നതുപോലെ അനുസ്യൂതത (Continuity) കലാനുക്രമം (Chronology) ചരിത്രഭൂമിശാസ്ത്രം (Historical Geography) എന്നിവ ഖുർആനിൽ കാണില്ല. എന്നാൽ ബൈബിളിൽ ചരിത്രം സാധാരണ അക്കാദമിക്ക് ചരിത്രം പോലെ കാലാനുക്രമം പുരോഗമിക്കുന്ന ഒരു കഥനരീതിയാണ് അവലംബിച്ചിരിക്കുന്നത്. ബൈബിൾ ചരിത്രം പറയുമ്പോൾ വംശാവലിയും ദേശ വിവരണവും വലിച്ചു നീട്ടി പറയുന്ന ഒരു പഴയ സാമ്പ്രദായിക ശൈലിയാണ് അവലംബിച്ചിരിക്കുന്നത്. ഖുർആൻ ഒരു ചരിത്രഗ്രന്ഥമല്ല. ഖുർആൻ അതിന്റെ മുഖ്യപ്രമേയത്തിന് ഉപോൽബലകമായ രീതിയിൽ തത്ത്വപ്രധാനമായിട്ടാണ് ചരിത്രം വിവരിക്കുന്നത്. വംശവിവരണവും ദേശീയതയും ഖുർആൻ തീർത്തും അവഗണിച്ചിരിക്കുന്നു. വംശീയ ഭരണം നിലനിർത്താനും ആധുനിക കാലത്തെ രാഷ്ട്രനിർമ്മാണത്തിനുവേണ്ടിയും എഴുതപ്പെട്ട ദേശീയ ചരിത്രങ്ങളുടെ താല്പര്യങ്ങളും ബലഹീനതയും ഖുർആനിലെ ചരിത്രത്തിനില്ല. അത് കൊണ്ട് ചരിത്ര വിവരണങ്ങളിൽ സാധാരണ കാണുന്ന വംശ വിവരണവും ഭൂമിശാസ്ത്രവും ഖുർആൻ പ്രതിപാദിക്കുന്നില്ല. ഭൂമിയിലധിഷ്ഠിതമായ ദേശീയ ചരിത്രം എന്ന നിലക്കല്ല മനുഷ്യന്റെ ആത്മീയോൽക്കർഷത്തിന്

നിദാനമായ മനുഷ്യകഥാനുഗാഥകൾ എന്ന നിലക്കാണ് സാർവജനീനവും സാർവദേശീയവുമായ ഖുർആൻ, ചരിത്രത്തെ സമീപിക്കുന്നത്. തത്വജ്ഞാനവും ചരിത്രവും ഊടും പാവും പോലെ സമിശ്രമായാണ് ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. ഖുർആൻ പറയുന്നു. ''*അവരുടെ ചരിത്രവിവരണങ്ങളിൽ ബുദ്ധിമാന്മാർക്ക് പാഠമുണ്ട്. ഇത് കെട്ടിച്ചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിനുമുമ്പുള്ളതിന്റെ സാക്ഷാത്ക്കാരവും എല്ലാ കാര്യങ്ങളുടെയും വിശദീകരണവും സത്യവിശ്വാസി*കൾക്ക് ഒരു മാർഗ്ഗ ദർശനവും കാരുണ്യവുമാണ്. (12:112)

ഖുർആൻ അതിന്റെ പ്രമേയത്തിനനുഗുണമായ സമ്പൂർണ ഗ്രന്ഥമാണെന്ന് സ്വയം പ്രഖ്യാപിക്കുന്നു. ചില ബൃഹദാകാരങ്ങളായ മതഗ്രന്ഥങ്ങൾ അവകാശപ്പെടുന്നതുപോലെ 'എല്ലാത്തിലുള്ളതും ഇതിലുണ്ട്. ഇതിലില്ലാത്തത് മറ്റൊന്നിലുമില്ല' എന്ന അവകാശവാദമൊന്നും ഖുർആൻ നടത്തുന്നില്ല. ദൈവദൂതന്മാരുടെ പല ചരിത്രങ്ങളും ഖുർആനിലില്ല എന്ന് ഖുർആൻ തന്നെ സമ്മതിക്കുന്നത് കാണുക: '*തീർച്ചയായും നിനക്ക് മുമ്പെ പല ദൂതന്മാരെയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിരിക്കുന്നു.* അവരിൽ ചിലരുടെ വിവരം ഞാൻ നിനക്ക് നൽകിയിട്ടില്ല. (40:79) - ഖുർആൻ വിട്ടുകളഞ്ഞ ചരിത്രങ്ങൾ മനുഷ്യനോടു പഠിച്ച് പൂരിപ്പിക്കാൻ നിരവധി സ്ഥലങ്ങളിൽ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്.

ബൈബിളിനെ പോലെ ചരിത്രം കാലാനുക്രമവും വിഷയാനുക്രമവും പ്രതിപാദിക്കുന്നില്ലെങ്കിലും ഖുർആനിലെ ഒരു കൊച്ചു പദം പോലും ചരിത്രഭൂമിയിലെ പുരാവസ്തുവിനെ പോലെ സത്യദീപ്തവും ചരിത്ര ഗർഭിതവുമായ മുത്തുമണികളാണ്. നിരവധി മാനങ്ങളിൽ പ്രകാശം പ്രസരിക്കുന്ന ഖുർആൻ വചനങ്ങൾ ഗവേഷകന്മാരുടെ അന്തർദൃഷ്ടിയും അന്വേഷണ വൈഭവവും പോലെ സത്യത്തിലേക്കു നയിക്കുന്നു.ഖുർആനിൽ കാണുന്ന ചരിത്ര പരാമർശങ്ങളെ മുഖ്യാധാരാ അക്കാദമിക്ക് ചരിത്രവുമായി ബന്ധിപ്പിക്കാൻ ഭൂമിയിൽ സഞ്ചരിച്ച് ചരിത്ര പഠനവും ഉത്ഖനനങ്ങളും നടത്തുവാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു. '*നിങ്ങൾക്ക് മുമ്പ് പല പ്രവർത്തന സമ്പ്രദായങ്ങളും കഴിഞ്ഞു കടന്നിട്ടുണ്ട്. അതിനാൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക. എന്നിട്ട് ആ സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക (3:138)*

*(തുടരും)* n

---

*(8-ാം പേജിൽ നിന്ന് തുടർച്ച)*

മായോ ആശയപരമായോ യാതൊരു പ്രചാരണവും നടത്തേണ്ട ആവശ്യമില്ല. അനിവാര്യമായും ഉണ്ടാവേണ്ട ശാസ്ത്രീയ സമാപ്തിക്ക് വിരുദ്ധമായി യാതൊന്നും സംഭവിക്കില്ലല്ലോ.

കമ്മ്യൂണിസം സ്വയം തന്നെ പ്രകൃതിയിലെ പരിണാമ നിയമം പോലെ ഒന്നാണെങ്കിൽ എത്ര ശക്തമായ ആശയങ്ങൾ കൂടിച്ചേർന്ന് പ്രതിരോധിച്ചാലും കമ്മ്യൂണിസത്തിന്റെ വരവിനെ തടയാൻ സാധ്യമാവില്ല. കമ്മ്യൂണിസത്തിനെതിരെ അവരെല്ലാം ഗൂഢാലോചന നടത്തിയാൽ പോലും അതിനെ തടയാൻ സാധ്യമല്ല. മാർക്സിസത്തിലെ മറ്റൊരു വൈരുദ്ധ്യമാണിത്. പ്രത്യക്ഷമായി അദ്ദേഹം ആശയവാദത്തിനു മേൽ വൈരുദ്ധ്യാത്മക ഭൗതിക വാദത്തിന്റെ അധീശത്വമുണ്ടെന്ന് വാദിക്കുന്നു. പക്ഷേ, പ്രായോഗിക തലത്തിൽ അത് യാഥാർത്ഥ്യമാവാൻ അദ്ദേഹം ആശയവാദത്തിന്റെ പ്രായോഗികതയിൽ പൂർണ്ണമായും അഭയം തേടുകയും ചെയ്യുന്നു.

ഈ ദർശനം തികച്ചും ശാസ്ത്രീയാടിസ്ഥാനത്തിലാണെങ്കിൽ സ്വാഭാവിക പരിണതി എന്ന നിലക്ക് കുറച്ചു പേരുടെ കൈകളിലൊതുങ്ങിയിരിക്കുന്ന സാമ്പത്തിക രാഷ്ട്രീയ അധികാരങ്ങൾ നിരവധി പേരുടെ കൈകളിലേക്ക് അനിവാര്യമായും മാറുന്ന പ്രക്രിയ ഉണ്ടാവേണ്ടതാണ്. മാർക്സും ലെനിനും ബോധപൂർവ്വം സൃഷ്ടിക്കുന്ന സാഹചര്യത്തിന്റെ അനിവാര്യത അതിന് ആവശ്യമില്ല. മാർക്സിന്റെ കാര്യത്തിൽ സംഭവിച്ചത് നോക്കുക. ഒരു പ്രതിഭാശാലിയുടെ എല്ലാ കഴിവുകളോടും കൂടി അദ്ദേഹം ജനിച്ചു. എന്നാൽ ഉന്നതനായ ധിഷണാശാലിയും പ്രബലനും സമ്പന്നനുമായ ഏൻഗൽസിനെ പോലെ ഒരാളുടെ പിന്തുണ ലഭിച്ചത് ഒരിക്കലും ദ്വന്ദാത്മക വൈരുദ്ധ്യവാദത്തിന്റെ ഫലമായിട്ടായിരുന്നില്ല.

മറ്റൊന്ന് തന്റെ സിദ്ധാന്ത പ്രകാരം സ്വന്തം രാജ്യമായ ജർമ്മനിയിൽ ഒരു തൊഴിലാളിവർഗ്ഗ വിപ്ലവം സംജാതമാക്കുന്നതിൽ മാർക്സ് പരാജയപ്പെട്ടു. ഒരു തൊഴിലാളി വർഗ്ഗവിപ്ലവം വരാൻ എല്ലാ ഘടകങ്ങളും ഉള്ള ഒരു മാതൃ കാ രാജ്യമായിരുന്നു ജർമ്മനി. എന്നി ട്ടും അത്തരത്തിലുള്ള ഒരു വിപ്ലവം ജർമ്മനിയിൽ കൊണ്ടുവരുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു. ഇതുതന്നെ സാമ്പത്തികവും രാഷ്ട്രീയവുമായി ലോകത്ത് ഒരു മാറ്റം കൊണ്ടുവരാൻ ദ്വന്ദാത്മക ഭൗതികവാദത്തിന് സാധ്യമല്ല എന്നതിന് മതിയായ തെളിവാണ്.

ജർമ്മനിയേക്കാൾ താരതമ്യേന വ്യവസായികമായി പിന്നോക്കം നിന്നിരുന്ന റഷ്യയിൽ സംഭവിച്ചത് ലെനിന്റെ വിജയമായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ റഷ്യൻ വിപ്ലവം തികച്ചും യാദൃശ്ചികമായിരു ന്നു. മാർക്സിസത്തിന്റെ നേരിട്ടുള്ള ഇടപെടൽ കൊണ്ടായിരുന്നില്ല. ജനമർദ്ദകപരവും, സ്വാർത്ഥകവും തിന്മ നിറഞ്ഞതുമായ സാറിന്റെ ഭരണത്തിനെതിരെയുള്ള ജനരോഷവും ഒന്നാം ലോക മഹായുദ്ധത്തിൽ നേരിട്ട റഷ്യയുടെ പരാജയവും കൂടിയുള്ള നിർണായകമായ ഒരു സന്ദർഭത്തിൽ ലെനിനെ പോലെയുള്ള ഒരാളുടെ ലഭ്യത റഷ്യൻ ചരിത്രത്തിന്റെ നിർഭാഗ്യങ്ങളിലൊന്നായിരുന്നു. ഈ സാഹചര്യം ലെനിന് അതിന്മേൽ ചാടിവീഴാനുള്ള അവസരമൊരുക്കി. n

ലേഖനം

# ഇതിഹാസമോ മതമോ?

ഫസ്ൽ അഹ്മദ്, യു.കെ.

**പ്രാദേശിക ഗോത്രമതങ്ങളും സാർവ്വത്രിക മതങ്ങളുമായി തീർച്ചയായും ബന്ധമുണ്ട്. ആ ബന്ധം മനസ്സിലാക്കണമെങ്കിൽ സൂക്ഷ്മമായ ഗവേഷണങ്ങളിലേർപ്പെടേണ്ടതുണ്ട്.**

***"എല്ലാ സമുദായത്തിലും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. 'നി ങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശ്ശക്തികളെ വർജിക്കുക! (എന്നായിരുന്നു അവരുടെ പ്രബോധനം). എന്നിട്ട്, അല്ലാഹു നേർമാർഗ്ഗത്തിൽ നയിച്ച ചിലർ അവരിലുണ്ടായിരുന്നു. അതിനാൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു (പ്രവാചകന്മാരെ) നിഷേധിച്ചവരുടെ പരിണാമം എന്തായിരുന്നുവെന്ന് നോക്കുക" (വി. ഖു. 16:37).***

ഐതിഹ്യം മതമായിത്തീർന്നതും മതം ഐതിഹ്യമായിത്തീർന്നതും എപ്പോഴാണ്? മുസ്‌ലിംകളുടെ മതഗ്രന്ഥമായ വിശുദ്ധ ഖുർആൻ മേൽസൂക്തത്തിലൂടെ വ്യക്തമായ ഒരു കല്പനയാണ് തദനുയായികൾക്ക് നൽകുന്നത്. ഭൂമിയിൽ സഞ്ചരിച്ച് എല്ലാ വർഗ്ഗങ്ങളുടെയും മതപരമായ വികസനത്തെ സംബന്ധിച്ച് പഠിക്കാൻ അത് ആഹ്വാനം ചെയ്യുന്നു. ഭൂമിയിലെ എല്ല ജനതകളിലും പ്രവാചകന്മാർ അയക്കപ്പെട്ടിരുന്നു എന്ന പ്രഖ്യാപനത്തോടെയാണ് അതാരംഭിക്കുന്നത്. അത്തരത്തിലുള്ള ഒരു പഠനം നടത്തുമ്പോൾ ഓരോ ഗോത്രത്തിന്റെയും വർഗ്ഗത്തിന്റെയും മതപരമായ വികസനത്തിൽ പ്രവാചകന്മാരുടെ സാന്നിധ്യം നാം കണ്ടെത്തണം. പ്രവാചകന്മാരോട് മോശമായി പെരുമാറിയതുകൊണ്ടും അവരെ നിരാകരിച്ചതുകൊണ്ടും ആ ഗോത്രങ്ങൾക്കുണ്ടായ ദൈവിക ശിക്ഷയുടെ സൂചനകളും നാം കണ്ടെത്തണം.

## സാർവത്രികമതവും പ്രാദേശിക മതവും

ചില സാർവത്രിക മതങ്ങൾ വളരെ ഗൗരവത്തോടെയാണ് പരിഗണിക്കപ്പെടുന്നത്, കാരണം അവയ്ക്ക് എഴുതപ്പെട്ട ഒരു ഗ്രന്ഥവും വലിയൊരനുയായിവൃന്ദവും രാഷ്ട്രീയാധികാരവുമുണ്ട്. മറിച്ച്, ചില വിശ്വാസങ്ങൾ ഐതിഹ്യത്തിന്റെ നിലവാരത്തിലുള്ളതാണ്. എന്തെന്നാൽ അവയുടെ അനുയായികളധികവും അവികസിതമോ വികസ്വരമോ ആയ രാജ്യങ്ങളിലുള്ളവരാണ്. അവ വാമൊഴിരൂപത്തിലാണ് പ്രചരിച്ചുകൊണ്ടിരിക്കുന്നത്, ലിഖിതരൂപത്തിലല്ല. പക്ഷെ, എത് വിശ്വാസമാണ് ദൈവിക മാർഗ്ഗദർശനം ലഭിച്ചത് ഏതാണ് അതല്ലാത്തത് എന്ന് തീരുമാനിക്കാനുള്ള യുക്തിപരമായ അടിസ്ഥാനമാണോ ഇത്? തീർച്ചയായും മേലുദ്ധരിച്ച ഖുർആനിക സൂക്തം വ്യക്തമായി നമ്മെ മനസ്സിലാക്കിത്തരുന്നത് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വർഗ്ഗങ്ങളിലും മതം പഠിപ്പിക്കപ്പെട്ടുവെന്നാണ്.

അതിനാൽ, ഈ അവകാശവാദത്തെ അനുകൂലിക്കുന്ന തെളിവ് അനാവരണം ചെയ്യാനുള്ള പഠനമാണ് നാം ആരംഭിക്കേണ്ടത്.

## സാർവത്രിക മതങ്ങൾ കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചിരുന്നോ?

നമുക്ക് ചില ഉദാഹരണങ്ങളെടുക്കാം. ക്രിസ്തുമതത്തിന്റെ ആദ്യകാലങ്ങളിൽ (ക്രിസ്തുവിന് ശേഷം - 300 വർഷത്തിനുള്ളിൽ) ക്രിസ്തുവിന്റെ ജീവിതത്തെ സംബന്ധിച്ചും പ്രവർത്തനങ്ങളെ സംബന്ധിച്ചും എഴുതപ്പെട്ട ഒരു വിവരണം നിലനിന്നിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ തണലിൽ രാഷ്ട്രീയവും ആഗോളവുമായ ശക്തിയിൽ ക്രി സ്തുമതം വളർന്നു. പിന്നെ യൂറോപ്യൻ കൊളോണിയൽ ശക്തിയുടെ ഭരണത്തിൻ കീഴിൽ അവരുടെ സന്ദേ ശം ലോകം മുഴുവൻ പ്രചരിച്ചു. ഇന്നു ക്രിസ്തുമതത്തിന് ലോക

വ്യാപകമായി ഏറ്റവും വലിയ അനുയായി വൃന്ദമുണ്ട്.

എന്നാൽ സിനോപ്റ്റിക് സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന പുതിയ നിയമത്തിന്റെ മൂന്ന് പുസ്തകങ്ങളും യോഹന്നാന്റെ സുവിശേഷ പുസ്തകവും നാം പരിശോധിച്ചാൽ യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ പ്രാഥമിക വ്യത്യാസങ്ങൾ നമുക്ക് കാണാൻ കഴിയും. ഇത് വളരെ പ്രാമാണികവും ഇവിടെ ഉൾക്കൊള്ളാൻ കഴിയാത്തത്ര വിശാലവുമായ ഒരു വിഷയമാണ്. ഇതിലെ പ്രധാന കാര്യമിതാണ്. ഈ നാലു വ്യക്തികളും സംഭവങ്ങളെ സംബന്ധിച്ച് തങ്ങളുടെ ഭാഷ്യം അവതരിപ്പിക്കുകയും തങ്ങളുടെ സമുദായങ്ങളിൽ അത് വാമൊഴിയായി പ്രചരിപ്പിക്കുകയും ചെയ്തു. അവസാനമായി ഏടുകളിൽ പകർത്തുകയും ചെയ്തു. അതിനാൽ, അവയിൽ ഉണ്ടായ വ്യത്യാസങ്ങളെക്കുറിച്ച് അത്ഭുതപ്പെടേണ്ടതില്ല. വ്യത്യാസങ്ങളുണ്ടെങ്കിലും ശ്രദ്ധേയമായത് യേശുവിന്റെ സ്വഭാവത്തിന്റെയും അദ്ധ്യാപനങ്ങളുടെയും ശക്തിയാണ്. അത് ഇന്നും ബൈബിളിൽ തിളങ്ങി നില്ക്കുന്നു. എന്നിരിക്കിലും ബൈബിൾ ദൈവത്തിൽ നിന്നുള്ള അപ്രമാദമായ സത്യമാണെന്നും ദൈവിക വെളിപാടാണെന്നും വാദിക്കുകയാണെങ്കിൽ ഈ കൃത്യതയില്ലായ്മകൾ കാലക്രമേണ വന്നുചേർന്നതാണെന്ന് പറയേണ്ടി വരും. അല്ലാത്തപക്ഷം ദൈവിക വെളിപാടാണെന്ന അവകാശവാദം സത്യമാവാൻ നിവൃത്തിയില്ല. നൂറ്റാണ്ടുകളിലൂടെ ബൈബിളിൽ മാറ്റം വന്നിട്ടുണ്ടെന്ന് ക്രിസ്ത്യൻ വ്യാഖ്യാതാക്കൾ തന്നെ സമ്മതിക്കുന്നു. ഈജിപ്തിലെ കോഡക്സ് സീനയാറ്റീക്സ് പോലെയുള്ള അടുത്തകാലത്തെ കണ്ടുപിടിത്തങ്ങൾ കാണിക്കുന്നത് ക്രിസ്ത്വബ്ദം നാലാം നൂറ്റാണ്ടുമുതൽക്കുതന്നെ ബൈബിൾ പ്രതികളിൽ നിന്ന് നീക്കം ചെയ്യപ്പെട്ടതോ കൂട്ടിച്ചേർക്കപ്പെട്ടതോ ആയ വാക്യങ്ങൾ ഉണ്ടെന്നാണ്.

ഹിന്ദുമതത്തിന് കോടിക്കണക്കിന് അനുയായികളുണ്ട്. ഇന്ത്യൻ സംസ്ക്കാരത്തെ ആധാരമാക്കി പുരാതനകാലത്ത് ഒരു പ്രത്യേക ഘട്ടത്തിൽ ഹദ്റത്ത് ശ്രീകൃഷ്ണനെ (അ)യും മറ്റുള്ളവരെയും ചുറ്റിപ്പറ്റി ഒരു ഐതിഹ്യം തന്നെ കെട്ടിപ്പടുത്തിട്ടുണ്ട്. ഈ പാരമ്പര്യം അവരുടെ വിശുദ്ധ ഗ്രന്ഥമായ ഭഗവത് ഗീതയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതൊരു ചരിത്രഗ്രന്ഥമെന്ന നിലയിൽ ഉപയോഗിക്കുക എളുപ്പമല്ല. ഇതിലുപയോഗിക്കപ്പെട്ട ഭാഷ പലപ്പോഴും പ്രതീകാത്മകമാണ്. അക്ഷരാർത്ഥത്തിലുള്ളതല്ല. എന്നിട്ടും ഇതിൽ നിന്നും വിശ്വാസത്തിന്റെ ബോധം നിർഗ്ഗളിക്കുന്നു.

ജൂതമതത്തിനും തൗറാത്ത് എന്ന പേരിൽ ഒരു ഗ്രന്ഥമുണ്ട്. തൌറാത്ത് (അഥവാ തൌറാത്തിന്റെ പരിഭാഷ) 12 ഹിബ്രു ഗോത്രങ്ങൾക്ക് വേണ്ടി ദൈവിക വെളിപാടായി മോശേക്ക് (അ) ഇറങ്ങിയതാണെന്നു അവർ അവകാശപ്പെടുന്നു. എന്നിട്ടും അതിൽ വിവരിക്കപ്പെട്ട സംഭവങ്ങളിൽ മോശേയുടെ മരണവും ഉൾപ്പെടുന്നു. അത് അദ്ദേഹത്തിന് വെളിപാടിറങ്ങിയതാണെന്ന് വിചാരിക്കാവതല്ല. യഥാർത്ഥത്തിൽ തൌറാത്തിനും പുതിയ നിയമത്തിന്റെ അതേ അവസ്ഥ തന്നെയായിരുന്നു. വാചികമായിട്ടായിരുന്നു അതും പ്രചരിപ്പിക്കപ്പെട്ടിരുന്നത്. ചിതറിപ്പോയതിനുശേഷം അതും (ഡയസ്പോറ) കടലാസ്സിലാക്കപ്പെട്ടു. (ബാബിലോണിയക്കാരും റോമക്കാരും പലസ്തീൻ ആക്രമിച്ചപ്പോൾ മദ്ധ്യ പൗരസ്ത്യദേശത്തെ ജൂതന്മാർ ചിതറിപ്പോയതിനെയാണ് 'ഡയസ്പോറ' എന്നു പറയുന്നത്). ഭാവിതലമുറകൾക്ക് നഷ്ടപ്പെടാതിരിക്കാൻ തൌറാത്തിന്റെ ഉള്ളടക്കം എഴുതിസൂക്ഷിക്കേണ്ടി വന്നു. ആഴത്തിൽ പഠിച്ചാൽ തൗറാത്തിലും പ്രവാചകന്മാരുടെ കഥകളിലും വൈരുദ്ധ്യങ്ങൾ കാണാവുന്നതാണ്. ഇതിന്റെ അർത്ഥം തൌറാത്തും കൃത്യതയില്ലാത്തതും പിഴവുകൾ പറ്റിയതുമാണെന്നാണ്. അല്ലെങ്കിൽ അതിലെ കഥയിലെ മൂലഘടകങ്ങൾ കാലപ്പഴക്കത്താൽ മനുഷ്യകരങ്ങൾ വികൃതമാക്കിയതാവണം.

ഈ സംഗതികളിലെല്ലാം, വൈദികമതം ചില വശങ്ങളിൽ വികൃതമാക്കപ്പെട്ടിട്ടുണ്ടെന്ന് വാദിക്കാവുന്നതാണ്. അതിപ്പോൾ ഒരു ഇതിഹാസം പോലെയായിരിക്കുന്നു. എന്നാൽ മുഖ്യമായ വിശ്വാസങ്ങൾക്ക് ഇപ്പോഴും പൊരുത്തമുള്ളതായി തോന്നും.

യേശു(അ) തന്നെ കുറിച്ച് യഥാർത്ഥ വീഞ്ഞെന്ന് വിവരിച്ചിരിക്കുന്നു (യോഹന്നാൻ 15:1) അഥവാ തന്റെ ശരീരം അപ്പം പോലെയാണെന്ന് പറഞ്ഞിരിക്കുന്നു. (1 കൊരിന്ത്യർ 11:24) എന്നാൽ വ്യക്തമായും ശാരീരികമായി യേശുവിന്റെ അവസ്ഥ അതായിരുന്നില്ല. കൃഷ്ണന് (അ) ചിറകുകൾ ഉള്ളതായി വിവരിക്കപ്പെട്ടിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ചിറകുണ്ടായിരുന്നില്ല എന്നതാണല്ലോ സത്യം. ഇതെല്ലാം മതപരമായ അലങ്കാരോക്തികളായിരുന്നു. അതിന്റെ അർത്ഥം പ്രവാചകരിലൂടെ പ്രദർശിപ്പിക്കപ്പെട്ട ദൈവിക സംരക്ഷണത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങളായിരുന്നു.

## ഇതിഹാസങ്ങളും ദൈവികസത്യങ്ങളും

ലോകത്തിന് ചുറ്റും പ്രാദേശിക മതം കൈക്കൊണ്ട വിവിധ സംസ്കാരങ്ങൾ അങ്ങേയറ്റത്തെ എതിർദിശകളിലാണ്. ഇവയിൽ ബഹുഭൂരിപക്ഷത്തിലും അവയുടെ അദ്ധ്യാപനങ്ങളുമായി ബന്ധപ്പെട്ട ഒരു നിശ്ചിതസമയമോ പ്രവാചകന്മാരെയോ ചൂണ്ടിക്കാണിക്കുക ദുഷ്ക്കരമാണ്. അബോറിജിനുകൾ, അമേരിക്കൻ ഇന്ത്യക്കാർ, യോറുബ, സ്കാൻഡിനോവുകാർ, ഇൻകാസ് എന്നിവരും മറ്റുള്ളവരും സ്രഷ്ടാവിനെ സംബന്ധിച്ചും, പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനത്തെക്കുറിച്ചും മരണാനന്തരജീവിതത്തെക്കുറിച്ചും മഹാപ്രളയകഥയെക്കുറിച്ചും വളരെ ശക്തമായ വിശ്വാസം വെച്ചുപുലർത്തിയിരുന്നു, വെച്ചുപുലർത്തുന്നുമുണ്ട്. നൂഹു(അ)മായി ബന്ധപ്പെട്ട ആഗോളമതങ്ങളിൽ കാ

ണുന്ന സംഭവങ്ങൾക്ക് സമാനമായ ജലപ്രളയ കഥയും അവരുടെ അദ്ധ്യാപനങ്ങളിൽ കാണാൻ കഴിയും. ഈ കഥകളെയും വിശ്വാസങ്ങളെയും ഇതിഹാസമെന്നേ വിളിക്കാനൊക്കൂ. എന്നാൽ സാമ്പ്രദായിക മതത്തിന്റെ അടിസ്ഥാന തത്വങ്ങളുമായി അവ യോജിക്കുന്നില്ല. ആ അടിസ്ഥാനതത്വങ്ങൾ ഇവയാണ്.

* ഒരു നിശ്ചിത ജനവർഗ്ഗത്തിന് നിയോഗിക്കപ്പെട്ട പേരുള്ള അറിയപ്പെട്ട ഒരു പ്രവാചകൻ.
* ഒരു നിശ്ചിത സമയത്തേക്കും ജനതക്കുമുള്ള സന്ദേശം.
* ദൈവിക സന്ദേശമടങ്ങുന്ന ഒരു ഗ്രന്ഥം.
* മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ധാരണയും ആത്മാവിന്റെ സ്ഥാനവും.

ഗോത്രവർഗ്ഗക്കാരുടെ വിശ്വാസങ്ങൾ 'സാർവത്രികമതങ്ങൾക്ക്' എതിരാണെന്ന് നമുക്ക് ന്യായമായും വാദിക്കാവുന്നതാണ്. എന്തെന്നാൽ അവക്ക് യഥാർത്ഥ വിശ്വാസത്തിന്റെ ലിഖിത രൂപം ഇല്ല. എന്നാൽ ചിലതിന്റെ കാര്യത്തിൽ നമുക്ക് ഇപ്പോൾ ലഭ്യമായ വാചികപാരമ്പര്യങ്ങളിൽ സൂചനകൾ സമാഹരിച്ച് മൂലമതത്തിന്റെ വീക്ഷണം നിരൂപിച്ചെടുക്കാൻ സാധിക്കും. മീർഷ്യ ഇല്ല്യാഡ്, ജോസഫ് കാബെൽ എന്നിവർ ഈ വിഷയത്തിൽ അവരുടെ കാലത്ത് ധാരാളം ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മിത്തുകളും വിശ്വാസങ്ങളും എതിർക്കപ്പെടേണ്ട ഏറ്റവും ആവശ്യമായ സന്ദർഭത്തിലും ആത്മീയ പതനത്തിന്റെ അവസരത്തിലുമായിരുന്നു പ്രവാചകന്മാർ ആഗതരായത് എന്നതാണ് അവരുടെ ആവിർഭാവത്തിന്റെ സവിശേഷത. ഇത് സ്വന്തം ജനതക്കിടയിൽ അവർക്ക് എതിർപ്പിന് കാരണമായി. ഇതേ അടയാളങ്ങൾ മറ്റു പ്രവാചകവാദികളുടെ കാര്യത്തിലും നാം നോക്കേണ്ടതാണ്.

കൾട്ട് വിശ്വാസത്തിന്നും (ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള മതവിശ്വാസം) അല്ലെങ്കിൽ പ്രായോഗിക വിശ്വാസത്തിനും വിശ്വമതത്തിന്നുമിടയിൽ അവ്യക്തമായ ഇരുണ്ട മേഖലയാണ് ഇന്ന് കാണപ്പെടുന്നത്. പ്രസ്തുത മതവിശ്വാസങ്ങൾ കാലക്രമേണ വികൃതമായിട്ടുണ്ടെങ്കിലും അതിന്റെ മൂലസ്രോതസ്സുമായി അഥവാ വിശ്വമതവുമായുള്ള ബന്ധം സ്ഥാപിക്കുന്ന ചില സൂചനകൾ ലഭ്യമാണ്. ഇന്നത്തെ ഹിന്ദുമത്തിലെ മനുഷ്യനിർമ്മിത ആൾദൈവങ്ങൾക്കും രണ്ടായിരം വർഷങ്ങൾക്ക് മുമ്പുള്ള ഗ്രീക്ക് റോമൻ ആരാധനാമൂർത്തികൾക്കും തമ്മിൽ വ്യത്യാസമുണ്ടായത് എന്തുകൊണ്ടാണ്? അവർ ക്കും ഒരു പരിഷ്കൃതമായ ഒരു സംസ്കാരമുണ്ടായിരുന്നു. ഇന്നത്തെപ്പോലെ അവരും കലകളിലും ശാസ്ത്രങ്ങളിലും മികവു കാട്ടിയിരുന്നു.

മതവും ഇതിഹാസവും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത വിധം അവ്യക്തമായ മറ്റു മതങ്ങളുണ്ട്. അതിനുദാഹരണമാണ് പുരാതന ഈജിപ്തുകാർ. അവർക്ക് ശക്തമായ ഒരു മതവ്യക്തിത്വം ഉണ്ടായിരുന്നു. ഇപ്പോൾ അവരുടെ ഒരു പ്രവാചകനെയോ പ്രവാചകപരമ്പരയെയോ എടുത്തു കാട്ടാൻ സാധ്യമല്ലെങ്കിലും ഒരു പുരാതന ഈജിപ്ഷ്യൻ ബൈബിൾ ഇല്ലെങ്കിലും ഈ പുരാതന ജനതയുടെ വിശ്വാസങ്ങളിലേക്ക് വെളിച്ചം വീശുന്ന ചില സൂചനകൾ ക്ഷേത്രങ്ങൾ, ചിത്രലിപി, കഥാരൂപങ്ങൾ എന്നിവയിൽ നിന്ന് ലഭ്യമാണ്. അവരുടെ 'മരണപ്പെട്ടവരുടെ ഗ്രന്ഥം' മതഗ്രന്ഥമായി കാണാൻ പറ്റു മോ? വിധിന്യായദിവസത്തെക്കുറിച്ചുള്ള ധാരണക്ക് സമാനമായ ഒരു രംഗമാണ് ഈ ഗ്രന്ഥം വിവരിക്കുന്നത്. അവരുടെ കാലത്തെ അവരുടെ വിശ്വാസത്തെ മതത്തിൽ കുറഞ്ഞ എന്തെങ്കിലുമായി കാണുന്നത് അഹങ്കാരമായിരിക്കും. അതിൽ പ്രതിപാദിക്കപ്പെട്ട ഈജിപ്ഷ്യൻ മതത്തിന്റെ ഭാഷ്യം നൂറുക്കണക്കിന് വർഷങ്ങൾക്ക് ശേഷം മോശെയുടെ കാലത്ത് അനുഷ്ഠിക്കപ്പെട്ട മതത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു.

ദൈവത്തെയും ദൈവനിയുക്തരായ ദൂതന്മാരെയും നിരാകരിച്ച സമുദായങ്ങൾ എങ്ങനെയാണ് നിശ്ശേഷം നശിപ്പിക്കപ്പെട്ടതെന്ന് ഖുർആൻ വിവരിക്കുന്നു. ഇവിടെയും, ശാസ്ത്രജ്ഞന്മാരും പുരാവസ്തു ഗവേഷകന്മാരും നൂഹിന്റെയും (അ) സോഡേമിന്റെയും ഗൊമോറയുടെയും ആദ് ഗോത്രത്തിന്റെ മറ്റ് നിരവധി ആളുകളുടെയും അവശിഷ്ടങ്ങൾ ഖനനം ചെയ്യാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഇന്നത്തെ വിശ്വാസങ്ങൾ രണ്ടായിരം വർഷക്കാലംകൊണ്ട് മനുഷ്യൻ എന്താക്കിത്തീർക്കും എന്നതാണ് ഗൗരവാവഹമായി എന്നെ മഥിക്കുന്ന ചിന്ത. ലണ്ടനിലെയും ന്യൂയോർക്കിലെയും കെട്ടിടാവശിഷ്ടങ്ങൾ ഉൽഖനനം നടത്തി ഇവ രണ്ടുമാണ് ലോകത്തിലെ പ്രമുഖ ജനവാസകേന്ദ്രങ്ങളെന്നും അതിനാൽ അവ തന്നെ ആഗോളമതത്തിന്റെ 2005-ലെ രണ്ടു കേന്ദ്രങ്ങളായിരിക്കണമെന്നും അവർ അഭിപ്രായപ്പെടുമോ? അവർ അനാവരണം ചെയ്യുന്ന തെളിവ് താഴെ പറയുന്ന കാര്യങ്ങൾ വിശ്വസിക്കാൻ നമ്മെ നയിക്കുമോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു.

* ആകാശത്തു നിന്നുള്ള ഒരു സന്ദേശം സെപ്തംബർ 11-ാംനു ന്യൂയോർക്കിലെത്തി. അതിനുശേഷം ഈ തീയതി ലോക കലണ്ടറിൽ പവിത്രമായിത്തീർന്നു.

* വളരെയധികം ആരാധിക്കപ്പെട്ട പ്രാദേശിക ദേവന്മാരിൽ ഒരു ആഗോള ഗായികയും ഫുട്ബോൾ കളിക്കാരനായ ഒരു പുരുഷ സ്പോർട്സ് താരവും ഉൾപ്പെടുന്നു.

* ഗായിക തന്റെ അനുയായികൾക്ക് വേണ്ടി കവിതകൾ എഴുതി. കൂട്ടായ പ്രാർത്ഥനാപരിപാടികളിൽ അവരത് പാടി.

* പുരുഷൻ പതിവായി മാലാഖമാരായ അപ്പോളൊയെയും സോയൂസിനെയും സന്ദർശിച്ചു.

ഇതെല്ലാം ജുഗുപ്സാവഹമായി തോന്നാം. പക്ഷേ, പുരാവസ്തു ഗവേഷകന്മാർ സത്യം തിരിച്ചറിയാൻ ഇന്ന് തെളിവുകൾ ചേർക്കുന്നവിധം നോ ക്കുക. ആധുനിക സംസ്കാരത്തിന്റെ എല്ലാ തെളിവുകളും യുദ്ധം

അതേപ്രകാരം വിവിധ ആഫ്രിക്കൻ ഗോത്രങ്ങൾ, അബോറിജിനുകൾ, മോറിസ്, അമേരിക്കൻ ഇന്ത്യൻ, അസ്ടെക്സ്, ഇൻകാസ്, ഈജിപ്തുകാർ മുതലായവരെക്കുറിച്ചുള്ള പഠനത്തിൽ നിന്നും ധാർമ്മികതയുടെ ശകലങ്ങളും കുടുംബത്തോടുള്ള സ്നേഹവും സൃഷ്ടികളെക്കുറിച്ചുള്ള ധാരണയും മരണാനന്തരജീവിതത്തെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കും. വ്യത്യസ്തമാണെങ്കിലും അവരുടെ വീക്ഷണങ്ങൾക്ക് നമ്മുടേതുമായി അത്ഭുതാവഹമായ സമാനതയുള്ളതായി കാണാം.

അതിനാൽ, വിശുദ്ധ ഖുർആനിൽ പ്രത്യേകിച്ച് പേരെടുത്തു പറഞ്ഞിട്ടില്ലാത്ത മറ്റു ദൈവദൂതന്മാരെ നാം തേടുമ്പോൾ നാം പ്രത്യേകമായ സവിശേഷതകൾ കണ്ടെത്താൻ ശ്രമിക്കണം. ഈ വഴികാട്ടികൾ വന്നിട്ടുള്ളത് അവരുടെ ജനതകളെ പ്രീണിപ്പിക്കാനല്ല, അവരിൽ പരിഷ്കരണം ഏർപ്പെടുത്തുവാനാണ്. അവർ ഒരിക്കലും മറ്റുള്ള പ്രവാചകന്മാരെ അപകീർത്തിപ്പെടുത്തുകയില്ല. അവർ ഏകദൈവസിദ്ധാന്തത്തിൽ നിന്നും വ്യതിചലിക്കുകയുമില്ല. അവർ തങ്ങളുടെ ജനതയിൽ നിന്നും എതിർപ്പുകൾ നേരിട്ടിട്ടുണ്ടാകും. എന്നാൽ അവരുടെ അനുയായികൾക്കിടയിൽ ഒരു പരിവർത്തനവും വരുത്തിയിട്ടുണ്ടാകും. അഖിനേതൻ പോലെയുള്ളവരുടെ ഉദാഹരണങ്ങളുമുണ്ട്. ഈജിപ്തിലെ ഫറോവ ആയിരുന്നു അദ്ദേഹം. തന്റെ മുൻഗാമികളുടെ ബഹുദൈവവിശ്വാസത്തെ എതിർക്കുകയും ഏകദൈവത്തെ ആരാധിക്കുവാൻ തന്റെ ജനതയെ ഉപദേശിക്കുകയും ചെയ്തു. അദ്ദേഹം ഈജിപ്തിൽ തന്റെ സ്ഥാനമുറപ്പിക്കാൻ രാഷ്ട്രീയ ദൗത്യവുമായി വന്ന ഒരേകാകിയായിരുന്നുവെന്നോ, ഈജിപ്ഷ്യൻ മതത്തെ മലിനമാക്കിയിരുന്ന ഇതിഹാസത്തെയും ബഹുദൈവവിശ്വാസത്തെയും തുടച്ചു നീക്കിയ ഒരു വിപ്ലവകാരിയായ ദൂതനായിരുന്നോ എന്നോ ഉറപ്പിച്ചു പറയാൻ വിവരങ്ങളുടെ ദൗർലഭ്യം കാരണം പ്രയാസകരമാണ്.

പ്പെട്ട ആയിരക്കണക്കിന് പ്രവാചകന്മാരുണ്ടായിരുന്നു. എന്നാൽ കുറച്ചുപേരെക്കുറിച്ചുമാത്രമേ അറിയുന്നുള്ളൂ. ദൈവികമായി മാർഗ്ഗദർശനം ലഭിച്ച പ്രവാചകനോ ഗ്രന്ഥമോ മുന്നിൽ നിൽക്കുന്നു എന്നതാണ് സത്യം. ഇന്ന് കാണുന്ന വിവിധ ഗ്രന്ഥങ്ങളിൽ കണിശതയില്ലായ്മയുണ്ടെങ്കിലും മഹാപ്രവാചകന്മാരായ അബ്രഹാം(അ) നൂഹ് (അ) മോശെ (അ) യേശു (അ) ശ്രീകൃഷ്ണൻ (അ) മുഹമ്മദ് (സ) എന്നിവരുടെ വിശ്വാസങ്ങളും ധാർമ്മികതയും ധീരമായ പ്രവർത്തനങ്ങളും സജീവ മാർഗ്ഗദർശനമായി നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു. നൂറുശതമാനം ആധികാരികത അവകാശപ്പെടുന്ന ഏകഗ്രന്ഥം വിശുദ്ധ ഖുർആനാണ്. അതിന്റെ മൂലരൂപം കാലത്തെ അതിജീവിച്ചുകൊണ്ട് നിലനിൽക്കുന്നുവെന്നതിന് നിരവധി തെളിവുകളുണ്ട്. അനുയോജ്യമായ വിശ്വാസരീതിയുള്ള മറ്റുള്ള പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങൾ കൈക്കൊള്ളാൻ ഇസ്‌ലാമിന്റെ അനുയായികൾക്ക് എളുപ്പത്തിൽ സാധിക്കും. ഒരൊറ്റ ദൈവം ഉണ്ടാവാനേ നിവൃത്തിയുള്ളൂ. നിരവധി ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവർ പരസ്പരം മത്സരിക്കുകയും ഇത് പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ പ്രതിഫലിക്കുകയും ചെയ്യുമായിരുന്നു. ഒരു ദൈവമാണുള്ളതെങ്കിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സൃഷ്ടികൾക്ക് വ്യത്യസ്തരൂപങ്ങളിൽ സന്ദേശമയക്കാൻ അവന് എളുപ്പത്തിൽ സാധിക്കും; പക്ഷേ, സന്ദേശത്തിന്റെ മൂലരൂപം പരസ്പരം അനുയോജ്യമായിരിക്കും.

ലോകമഹാമതങ്ങളെ സംബന്ധിച്ചേടത്തോളം ഇത് സത്യമായിരിക്കെ, കൺഫ്യൂഷ്യസ് (അ) സൊറാഷ്ട്രർ (അ) എന്നിവരുടെ അദ്ധ്യാപനങ്ങളിലും ദൈവികജ്ഞാനം കണ്ടെത്താൻ സാധിക്കും, അതേപോലെത്തന്നെ യോനാ, സാലിഹ്(അ) എന്നിവരുടെ ഒരുപക്ഷേ, സോക്രട്ടീസി(അ)ന്റെ പ്രവൃത്തികളിലും ദൈവിക ജ്ഞാനം കണ്ടെത്താൻ സാധിക്കും.

നശിപ്പിച്ചു കളഞ്ഞശേഷം അവയെക്കുറിച്ചു ഗവേഷണം നടത്തുക 23-ാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം എത്രമാത്രം ബുദ്ധിപൂർവ്വകമായിരിക്കുമെന്ന് ആലോചിച്ചുനോക്കുക. നമുക്ക് ധാരാളം പ്രമാണപരമായ തെളിവുകൾ ഇന്നുണ്ടെന്നതാണ് ഏക വ്യത്യാസം. ഈ പുരാവസ്തുക്കളിൽ ചിലതെങ്കിലും അവർക്ക് ലഭ്യമായിരിക്കില്ലെന്നത് തീരെ സാധ്യതയില്ലാത്തതാണ്.

### അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ ദൂതന്മാർ

ബൈബിളിലെയും ഖുർആനിലെയും അറിയപ്പെടുന്ന പ്രവാചകന്മാരെ മാത്രം പരാമർശിച്ചുകൊണ്ട് അവർക്ക് മാത്രമേ ദൈവികമായ ഉൽപ്പത്തിയുടെ സമ്പൂർണ്ണമായ അവകാശമുള്ളൂ എന്ന് നമുക്ക് അവകാശപ്പെട്ടുകൂടാ. വിശുദ്ധ ഖുർആൻ സ്വയം വിവരിക്കുന്നു:

*നാം നിനക്ക് ഇതിനുമുമ്പ് വിവരം നൽകിയിട്ടുള്ള ചില ദൈവദൂതന്മാരെയും നാം നിനക്ക് വിവരം നൽകിയിട്ടില്ലാത്ത ചില ദൂതന്മാരെയും (നിയോഗിച്ചിട്ടുണ്ട്). (വി.ഖു. 4:165)*

*തീർച്ചയായും, സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സത്യസമേതം നാം നിന്നെ അയച്ചിരിക്കുന്നു. ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവും ഇല്ല. ഇവർ നിന്നെ നിഷേധിക്കുന്നുവെങ്കിൽ ഇവർക്ക് മുമ്പേ കഴിഞ്ഞുപോയവരും തീർച്ചയായും (പ്രവാചകന്മാരെ) നിഷേധിച്ചിട്ടുണ്ട്. അവരുടെ ദൂതന്മാർ വ്യക്തമായ ദൃഷ്ടാന്തങ്ങളും ദൈവികാദ്ധ്യാപനങ്ങളും പ്രകാശം നൽകുന്ന ഗ്രന്ഥവും കൊണ്ട് അവരുടെയടുക്കൽ ചെന്നിരുന്നു. (വി.ഖു. 35: 25, 26).*

നാം വിശദമായി അറിയാത്ത നിരവധി പ്രവാചകന്മാർ ഉണ്ട് എന്നാണ് ഈ ഖുർആൻ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. അബ്രഹാമി(അ) ന്റെ പരമ്പരയിൽ നിരവധി ജൂഡോ-ക്രിസ്ത്യൻ പ്രവാചകന്മാരുണ്ടായിരുന്നു. മനുഷ്യകുലത്തിന്നായി അയക്ക

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ഗോത്രങ്ങളിൽ സമാനസ്വഭാവമുള്ളവർ ഉണ്ടായിട്ടുണ്ട്.

## വികസനത്തിന്റെ ഘട്ടങ്ങൾ

വിവിധ ഘട്ടങ്ങളിലുള്ള എല്ലാ വർഗ്ഗങ്ങളും ഉന്നതമായ മതപരമായ സന്ദേശം സ്വീകരിക്കാൻ തക്ക പരിഷ്കൃതരായിരുന്നില്ല. ഏറ്റവും വിപുലമായ നിലയിൽ സ്വീകരിക്കപ്പെട്ട പ്രവാചകന്മാർക്കിടയിലും മതത്തിന്റെ ഒരു മുന്നേറ്റം ഉണ്ടായിരുന്നു. മൃഗങ്ങളേയും നക്ഷത്രങ്ങളെയും ആരാധിച്ചിരുന്ന ഒരു ജനതക്ക് ഇസ്ലാമിന്റെ വിശദാംശങ്ങൾ അബ്രഹാം (അ) പ്രബോധിച്ചിരുന്നുങ്കെിലും അവർക്കത് മനസ്സിലാക്കാൻ പ്രയാസമായിരുന്നു.

പകരം നാം കണ്ടെത്തുന്നത് ഒരു ആത്മീയയാത്രയാണ്. മനുഷ്യരിൽ ദൈവത്തെക്കുറിച്ചും അവന്റെ പ്രകൃതിയെക്കുറിച്ചുമുള്ള വിശ്വാസം അങ്കുരിപ്പിക്കാൻ ശ്രമിച്ച ആദ്യകാല പ്രവാചകന്മാർ മുതൽ എല്ലാവിധ വ്യക്തതയോടും വിശദീകരണത്തോടുംകൂടിയുള്ള അന്തിമനിയമസംഹിതയായ വിശുദ്ധ ഖുർആൻവരെ, നമുക്ക് ദൈവത്തെയും അവന്റെ നിയമത്തെയും മനസ്സിലാക്കാൻ കഴിയുന്നതിനനുസരിച്ച് ക്രമാനുസൃതമായ വികസനമുണ്ട്.

മറ്റു പ്രവാചകന്മാരും തങ്ങളുടെ അധ്യാപനങ്ങൾ ആത്മീയ പുരോഗതിയുടെ പരമ്പരയിലുള്ളതാണെന്ന് സമ്മതിക്കുന്നു. ഉദാഹരണം.

### കൺഫ്യൂഷനിസം

ഞാൻ സ്വന്തമായി ഒന്നും ഉണ്ടാക്കാതെ എനിക്ക് പഠിപ്പിക്കപ്പെട്ടതാണ് നിങ്ങൾക്ക് നൽകിയിട്ടുള്ളത്. ഞാൻ പൂർവ്വികരോട് വിശ്വസ്തതയുള്ളവനും അവരെ സ്നേഹിക്കുന്നവനുമാണ്. (അനാലെക്ട് 7:1)

### ജൈനമതം

പ്രത്യക്ഷപ്പെട്ട 23 തീർത്ഥങ്കരന്മാരിൽ ആദരണീയനായ മഹാവീരനാണ് അവസാനത്തെ തീർത്ഥങ്കരൻ (കല്പസൂത്ര 2)

### ബുദ്ധമതം

മുൻകാലങ്ങളിൽ ശരിയായ നിലയിൽ പ്രബുദ്ധരായവർ നടന്നുവന്നിട്ടുള്ള ഒരു പാത, വഴി ഞാൻ കണ്ടിട്ടുണ്ട്. (സംയുക്ത നികായ ii 106)

### ഹിന്ദുമതം

എപ്പോഴെല്ലാം ധർമ്മം ക്ഷയിക്കുകയും ജീവിതോദ്ദേശ്യം വിസ്മരിക്കപ്പെടുകയും ചെയ്യുന്നുവോ അപ്പോഴെല്ലാം ഞാൻ ഭൂമിയിൽ വെളിപ്പെടുന്നതാണ്. നന്മയെ സംരക്ഷിക്കാനും തിന്മയെ വിപാടനം ചെയ്യുവാനും ധർമ്മം പുനഃസ്ഥാപിക്കാനും ഞാൻ ഓരോ യുഗത്തിലും ജന്മമെടുക്കും.

(ഭഗവത്ഗീത 4: 7-8)

### ക്രിസ്തുമതം

എനിക്ക് ഇനിയും നിങ്ങളോട് നിരവധികാര്യങ്ങൾ പറയാനുണ്ട്. പക്ഷേ, നിങ്ങൾക്കതിപ്പോൾ വഹിപ്പാൻ സാധ്യമല്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും.

(യോഹന്നാൻ 16:12-13)

ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്നെടുത്ത, മേൽക്കാണിച്ച എല്ലാം ദൂതന്മാരുടെ തുടർച്ചയാണു ചൂണ്ടിക്കാണിക്കുന്നത്. അത് കാലാന്തരത്തിലുണ്ടായ സന്ദേശ പരിണാമമാണ്.

ചരിത്രം പിന്നിട്ടുപോയ അവശിഷ്ടങ്ങൾ നോക്കിയാൽപ്പോലും ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങളുണ്ട്. സ്റ്റോൻഹെറെഞ്ച്, ഗിസ്, പോംപി, ടോട്ടിഹൂക്കൻ, ആങ്കർവഹറ്, പെട്ര എന്നിവിടങ്ങളിലെ കെട്ടിടങ്ങളിൽ എന്നെങ്കിലും സത്യത്തിൽ മതപരമായ ഘടകം ഉണ്ടായിരുന്നോ? സ്റ്റോൻഹെഞ്ച്, ടൂട്ടിഹ്ക്കന എന്നി സംസ്ക്കാരങ്ങളുടെ കാര്യത്തിൽ സാമൂഹ്യക്രമത്തിന്റെ തുടക്കമാണ് അർത്ഥമാക്കുന്നത്. അങ്ങനെയുള്ള ഒരു മുന്നേറ്റത്തിന് ഉത്തരവാദിയായ വ്യക്തി ദൈവിക മാർഗ്ഗദർശനം ലഭിച്ച ആളായിരിക്കാൻ സാധ്യതയുണ്ട്. മറ്റുള്ളവ, അതായത് പോംപി, പെട്ര എന്നീ നാടുകൾ ദൈവദൂതനെ നിഷേധിച്ച കാരണത്താൽ നശിപ്പിക്കപ്പെട്ട ജനതയുടെ രംഗങ്ങളാവാം.

### ഉപസംഹാരം

ബൈബിളിലും ഖുർആനിലും സൂചിപ്പിക്കപ്പെട്ട നിരവധി അംഗീകൃത പ്രവാചകന്മാരുണ്ട്. പിന്നെന്തിനാണ് മറ്റുള്ളവരെക്കുറിച്ച് ഗവേഷണം നടത്തുന്നത്.?

വിജ്ഞാനം നേടാൻ വിശുദ്ധ ഖുർആൻ നമ്മോടനുശാസിക്കുന്നു. അതു പ്രസ്താവിക്കുന്നു:

ദൈവദൂതന്മാരുടെ വൃത്താന്തങ്ങളിൽ നിന്ന് നിന്റെ ഹൃദയത്തിന് സ്ഥൈര്യം നൽകുന്നതെല്ലാം നാം നിനക്ക് വിവരിച്ചു തരുന്നു. (വി.ഖു. 11:121) വിശുദ്ധ ഖുർആനിൽ വളരെ പ്രധാനപ്പെട്ട സംഭവങ്ങളുടെ വിവരണങ്ങളാണുള്ളത്. ഇതേ സംഭവങ്ങൾ ആവർത്തിക്കുകയും അതേഫലങ്ങൾ അനുഭവിക്കുകയും ചെയ്ത ലോകത്തുള്ള മറ്റു ഗോത്രങ്ങൾ ഉണ്ടായിരിക്കും. മദ്ധ്യപൂർവ്വദേശത്തു വന്ന പ്രവാചകന്മാരുടെ കഥകൾ പറഞ്ഞുകൊടുക്കുക എന്നത് തെക്കെ അമേരിക്ക, ആഫ്രിക്ക, വടക്കൻ യൂറോപ്പ്, ആസ്ത്രേലിയ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് എളുപ്പമായിരിക്കയില്ല. തങ്ങളുടെ സ്വന്തം വർഗ്ഗങ്ങളിൽ സ്വന്തം രാജ്യത്ത് നടന്ന മതപരമായ പ്രവർത്തനങ്ങളെപ്പറ്റി അവർ പഠിക്കുമ്പോൾ തങ്ങളുടെ പരിതഃസ്ഥിതിക്കനുസൃതമായി സന്ദേശങ്ങൾ ഉൾക്കൊള്ളാൻ അവർക്ക് സാധിക്കും. ലോകത്തിന്റെ നാനാഭാഗത്തും പ്രവാചകന്മാർ അയക്കപ്പെട്ടതിന്റെ ഉദ്ദേശ്യത്തിന്റെ ഒരു വശം ഇതായിരിക്കണം.

പൂർവ്വികരുടെ ക്ഷേത്രങ്ങളെക്കുറിച്ചും ഗ്രന്ഥങ്ങളെക്കുറിച്ചും ഗവേഷണം നടത്തുക എന്നതാണ് നമ്മുടെ വെല്ലുവിളി. അങ്ങനെ അപഗ്രഥനം വഴി സത്യം കണ്ടെത്തുകയും മതപരമായ അറിവിന്റെ നിധി നാം അനാവരണം ചെയ്യുകയും വേണം. തുറന്ന മനസ്സോടുകൂടി നാം ഇങ്ങനെ ചെയ്യുകയാണെങ്കിൽ നാം സത്യത്തിലേക്ക് മാർഗ്ഗദർശനം ചെയ്യപ്പെടുകയും മനുഷ്യകുലത്തിന്റെ പദ്ധതികളെയും

*(ശേഷം 20-ാം പേജിൽ)*

ലേഖനം

# ഈസാനബിയുടെ ആകാശവാസം: ജമാഅത്തെ ഇസ്‌ലാമിയുടെ വിതണ്ഡവാദം

മുഹമ്മദ് ഉമർ എച്ച്.എ.

'പ്രബോധനം' (2006 ജൂലൈ 29)ത്തിൽ വന്ന വിമർശനത്തിന്ന് മറുപടി.

ജമാഅത്തെ ഇസ്‌ലാമിക്ക് രാഷ്ട്രീയം തന്നെ മതിയായിരുന്നു. മതപരമായ കാര്യം പറയുമ്പോൾ അത് പ്രമാണപരവും യുക്തിപരവും തത്ത്വജ്ഞാനപരവുമായിരിക്കണം. രാജ്യത്ത് ബോംബ്സ്ഫോടനങ്ങൾ, ഭീകരവാദം, സാധനങ്ങൾക്ക് വിലക്കയറ്റം, മദ്യവില്പന, മറ്റു പല ചൂടുള്ള കഥകളും വാർത്തകളായി പ്രചരിക്കുമ്പോൾ അതിലെല്ലാം ഇടപെടാനും നാല് വാക്ക് പറയാനുമുള്ള അവസരങ്ങൾ അവർക്ക് ധാരാളം ഉണ്ടായിരിക്കെ, വിശുദ്ധ ഖുർആനിലെ വിഷയങ്ങളിൽ അതിനെപറ്റി വിവരമില്ലാതെ ജമാഅത്തെ ഇസ്‌ലാമിക്കാർ പ്രതികരിക്കേണ്ടതില്ലായിരുന്നു.

ഈസാനബി ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന ക്രിസ്തീയ വിശ്വാസം സ്ഥാപിക്കാൻ വളരെയേറെ വിയർപ്പൊഴുക്കിയ ദേഹമാണ് അബുൽ അഅ്‌ലാ മൗദൂദി. ഈസാനബി(അ) മരിച്ചു പോയി എന്നാരെങ്കിലും പറഞ്ഞാൽ ഈസാനബി ആകാശത്തിരിപ്പുണ്ട് എന്ന് വിളമ്പാതെ പ്രബോധനത്തിന് ഉറക്കം വരാത്തതിന് കാരണമതാണ്.

2006 ജൂലായ് 29ാം തിയ്യതിയത്തെ പ്രബോധനത്തിൽ ഈസാനബിയെ സംബന്ധിച്ച് ചോദിച്ച ഒരു ചോദ്യത്തിന് ഈസാനബി ഇപ്പോഴും ആകാശത്തുണ്ടെന്നും ഭൂമിയിൽ വരുമെന്നും സ്ഥാപിച്ചുകൊണ്ട് ചോദ്യോത്തരപംക്തിയിൽ മുജീബിന്റെ ദീർഘമായ ഒരു മറുപടിയുണ്ട്. കൂട്ടത്തിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരെ പറ്റി ജമാഅത്തെ ഇസ്‌ലാമിയുടെ ശൈലിയിൽ സംസ്കാരരഹിതമായ തെറി വിമർശനങ്ങളും.

പ്രബോധനത്തിലെ ചോദ്യത്തിന് ആധാരമായ ഖുർആൻ ആയത്ത് ഇതാണ്.

*'അല്ലാഹു പറയുന്ന അവസരം: അല്ലയോ മർയമിന്റെ മകൻ ഈസാ, 'എന്നെയും എന്റെ മാതാവിനെയും അല്ലാഹുവിനെ കൂടാതെ ഇരുദൈവങ്ങളായി സ്വീകരിക്കുക എന്നു നീയാണോ ജനങ്ങളോടു പറഞ്ഞത്' എന്നു ചോദിക്കും. അപ്പോൾ അദ്ദേഹം പറയും: നീ പരിശുദ്ധനാണ്, എനിക്ക് അവകാശമില്ലാത്ത ഒരു കാര്യം പറയുക എന്നത് എനിക്ക് ചേർന്നതല്ല. ഞാൻ അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കും. എന്നിലുള്ളത് നീ അറിയുന്നു. നിന്നിലുള്ളത് ഞാൻ അറിയുന്നില്ല. തീർച്ചയായും നീ പരോക്ഷ കാര്യം നന്നായറിയുന്നവനാണ്. നീ എന്നോടു ആജ്ഞാപിച്ചതല്ലാതെ ഞാൻ അവരോടു മറ്റൊന്നും പറഞ്ഞിരുന്നില്ല. അതായത്, 'എന്റെയും നിങ്ങളുടെയും റബ്ബായ അല്ലാഹുവിനെ മാത്രം നിങ്ങൾ ആരാധിക്കുവിൻ' എന്ന്. ഞാൻ അവരിൽ ഉണ്ടായിരുന്നേടത്തോളം കാലം ഞാൻ അവരുടെ മേൽസാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാണ്' (5: 117, 118).*

ഈ ഖുർആൻ ആയത്ത് ഉദ്ധരിച്ചാണ് പ്രബോധനക്കാരൻ തന്റെ മുരട്ട് ന്യായം അവതരിപ്പിക്കുന്നത്. അല്ലാഹു ഈസാനബിയോടു 'എന്നെയും എന്റെ മാതാവിനേയും ആരാധിക്കാൻ' പറഞ്ഞിട്ടുണ്ടോ? എന്ന ചോദ്യത്തിന് 'പറഞ്ഞിട്ടില്ല' എന്നാണ് ഈസാനബിയുടെ മറുപടി. ആയതിനാൽ ഈ ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നല്ല പത്ത് പ്രാവശ്യം ഈസാ നബി ഭൂമിയിൽ വന്നുപോയാലും ഖുർആന് വിരുദ്ധമല്ല കാരണം ഈസാനബിയോട് തന്നേയും മാതാവിനേയും ആരാധിക്കുന്നത് 'കണ്ടുവോ' എന്നല്ല അല്ലാഹുവിന്റെ ചോദ്യം 'പറഞ്ഞുവോ' എന്ന് മാത്രമാണ് എന്നാണ് മുജീബവർകളുടെ വാദം. ഈസാനബി രണ്ടാമതും ഭൂമിയിൽ വരുമ്പോൾ ക്രിസ്ത്യാനികൾ തന്നെയും മാതാവിനേയും ആരാധിക്കുന്നത് കണ്ടാലും കണ്ട കാര്യം ചോദിക്കാത്ത

തിനാൽ ഈസാ നബി അക്കാര്യം പറയുന്നില്ല. അതിനാൽ ഈസാനബി ആകാശത്ത് നിന്നിറങ്ങി ഭൂമിയിൽ വന്ന് മരിച്ചു പോവുന്നതിന് ഈ ആയത്ത് എതിരല്ല എന്നാണ് വിശദീകരണം.

നമുക്ക് ഖുർആൻ വിവരിച്ച സംഭാഷണത്തിലേക്ക് വീണ്ടും വരാം.

*അല്ലാഹുവിന്റെ ചോദ്യം:* 'എന്നെയും എന്റെ മാതാവിനെയും അല്ലാഹുവിനെ കൂടാതെ ദൈവങ്ങളായി സ്വീകരിക്കുക എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?'

................................

*ഈസാ നബി(അ)യുടെ മറുപടി:* നീ എന്നോടു ആജ്ഞാപിച്ചതല്ലാതെ ഞാൻ അവരോട് മറ്റൊന്നും പറഞ്ഞിരുന്നില്ല. അതായത്, എന്റെ യും നിങ്ങളുടേയും റബ്ബായ അല്ലാഹുവിനെ മാത്രം നിങ്ങൾ ആരാധിക്കുവിൻ എന്ന്. ഞാൻ അവരിലുണ്ടായിരുന്നേടത്തോളം കാലം ഞാൻ അവരുടെ മേൽ സാക്ഷിയാരുന്നു. (കുൻ തു അലൈഹിം ശഹീദൻ) 'നീ എന്നെ മരിപ്പിച്ചപ്പോൾ' ('നീ എന്നെ മരിപ്പിച്ചപ്പോൾ' എന്നതിനുപകരം പ്രബോധനം കൊടുത്ത അർത്ഥം 'നീ എന്നെ ഏറ്റെടുത്തപ്പോൾ' എന്നാണ്.) അവരുടെ മേൽനോട്ടക്കാരൻ നീ തന്നെ. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാണ്.'

ഇവിടെ അല്ലാഹു ഈസാനബി (അ)യോട്: 'എന്നേയും മാതാവിനേയും ആരാധിക്കാൻ പറഞ്ഞിരുന്നോ' എന്നാണ് ചോദിക്കുന്നത്. 'പറഞ്ഞിട്ടില്ല' എന്ന മറുപടി പറഞ്ഞതിനുശേഷം 'ഞാൻ അവരിൽ ഉണ്ടായിരുന്നേടത്തോളം കാലം അവരുടെ മേൽ സാക്ഷിയാണ്' എന്നാണ് പറയുന്നത്. അതായത് 'എന്റെയും നിങ്ങളുടെയും റബ്ബായ അല്ലാഹുവിനെ ആരാധിക്കുവീൻ' എന്ന് ഞാൻ (ഈസാ) പറഞ്ഞപ്പോൾ അവർ അങ്ങനെ പ്രവർത്തിച്ചതിന് അവരിൽ ഉണ്ടായിരുന്നേടത്തോളം കാലം ഞാൻ അവരുടെ മേൽ സാക്ഷിയാണ് (കുൻതുഅലൈഹിം ശഹീദൻ) എന്നാണ് ഈസാനബി പറയുന്നത്. ഈസാനബി തന്റെ അനുയായികളോട് 'അല്ലാഹുവിനെ ആരാധിക്കുവീൻ' എന്ന് ഉപദേശിച്ചപ്പോൾ അവർ അപ്രകാരം പ്രവർത്തിച്ചിരുന്നു എന്നതിന്റെ ദൃക്സാക്ഷ്യമാണ് ഈസാനബി 'കുൻതു അലൈഹിം ശഹീദൻ' എന്ന വചനത്തിലൂടെ പറയുന്നത്. അതായത് ഞാൻ അവരിലുണ്ടായിരുന്നടത്തോളം കാലം എന്നെയോ എന്റെ മാതാവിനേയോ അനുയായികൾ ആരാധിച്ചിരുന്നില്ല. അല്ലാഹുവിനെ മാത്രമാണ് ആരാധിച്ചിരുന്നത് എന്ന പ്രവൃത്തി അവർ ചെയ്തതിന് ഞാൻ അവരുടെ മേൽ ദൃക്സാക്ഷിയാണ് എന്ന് പിൽക്കാലത്ത് എന്നെയും മാതാവിനേയും ആരാധിച്ച വിവരം ഞാനറിഞ്ഞിരുന്നില്ല. അതായത് എന്റെ സാക്ഷ്യം പിൻകാലത്തെ ക്രിസ്ത്യാനികളുടെ പ്രവർത്തിക്കുണ്ടായിരുന്നില്ല. കാരണം അദ്ദേഹം മരിച്ചതിനുശേഷമുണ്ടായ ഇക്കാര്യം അദ്ദേഹമറിഞ്ഞിരുന്നില്ല. അദ്ദേഹത്തിന് അറിയാനോ സാക്ഷിയാവാനോ സാദ്ധ്യമായിരുന്നില്ല. ഈസാനബി പിന്നീട് ഭൂമിയിലേക്ക് വരില്ല എന്നതിന് പരലോകത്ത് വെച്ച് ഈ സംഭാഷണത്തിൽ നിന്ന് മറ്റെന്തിനേക്കാളും വ്യക്തമായി മനസ്സിലാവുന്നു. ഖുർആൻ വചനത്തിന്റെ ആദ്യത്തെ ഭാഗം നിരർത്ഥകമായ രീതിയിൽ വ്യാഖ്യാനിച്ച് ഈസാനബി പത്ത് പ്രാവശ്യം ഭൂമിയിൽ വന്നാലും ഖുർആനെതിരല്ല എന്ന മൗദൂദി ന്യായം വിവരക്കേടാണ്.

മറ്റൊന്ന് 'ഫലമ്മാ തവഫ്ഫയ്ത്തനീ' എന്നതിന് അർത്ഥം 'എന്നെ നീ മരിപ്പിച്ചപ്പോൾ' എന്നാണ്. അതിന് പ്രബോധനക്കാരൻ മറുപടി പറഞ്ഞ വിചിത്രമായ അർത്ഥം 'എന്നെ നീ ഏറ്റെടുത്തപ്പോൾ' എന്നാണ്. എന്താണ് ഈ വിഡ്ഢിപ്രയോഗത്തിന്റെ അർത്ഥമെന്ന് മൗദൂദി മന്ദബുദ്ധികൾക്കല്ലാതെ മലയാള ഭാഷ സംസാരിക്കുന്നവർക്ക് മനസ്സിലാകുമെന്ന് തോന്നുന്നില്ല.

'നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി നീ എല്ലാകാര്യങ്ങൾക്കും സാക്ഷിയാകുന്ന' എന്ന ഈസാനബിയുടെ വചനത്തിൽ നിന്നും നബിയെന്ന നിലയിൽ ക്രിസ്ത്യാനികളുടെ മേലുള്ള എന്റെ മേൽനോട്ടം ഞാൻ മരിച്ചതിന്ശേഷം അവസാനിച്ചു. എനിക്ക് പിന്നീടൊരിക്കലും അതിന് കഴിഞ്ഞിട്ടില്ല. പിന്നീട് നീ തന്നെയാണ് മേൽനോട്ടക്കാരൻ സാക്ഷിയും എന്നാണല്ലോ അർത്ഥം. രണ്ടാമത് ഭൂമിയിൽ വന്നാൽ ക്രിസ്ത്യാനികളുടെ ആരാധനക്ക് ദൃക്സാക്ഷ്യം വഹിച്ചാൽ അദ്ദേഹത്തിന് അല്ലാഹുവിന്റെ മുന്നിൽ ഇങ്ങനെ പറയാൻ സാധിക്കുമോ?

പ്രബോധനക്കാരന്റെ അല്പബുദ്ധിയിൽ ഇനിയും തെളിച്ചം വന്നിട്ടില്ലെങ്കിൽ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനത്തിന്റെ സർവ്വാധികാരിയായ ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം.

ഹദ്റത്ത് റസൂൽ തിരുമേനി(സ) അരുൾ ചെയ്യുന്നു.

"പുനരുത്ഥാന നാളിൽ "ഹൌസുൽ കൌസറി"ന്നടുത്തു നിന്നുകൊണ്ട് എന്റെ അനുയായികൾക്കു പരിശുദ്ധ ജലം വിതരണം ചെയ്യുമ്പോൾ പെട്ടെന്നു ഒരു കൂട്ടം ആളുകളോടു കൂടി മലക്കുകൾ പ്രത്യക്ഷപ്പെടുന്നതും അവരെ നരകത്തിലേക്ക് ഉന്തിത്തള്ളിക്കൊണ്ടുപോകുന്നതുമായിരിക്കും അപ്പോൾ അവരോടു ഞാൻ 'ഉസൈഹാബി, ഉസൈഹാബി' (ഇവരെന്റെ അനുചരന്മാരാണ്) എന്നു വിളിച്ചുപറയുന്നതായിരിക്കും. അപ്പോൾ ഇപ്രകാരം ഉത്തരം നൽകപ്പെടും.

"അങ്ങേക്ക് ശേഷം ഇവർ പുതുതായി എന്തെല്ലാമാണ് മാറ്റം വരുത്തിയതെന്ന് അങ്ങുന്നു അറിയുന്നില്ല. താങ്കളുടെ വേർപാടിന് ശേഷം ഇവർ തങ്ങളുടെ കുതികാലുകളിൽ പിന്തിരിഞ്ഞോടിയവരാണ്. അപ്പോൾ അല്ലാഹുവിന്റെ വരിഷ്ടദാസനായ ഈസബ്നുമർയം പറഞ്ഞതുപോലെ ഞാൻ പറയും: **ഞാൻ അവരിൽ ഉണ്ടായിരുന്ന കാലം വരെ ഞാനവർക്ക് സാക്ഷിയായിരുന്നു.**

**എന്നാൽ നീ എന്നെ മരിപ്പിച്ചതിന്നുശേഷം അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയാണ്** (ബുഖാരി വാല്യം 3. കിതാബുത്തഫ്സിർ).

ഇവിടെ ഹദ്റത്ത് ഈസാനബി (അ) ഉദ്ധരിച്ചിരുന്ന അതേ വചനം തന്നെയാണ് ഹദ്റത്ത് മുഹമ്മദുനബി(സ) തിരുമേനിയും ഉപയോഗിച്ചതെന്നു കാണാം. തന്റെ വിയോഗത്തിന്നുശേഷം തന്റെ അനുയായികൾ വഴിപിഴച്ചുപോയത്, ഹദ്റത്ത് ഈസാനബിയുടെ ജനങ്ങൾ അദ്ദേഹത്തിന്റെ വിയോഗത്തിന്നുശേഷം വഴിപിഴച്ചുപോയതുപോലെയാണെന്ന് നബിതിരുമേനി(സ) ഏറ്റുപറയുന്നു. എത്ര വ്യക്തമായ രീതിയിലാണ് ഈ ഹദീസിൽ നിന്നും ഈസാനബിയുടെ(അ) മരണം വ്യക്തമാവുന്നത്. ഉറങ്ങുന്നവനെ വിളിച്ചുണർത്താം, ഉറക്കം നടക്കുന്നവനെ എങ്ങനെ ഉണർത്താനാണ്? ജമാഅത്തുകാരനാണെങ്കിൽ ഉറങ്ങുന്നതിന് മുമ്പേ കൂർക്കം വലിക്കുന്ന പ്രകൃതവുമാണ്. അതായത് ഹദ്റത്ത് ഈസാനബിയുടെ മരണത്തിന്നുശേഷമാണ് (ഫലമ്മാതവഫ്ഫൈത്തനീ) അദ്ദേഹത്തിന്റെ അനുയായികൾ വഴി പിഴച്ചിരിക്കുന്നത്. വിശുദ്ധ ഖുർആന്റെ അവതരണകാലത്ത് തന്നെ ക്രിസ്ത്യാനികൾ ഈസാനബിയെ ദൈവമായി ആരാധിച്ചിരുന്നുവെന്നു വിശുദ്ധ ഖുർആൻ (സൂറ: മായിദ 3:10) പറയുന്നു.

ചുരുക്കത്തിൽ ഇന്നു ക്രിസ്ത്യാനികൾ ത്രിയേകത്വ വിശ്വാസികളാണെന്നത് ഈസാനബി(അ) വഫാത്തായിരിക്കുന്നുവെന്നതിന്നു വ്യക്തമായ തെളിവാണ്. ഈ യാഥാർത്ഥ്യത്തിൽ നിന്നും ജനങ്ങളുടെ ശ്രദ്ധ തിരിക്കുവാൻ പ്രബോധനം ഈ വിതണ്ഡവാദവുമായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്.

“മിർസാഗുലാം അഹ്മദു ഖാദിയാനി(അ) പ്രവാചകനാകേണമെങ്കിൽ ഈസാനബി മരിച്ചേ തീരൂ” എന്ന പ്രബോധനത്തിന്റെ പരിഹാസം ഈസാനബി മരിച്ചിരിക്കുന്നുവെന്ന വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിന്നു നേരെയാണ് തിരിയുന്നത്. അദ്ദേഹം മരിച്ചിട്ടില്ല എന്നും മരിക്കാതെ ഇന്നും സ്ഥൂലശരീരത്തോടുകൂടി ആകാശവാസം ചെയ്യുന്നുവെന്നും അദ്ദേഹം താൻ തന്നെ ആകാശത്തിന്ന് സ്ഥൂലശരീരത്തോടുകൂടി വീണ്ടും വരുന്നതാണെന്നും തെളിയുന്ന ഒരേ ഒരു വചനം വിശുദ്ധ ഖുർആനിൽ നിന്നും കാണിച്ചുതരുവാൻ സാധിക്കുമോ എന്ന കഴിഞ്ഞ ഒരു നൂറ്റാണ്ടുക്കാലമായുള്ള അഹ്മദിയാ ജമാഅത്തിന്റെ വെല്ലുവിളിയെ നേരിടുവാൻ ഇന്നും ഒരു പണ്ഡിതനും മുസ്‌ലിം സംഘടനക്കും സാധിച്ചിരുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ആ വെല്ലുവിളി ഇന്നും നിലവിലുണ്ട്.

ഹാത്തുബുർഹാനുക്കും ഇൻകുൻതും സാദിഖീൻ (നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഒരേ ഒരു തെളിവു കൊണ്ടുവരുവിൻ! n

**അല്ലാഹുവിന്റെ പെരുമാറ്റം**

ഞാനെന്റെ ദാസനോട് പെരുമാറുന്നത് എന്നോടുള്ള അവന്റെ വിശ്വാസവും പെരുമാറ്റവും അനുസരിച്ചാണ്. അതുകൊണ്ട് അവൻ എന്നെ പറ്റി അവനുദ്ദേശിച്ച വിധം പ്രതീക്ഷിച്ചു കൊള്ളട്ടെ

***- നബിവചനം***

*(17 -ാം പേജിൽ നിന്ന് തുടർച്ച)*

ദൈവത്തിന്റെ പദ്ധതികളെ യും വിവേചിച്ചറിയുകയും ചെയ്യും.

ചിലപ്പോൾ, സ്വീകരിക്കപ്പെട്ട മതത്തിന്റെ ചില വശങ്ങൾ അനാവരണം ചെയ്യപ്പെട്ടാൽ അവ വെറും ഐതിഹ്യമായിരിക്കും. അത് സ്വീകരിക്കപ്പെട്ട മതത്തിൽ ചേർക്കപ്പെട്ടതായിരിക്കും. എന്നാൽ മറ്റു ചിലപ്പോൾ ഇതിഹാസത്തിന്റെ മഞ്ഞുപാളികൾ അനാവരണം ചെയ്താൽ സത്യമതത്തിന്റെ രത്നങ്ങൾ കണ്ടെത്താൻ കഴിയും.

*എല്ലാ സമുദായത്തിലും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. 'നി ങ്ങൾ അല്ലാഹുവിനെ ആരാധിക്കുക ദുശ്ശക്തികളെ വർജിക്കുക' (എന്നായിരുന്നു അവരുടെ പ്രബോധനം) എ ന്നിട്ട് അല്ലാഹു നേർമാർഗ്ഗത്തിൽ നയിച്ച ചിലർ അവരിലുണ്ടായിരുന്നു. ദുർമാർഗ്ഗദോഷത്തിനു വിധേയരായ ചിലരും അവരിലുണ്ടായിരുന്നു. അതിനാൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു (പ്രവാചകന്മാരെ) നിഷേധിച്ചവരുടെ പരിണാമം എന്തായിരുന്നുവെന്ന് നോക്കുക (വി.ഖു. 16:37).* ഇതുവരെ നമുക്ക് ലഭിച്ചിട്ടുള്ള തെളിവുകൾ എല്ലാ ജനതകളെയും ഉൾക്കൊള്ളുകയില്ല. നമ്മുടെ വിവരങ്ങൾ ബന്ധപ്പെട്ടുകിടക്കുന്നത് മദ്ധ്യപൂർവ്വദേശ ത്തെ പ്രവാചകപരമ്പരയിലാണ്. അ തിനാൽ യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, ആസ്ട്രേലിയ, ചൈന എന്നിവിടങ്ങളിലെ മതങ്ങളുടെ വികസനം മനസ്സിലാക്കാൻ കൂടുതൽ ഗവേഷണം ആവശ്യമാണ്. ദൈവം ഈ ജനതകളെ അവഗണിച്ചിട്ടില്ല. അ തിനാൽ, അവരുടെ മതപരമായ വേരുകൾ തേടേണ്ടത് നമ്മുടെ കർത്തവ്യമാണ്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) ഇക്കാര്യത്തിൽ വിപുലമായ ഗവേഷണം നടത്തിയിട്ടുണ്ട്. ഈ വശത്തിൽ കൂടുതൽ ഗവേഷണം നടത്താൻ നമുക്ക് പ്രചോദനം നൽകിയിരിക്കുന്നു. ഓരോ ഗോത്രത്തിലെ യും ആദമിനെ ദൈവിക വെളിപാടു ലഭിച്ച ആദ്യത്തെ മനുഷ്യനെ- കണ്ടെത്താൻ അദ്ദേഹം ആവർത്തി ച്ചു ഗവേഷണം നടത്തിയിട്ടുണ്ട്. അ ദ്ദേഹത്തിന്റെ Revelation, Rationality, Knowledge and Truth എന്ന ഗ്രന്ഥം മറ്റു സംസ്കാരങ്ങളെക്കുറിച്ച് അഗാധമായി മനസ്സിലാക്കാൻ നമുക്ക് മാർ ഗ്ഗദർശനവും പ്രചോദനവും നൽകു ന്നു. അത് എന്നും നിലനിൽക്കുന്ന സ്വത്താണ്. അതുമുഖേന ഇതിഹാസ വും ദൈവികപ്രചോദിതമായ മതവും തമ്മിൽ വിവേചിച്ചറിയാനും സാധിക്കും.

**(Review of Religions, March 2005)**

**(വിവ: കെ.വി. ഹസ്സൻകോയ)**

n

## ലേഖനം

# ഹിർഖൽ ചക്രവർത്തിയുടെ മാനദണ്ഡങ്ങളും ഹദ്റത് അഹ്മദി(അ)ന്റെ സത്യസാക്ഷ്യവും

എച്ച്. ശംസുദ്ദീൻ, കാവശ്ശേരി

**റോമൻ ചക്രവർത്തിയായ ഹിർഖൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രവാചകത്വത്തിന്റെ സത്യത പരിശോധിക്കാൻ അവലംബമാക്കിയ മാനദണ്ഡങ്ങൾ വെച്ച് തിരുനബി(സ)യുടെ ശിഷ്യപ്രവാചകനായ ഹദ്റത്ത് അഹ്മദി (അ)ന്റെ സത്യതയും പരിശോധിക്കാവുന്നതാണ്.**

ആയിരത്തി അഞ്ഞൂറ് വർഷങ്ങൾക്കപ്പുറം ഹദ്റത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ സത്യസന്ദേശവുമായി അവിടത്തെ ഒരു ഭക്തശിഷ്യൻ ദിഹ്യകൽബി റോമൻ ചക്രവർത്തിയായ ഹിർഖലി(Herculius)ന്റെ സന്നിധിയിലെത്തി. സന്ദേശം ശ്രവിച്ച ഹിർഖൽ, അറബികളായ മറ്റ് വല്ലവരും മുഖേന നിജസ്ഥിതിയെക്കുറിച്ച് അറിയാൻ ആഗ്രഹിച്ചു. അതേസമയം, അബൂസുഫ്യാനും സംഘവും കച്ചവടാവശ്യാർത്ഥം അന്നാട്ടിൽ എത്തിയിരുന്നു. ചക്രവർത്തിയുടെ നിർദ്ദേശപ്രകാരം അബൂസുഫ്യാനെ രാജസദസ്സിൽ കൊണ്ടുവരുകയും, അദ്ദേഹത്തോട് ചക്രവർത്തി ചില കാര്യങ്ങൾ ചോദിച്ചറിയുകയും ചെയ്തു. നുബുവ്വത്തിന്റെ സത്യതയെ തിരിച്ചറിയാൻ താനുന്നയിച്ച മാനദണ്ഡങ്ങൾക്ക്, അബൂസുഫ്യാൻ നൽകിയ മറുപടികൾ ഹിർഖലിനെ തൃപ്തനാക്കി. അത് നബി(സ) തിരുമേനിയുടെ നുബുവ്വത്തിന്റെ നിറന്ന സത്യസാക്ഷ്യമായി ഇസ്‌ലാമിക ചരിത്രങ്ങളിലും നബിചരിതങ്ങളിലും ഹദീസ് ഗ്രന്ഥങ്ങളിലും രേഖപ്പെട്ടു കിടക്കുന്നു.

ഹിർഖലിന്റെ ചോദ്യങ്ങളും അതിന് അബൂസുഫ് യാൻ നൽകിയ മറുപടികളും ഹിർഖലിന്റെ നിഗമനങ്ങളും ഹദ്റത്ത് നബി(സ)ന്റെ ഭക്തശിഷ്യനും ആത്മീയ പ്രതിപുരുഷനുമായ ഹദ്റത് അഹ്മദി (അ)ന്റെ സത്യസാക്ഷ്യത്തേയും പ്രസ്പഷ്ടമാക്കുന്നു.

1500 വർഷങ്ങൾക്ക് മുമ്പ് നടന്ന ആ ചരിത്രസംഭവം ഹദ്റത് അഹ്മദി(അ)ന്റെ സത്യസാക്ഷ്യവുമായി വിശകലനം ചെയ്തുനോക്കാം.

**ഒന്നാമത്തെ ചോദ്യം: കുടുംബം**

ഹിർഖൽ : പ്രവാചകനാണെന്ന് വാദിക്കുകയും എനിക്ക് ഒരു സന്ദേശമയയ്ക്കുകയും ചെയ്തയാളെ നിങ്ങളറിയുമോ? എങ്ങനെയുള്ള കുടുംബമാണ് അദ്ദേഹത്തിന്റേത്?

അബൂസുഫ്യാൻ : അദ്ദേഹം ഒരു കുലീനകുടുംബത്തിലെ അംഗമാണ്.

ഹിർഖലിന്റെ പ്രതികരണം: പ്രവാചകന്മാർ എപ്പോഴും കുലീനകുടുംബത്തിലെ അംഗങ്ങളായിരിക്കും.

ഹദ്റത്ത് അഹ്മദി (അ)ന്റെ കുടുംബവും കുലീനമായിരുന്നുവെന്നത് ചരിത്രപഠിതാക്കളിൽ നിന്ന് ഗോപ്യമല്ല, ഫാർസിവംശജനും ബർലാസ് സന്തതിയുമായിരുന്നു സ്മര്യപുരുഷൻ. ആഭിജാത്യത്തിലും അന്തസ്സിലും പ്രസ്തുത കുടുംബം തലയെഴുന്നുനിന്നിരുന്നു (അവ: കിത്താബുൽ ബരിയ്യ, അടിക്കുറിപ്പ്, പേജ് 124)

**രണ്ടാമത്തെ ചോദ്യം: മുൻഗാമികളുടെ വാദം**

ഹിർഖൽ : അദ്ദേഹത്തിനു മുമ്പ് അറബികളിൽ ആരെങ്കിലും ഇത്തരം ഒരു വാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

അബൂസുഫ്യാൻ : ഇല്ല.

പ്രതികരണം : ആരെങ്കിലും അത്തരം വാദം ഉന്നയിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം അത് അനുകരിച്ചതാണെന്ന് പറയാമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. ആ മഹാത്മന് മുമ്പേ, അദ്ദേഹത്തിന്റെ ആരും തന്നെ മഹ്ദി, മസീഹ്, കൽക്കി, ഉമ്മത്തീനബി തുടങ്ങിയ ഒരു വാദവും ഉന്നയിച്ചിട്ടില്ല.

അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധവൈരിയായിരുന്ന അബുൽഹ

സൻ അലി നദ്‌വി പറയുന്നു: "മൊത്തത്തിൽ മിർസാ തന്നെയാണ് ആദ്യമായി ഇന്ത്യയിൽ പ്രവാചകത്വം വാദിച്ചത്." (ഖാദിയാനിസം. പേജ് 145, വിവ: സുഹൈർ ചുങ്കത്തറ)

**മൂന്നാമത്തെ ചോദ്യം:**
**ശത്രുസാക്ഷ്യം**

ഹിർഖൽ: ഈ വാദം ഉന്നയിക്കുന്നതിന് മുമ്പേ നിങ്ങളുടെ ജനം എപ്പോഴെങ്കിലും അദ്ദേഹത്തെക്കുറിച്ച് കളളം പറയുന്ന ആളാണെന്ന് കുറ്റാരോപണം ചെയ്തിരുന്നോ?

അബൂസുഫ്‌യാൻ : ഇല്ല

പ്രതികരണം : മനുഷ്യരെപ്പറ്റി കളവു പറയാത്ത ആൾ ദൈവത്തെക്കുറിച്ചും കളവ് പറയില്ലെന്ന് ഞാൻ മനസ്സിലാക്കി.

ഹദ്റത്ത് അഹ്മദി(അ)ന്റെ സമകാലീനരും പണ്ഡിതരുമായിരുന്ന ഒട്ടനവധി ആളുകൾ അദ്ദേഹത്തിന്റെ സത്യസന്ധതയെ പ്രകീർത്തിച്ചിട്ടുണ്ടെന്നുള്ളത് സ്മർത്തവ്യമാണ്.

'അൽ ഫദ്‌ലു മാ ശഹിദ്ത്തബിഹിൽ അഹ്‌യാർ' (അന്യന്റെ സാക്ഷ്യമാണ് ഏറ്റവും ഉത്കൃഷ്ടം, എന്ന് അറബിയിൽ പറയാറുണ്ട്.

ഹദ്റത്ത് അഹ്മദി (അ)ന്റെ ദൈവനിയോഗവാദത്തിന് മുൻപുള്ള കാലഘട്ടത്തെക്കുറിച്ച് ശത്രുസാക്ഷ്യങ്ങൾ നിരവധിയുണ്ട്.

ആ മഹാനുഭാവന്റെ സതീർഥ്യനും പിന്നീട് ബദ്ധശത്രുവുമായി മാറിയ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി എഴുതുന്നു:

"ബറാഹീനെ അഹ്മദിയ്യായുടെ കർത്താവ് ശത്രുക്കളുടേയും മിത്രങ്ങളുടേയും അനുഭവത്തിന്റെ വെളിച്ചത്തിൽ മുഹമ്മദിയ്യാ ശരീഅത്തിൽ നിലനിൽക്കുന്നയാളും ഭയഭക്തിയുള്ളയാളും സത്യസന്ധനും ആണ്. ശൈത്താനിക ഇൽഹാമുകൾ അധികവും കളവാകാറുണ്ട്. എന്നാൽ 'ബറാഹീനെ അഹ്മദിയ്യാ'യുടെ കർത്താവിന്റെ ഇൽഹാമുകൾ (ഇംഗ്ലീഷ്, ഹിന്ദി, അറബി തുടങ്ങിയവ സകലതും) ഒന്നും പോലും കളവായിട്ടില്ല." (ഇശാഅത്തുസ്സുന്ന: വാല്യം: 7)

പ്രസിദ്ധ ഉർദുകവി അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ ഗുരു ശംസുൽ ഉലമാ മൗലാനാ സയ്യിദ് മീർ ഹസൻ സാഹിബ് പറയുന്നു:

"ഹദ്റത്ത് മിർസാ സാഹിബ് 1864-ൽ ഉദ്യോഗാർത്ഥം സിയാൽ ക്കോട്ടിൽ താമസിച്ചിരുന്നു......... കോടതിയിൽ നിന്ന് വന്നാൽ വിശുദ്ധ ഖുർആൻ പാരായണത്തിൽ മുഴുകയും തേങ്ങിത്തേങ്ങി കരയുകയും ചെയ്യുമായിരുന്നു." (സീറത്തുൽ മഹ്ദി, വാല്യം: 1)

അഹ്മദിയ്യത്തിന്റെ ബദ്ധശത്രുവും അഹ്റാർ ലീഡറും സമീന്ദാർ പത്രത്തിന്റെ എഡിറ്ററുമായ മൗലവി സഫറലിഖാന്റെ പിതാവ് മുൻഷി സിറാജുദ്ദീൻ സാഹിബ് പറയുന്നു:

"മിർസാഗുലാം അഹ്മദ് 1860 ലോ 1861ലോ സിയാൽ ക്കോട്ടിൽ ഗുമസ്തനായിരുന്നു. അദ്ദേഹം യുവത്വത്തിലും വളരെയേറെ സാത്വികനും മുത്തഖിയുമായ മഹാൻ ആയിരുന്നുവെന്ന സാക്ഷ്യം നാം കണ്ണുകൊണ്ട് കണ്ടതാണ്." (സമീന്ദാർ, 1908, മെയ്)

അബുൽ ഹസൻ അലി നദ്‌വി പറയുന്നു:

ഇസ്ലാമിന്നുവേണ്ടി ശബ്ദിച്ചതുകാരണവും അദ്ദേഹത്തിനുണ്ടായിട്ടുള്ള വളരെയേറെ ഇൽഹാമുകളുടേയും ദർശനങ്ങളുടേയും സന്തോഷവാർത്തകളുടേയും വെളിച്ചത്തിലും ജനങ്ങൾ അദ്ദേഹം ഒരു വലിയ്യാണെന്ന് വിശ്വസിച്ചു. (ഖാദിയാനിസം, പേജ് 55, പ്രസാ: കെ.എൻ.എം.)

പ്രവാചകപ്രഭു തന്റെ ജീവിതവിശുദ്ധിയെക്കുറിച്ച് ലോകത്തെ വെല്ലുവിളിച്ചുകൊണ്ട് 'ഫഖദ് ലബിസ്തു ഫീക്കും ഉമറൻ മിൻ ഖബ്‌ലിഹീ അഫലാ തഅ്ഖിലൂൻ' (ഞാൻ നിങ്ങൾക്കിടയിൽ ഒരായുസ്സ് കഴിച്ചുകൂട്ടി. നിങ്ങളെന്തുകൊണ്ട് ചിന്തിക്കുന്നില്ല?) എന്ന് വിളംബരപ്പെടുത്തിയതുപോലെ ഹദ്റത്ത് അഹ്മദും (അ) വെല്ലുവിളിക്കുകയുണ്ടായി:

"..... തും കോയി അയ്ബ്, ഇഫ്തിറാഅ്, യാ ജൂട്ട് യാ ഭഗാ കാ മേരീ പഹ്‌ലീ സിന്ദഗീ മേം നഹീം ലഗാ സക്തെ... കോൻ തും മേം സെ ഹെ ജോ മേരീ സവാനിഹ് സിന്ദഗീ പർ നുക്ത ചീനീകർ സക്താഹെ...."

"ഒരു ന്യൂനതയോ, കറ്റുകെട്ടോ, കളവോ, വഞ്ചനയോ നിങ്ങൾക്ക് എന്റെ മുൻജീവിതത്തിൽ കാണിക്കാൻ സാധ്യമല്ല... എന്റെ മുഴുനീള ജീവിതത്തിൽ എന്തെങ്കിലും ഒരു ആരോപണം ഉന്നയിക്കാൻ നിങ്ങളിൽ ആർക്ക് കഴിയും?" (തദ്കിറത്തു ശഹാദത്തൈൻ).

ഹിർഖലിന്റെ മൂന്നാമത്തെ മാനദണ്ഡവും ഹദ്റത്ത് അഹ്മദിൽ സത്യമായി പുലരുന്നു.

**നാലാമത്തെ ചോദ്യം:**
**പൂർവ്വികന്മാർ**

ഹിർഖൽ: അദ്ദേഹത്തിന്റെ പൂർവ്വികന്മാരിൽ ആരെങ്കിലും രാജാവോ ഭരണകർത്താവോ ആയിരുന്നിട്ടുണ്ടോ?

അബൂസുഫ്‌യാൻ : ഇല്ല

പ്രതികരണം : അദ്ദേഹത്തിന്റെ വാദം വിനഷ്ടമായ രാജാധികാരവും ഭരണാധികാരവും വീണ്ടെടുക്കാനുള്ളതല്ല എന്ന് വ്യക്തമായി.

ഹദ്റത്ത് അഹ്മദ് (അ)ന്റെ പൂർവ്വികന്മാർ ആരും രാജാവോ ഭരണാധിപനോ ആയിരുന്നില്ല. മറിച്ച് രാജ രാജ്യസേവകർ മാത്രമായിരുന്നു. അതിനാലായിരുന്നു ഒരു പ്രദേശത്തിന്റെ ഖാദിയായി അദ്ദേഹത്തിന്റെ പിതാവ് നിയമിക്കപ്പെട്ടത്.

മൗലാനാ മൗദൂദി സാഹിബിന്റെ ശിഷ്യൻ കെ.സി. അബ്ദുള്ള മൗലവി ചരിത്രം കുറേക്കൂടി ഇങ്ങനെ വിശദീകരിക്കുന്നു:

"തന്റെ ഈ ലക്ഷ്യസാധ്യത്തിന് വളരെ അനുകൂലമാണെന്ന് കണ്ട ഗുലാം അഹ്മദ് അത് തികച്ചും പ്രയോജനപ്പെടുത്താൻ വളരെ സമർത്ഥമായി നയതന്ത്രങ്ങളാവിഷ്കരിച്ചു. മുഖ്യമായും ഒരു നാലിന പരിപാടിയാണ് അദ്ദേഹം ആസൂത്രണം ചെയ്തത്. ..........................................

..................... തന്റെ കുടുംബസംരക്ഷകനും യജമാനനുമായ ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായവും സംരക്ഷണവും കൂടുതൽ ഉറപ്പിച്ച് വെയ്ക്കുക. ........................................

.................................................. പരിപാ

ടിയുടെ രണ്ടാമിനത്തിലും ഗുലാം സാഹിബ് പരാജയപ്പെടുകയാണുണ്ടായത്. തങ്ങളുടെ താത്പര്യങ്ങൾക്കനുഗുണമായി ഈ മനുഷ്യനിൽ നിന്ന് വല്ലതും സ്വയം ലഭ്യമാകുന്നുവെങ്കിൽ, മറ്റാപത്തുകളൊന്നുമില്ലെങ്കിൽ, നാമതു നിരസിക്കേണ്ട എന്നതിൽ കവിഞ്ഞു ബ്രിട്ടീഷുകാർ മറ്റെന്തെങ്കിലും ചെയ്തതായറിവില്ല. രാജ്യതന്ത്രജ്ഞതയും ദീർഘവീക്ഷണവുമുള്ള അവർ എത്രയോ മീർജാഫർമാരെ കണ്ടതാണല്ലോ. മുസ്‌ലിംകളോടവർക്ക് കടുത്ത പകയുണ്ടെന്നത് വേറെ കാര്യം. (ഖാദിയാനിസത്തിന്റെ വേരുകൾ. പേജ് 61–71).

## അഞ്ചാമത്തെ ചോദ്യം: ന്യായം വിധിക്കാനുള്ള കഴിവ്

ഹിർഖൽ: അദ്ദേഹത്തിന്റെ പൊതുവിലുള്ള കഴിവിനെക്കുറിച്ചും ന്യായം വിധിക്കാനുള്ള പ്രാപ്തിയെക്കുറിച്ചും നിങ്ങൾ എന്തു പറയുന്നു?

അബൂസുഫ്‌യാൻ: അദ്ദേഹത്തിന്റെ കഴിവിലോ ന്യായവിധിയിലോ ഞങ്ങൾ ഒരു കുറവും കണ്ടിട്ടില്ല.

ഹദ്റത് അഹ്മദി(അ)ന്റെ ജീവിതത്തിലും ഈ നിറന്ന സാക്ഷ്യം കാണാവുന്നതാണ്. ഒരു സമകാലിക പണ്ഡിതനായിരുന്നു സൂഫി അഹ്മദ് ജാൻ ലുധിയാനവി ഒരിക്കൽ അദ്ദേഹത്തെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

ഹം മരീസോം കി ഹൈ തുമീ പെ നസർ

തും മസീഹാ ബനോ ഖുദാ കേലിയേ!

'ഞങ്ങൾ രോഗികൾ നിന്നിൽ കണ്ണും നട്ടിരിക്കുകയാണ്. നീ ദൈവത്തെ മുൻനിർത്തി മസീഹായാലും.'

ഒരിക്കൽ കോടതിയിൽ ആ മഹാത്മജൻ, പിതാവും കുടിയാന്മാരുമായിട്ടുള്ള ഒരു തർക്കത്തിൽ പിതാവിനെതിരെ സത്യം പറഞ്ഞ്, ന്യായത്തോടൊപ്പം നിൽക്കാൻ കാണിച്ച ആർജവം പ്രവാചകവൃത്താന്തങ്ങളിൽ മാത്ര മേ കാണാൻ കഴിയൂ. പ്രത്യേകിച്ചും, ആവശ്യാനുസരണം കളവ് പറയേണ്ടത് അനിവാര്യമാണെന്ന് ഉദ്ഘോഷിക്കുന്ന മതപണ്ഡിതന്മാരുള്ളപ്പോൾ.

## ആറാമത്തെ ചോദ്യം : അനുയായികൾ

ഹിർഖൽ: അദ്ദേഹത്തിന്റെ അനുചരന്മാർ എങ്ങനെയുള്ളവരാണ്? അവർ സമൂഹത്തിലെ സമ്പന്നരും, പ്രതാപികളുമാണോ? അതോ പാവങ്ങളും ദരിദ്രന്മാരുമോ?

അബൂസുഫ്‌യാൻ: അധികവും താണ കിടയിലുള്ളവരും യുവാക്കളുമാണ്.

പ്രതികരണം : പ്രവാചകന്റെ ആദ്യകാല അനുയായികൾ ഇത്തരക്കാർ തന്നെയായിരിക്കും.

അബൂബക്കറിനേയും അബ്ദുർറഹ്മാനിബ്നു ഔഫിനേയും പോലുള്ള വിരലിലെണ്ണാവുന്ന ചിലരെ മാറ്റി നിർത്തിയാൽ, തിരുനബിയുടെ അനുചരവൃന്ദത്തിൽ ഏറെയും ദരിദ്രരായിരുന്നു. അതുപോലെതന്നെ ഹദ്റത്ത് അഹ്മദി (അ)ന്റെ അനുയായികളിലും ഭൂരിഭാഗം പേരും സമൂഹത്തിലെ സാധാരണക്കാരും നിസ്സാരന്മാരുമായി ഗണിക്കപ്പെടുന്ന ആളുകളായിരുന്നു.

പക്ഷേ, സമൂഹദൃഷ്ടിയിൽ നിസ്സാരന്മാരായ അവർ, നബി(സ)ന്റെ സ്വഹാബാക്കളെപ്പോലെ, ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറുന്നുവെന്നതും എത്രമേൽ അത്ഭുതകരമല്ല!

## ഏഴാമത്തെ ചോദ്യം: അനുയായികളുടെ എണ്ണം

ഹിർഖൽ: അവർ എണ്ണത്തിൽ കൂടുന്നുവോ അതോ കുറയുന്നവോ?

അബൂസുഫ്‌യാൻ: കൂടുന്നു.

പ്രതികരണം: ഒരു പ്രവാചകൻ തന്റെ ലക്ഷ്യത്തിൽ എത്തുവോളം അനുയായികൾ വർദ്ധിച്ചുകൊണ്ടേയിരിക്കും.

ഹദ്റത് മസീഹ് മൗഊദി(അ)ന്റെ കൈയ്യിൽ ആദ്യം ബയ്അത്ത് ചെയ്തവർ കേവലം 40 പേർ മാത്രമായിരുന്നു. അത് അനുദിനം വർദ്ധിച്ചുകൊണ്ടേയിരുന്നു. ആ മഹാത്മന്റെ വിയോഗവേളയിൽ അഞ്ച്ലക്ഷം പേർ അഹ്മദികളായിട്ടുണ്ടായിരുന്നു. ഇന്ന് അത് 181 രാഷ്ട്രങ്ങളിലായി 22 കോടിയിലേറെ എത്തിയിരിക്കുന്നു. ഇന്ത്യയിൽ മാത്രം അഞ്ച് കോടിയിലധികം അഹ്മദികൾ ഉണ്ടെന്ന് അറിയപ്പെടുന്ന അഹ്മദിയ്യാ ശത്രുക്കൾ പത്രപ്രസ്താവനകൾ ഇറക്കിയിരിക്കുന്നു. ('അവാം' പത്രം ന്യൂഡൽഹി 13-6-2001, 'നഊ ദുൻയാ' വീക്ക് ലി 2001 ജൂൺ 22–28)

## എട്ടാമത്തെ ചോദ്യം: മതനിരാസം

ഹിർഖൽ : അദ്ദേഹത്തിന്റെ അനുയായികൾ മതത്തോടുള്ള അവജ്ഞ നിമിത്തം തങ്ങളുടെ ആദ്യവിശ്വാസത്തിലേക്ക് മടങ്ങിക്കളയാറുണ്ടോ?

അബൂസുഫ്‌യാൻ: ഇല്ല.

പ്രതികരണം: പ്രവാചകശിഷ്യന്മാർ പൊതുവേ സ്ഥിരചിത്തരാണ്. മറ്റെന്തെങ്കിലും കാരണത്താൽ അവർ വ്യതിചലിച്ചേക്കാമെങ്കിലും മതത്തോടുള്ള വെറുപ്പ് കാരണമായി അതുപേക്ഷിക്കാൻ തയ്യാറാകുന്നതല്ല.

അഹ്മദികളിലും ഈയൊരവസ്ഥ കാണാൻ സാധ്യമല്ല. ഏതെങ്കിലും വ്യക്തിപരമായ പ്രശ്നങ്ങളുടെ പേരിലല്ലാതെ, വിശ്വാസത്തിന്റെ പേരിൽ ആരും അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നില്ല.

നബി(സ)ന്റെ ഒരു വഹ്‌യ് എഴുത്തുകാരൻ ഇസ് ലാം മതം ഉപേക്ഷിച്ചിട്ടുണ്ടായിരുന്നു. അഹങ്കാരത്തിന്റെയും അനുസരണക്കേടിന്റേയും പര്യായമായി, അത്തരത്തിൽപ്പെട്ട ആരെങ്കിലും ജമാഅത്തിൽ നിന്ന് പുറത്തുപോകുന്നുവെന്നല്ലാതെ വിശ്വാസത്തിന്റെ പേരിൽആരും ഹദ്റത്ത് അഹ്മദി (അ)നെ ഉപേക്ഷിക്കുന്നില്ല.

മറ്റൊരു സംഗതി, ജമാഅത്തിൽ നിന്ന് വിട്ടുപോകുന്നവർ, ജമാഅത്തിപരമായ ഇസ്‌ലാമിക ചട്ടക്കൂടുകൾക്കുള്ളിൽ കഴിയാൻ വിമ്മിട്ടമുള്ളവരും ലോകത്തിന്റെ സുഖലോലുപതകളെ സ്വീകരിക്കാൻ വെമ്പൽ കൊള്ളുന്ന ഭൗതികരും മാത്രമാണ്. അതല്ലെങ്കിൽ വ്യക്തമായ സ്വഭാവ ദൂഷ്യത്തിന് പുറത്താക്കപ്പെടുന്നവരാണ്.

സീറൂഫിൽ അർളി ഫ കയ്ഫ കാന ആഖിബത്തുൽ മുകദ്ദിബീൻ (16:36) നിങ്ങൾ ഭൂമിയിൽ ചുറ്റി സഞ്ചരിച്ച് നോക്കൂ, കളവാക്കിയവരുടെ പര്യാവസാനം എങ്ങനെയായിരുന്നുവെന്ന്!

### ഒമ്പതാമത്തെ ചോദ്യം: കരാർ പാലനം

ഹിർഖൽ : അദ്ദഹം കരാർ നിബന്ധനകൾ എപ്പോഴെങ്കിലും ലംഘിക്കുകയുണ്ടായോ?

അബൂസുഫ്യാൻ: ഇതുവരെ ഇല്ലെന്ന് പറയാം...

പ്രതികരണം: പ്രവാചകന്മാർ അങ്ങനെയാണ്, അവർ വഞ്ചന കാണിക്കുകയില്ല.

ഹദ്റത് അഹ്മദി(അ)ന്റെ ജീവിതവും തുറന്ന പുസ്തകം കണക്കെ ലോകത്തിന് മുന്നിലുണ്ട്. വഞ്ചനയും ചതിയും ആ മഹാത്മൻ ചെയ്തിട്ടില്ലെന്നതിന് ആ സംശുദ്ധ ജീവിതം സാക്ഷ്യം നൽകുന്നു.

'ബറാഹീനെ അഹ്മദിയ്യാ'യെക്കുറിച്ച്, 50 വാല്യം എഴുതുമെന്ന് പ്രഖ്യാപിച്ച് പൈസ സ്വരു കൂട്ടിയെന്നും അത് പൂർത്തിയാക്കിയില്ലെന്നും ആക്ഷേപമുന്നയിക്കുന്നവരുണ്ട്.

എന്നാൽ അദ്ദേഹം താൻ 50 വാല്യങ്ങളുള്ള ഗ്രന്ഥം പ്രസിദ്ധീകരിക്കുമെന്ന യാതൊരു വാഗ്ദാനവും ആദ്യവാല്യത്തിൽ നൽകിയിരുന്നില്ല. മറിച്ച്, വിശുദ്ധ ഖുർആന്റേയും നബി(സ) തിരുമേനിയുടേയും സത്യത്തിലേക്ക് 300 പ്രബലങ്ങളായ തെളിവുകൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു ബൃഹത് ഗ്രന്ഥം ഖണ്ഡശഃ പ്രസിദ്ധീകരിക്കുമെന്ന് മാത്രമേ വെളിപ്പെടുത്തിയിരുന്നുള്ളൂ. ആദ്യ നാല് ഭാഗത്തിനുശേഷം, ദൈവേംഗിതപ്രകാരം, ബാക്കിഭാഗങ്ങൾ ഒഴിവാക്കുകയും 1905-ൽ 5-ാം ഭാഗം പ്രസിദ്ധീകരിക്കുകയും ചെയ്തു.

'ബറാഹീനെ അഹ്മദിയ്യാ' പ്രസിദ്ധം ചെയ്യുന്നതിന് തന്റെ വിളംബരപ്രകാരം സഹായമായും മുൻകൂറായും പൈസ നൽകിയവരെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ വിളംബരപ്പെടുത്തി:

"ഞാൻ അവരുടെ പണം എടുത്തു പറ്റിക്കളഞ്ഞു എന്ന് വിചാരിക്കുന്നവർ ദയവുണ്ടായി എന്നെ അക്കാര്യം അറിയിക്കട്ടെ. ആ സംഖ്യക്ക് അവർക്ക് കിട്ടിയ പുസ്തകങ്ങൾ മടക്കിവാങ്ങിയിട്ട് സംഖ്യ തിരികെ കൊടുക്കുന്നതിന് ഞാൻ ഏർപ്പാട് ചെയ്യുന്നതാണ്. അത്തരക്കാർ എന്നെ ആക്ഷേപിക്കുകയോ, അധിക്ഷേപിക്കുകയോ ചെയ്യുന്നുവെങ്കിൽ, അല്ലാഹുവിനെ മുൻനിർത്തി ഞാനവർക്ക് ക്ഷമിച്ചുകൊടുക്കുന്നു. എന്നോട് ചെയ്ത തെറ്റിന് നാളെ ന്യായവിസ്താര നാളിൽ അവർ പിടിക്കപ്പെടുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല." (തബ്ലീഗെ രിസാല)

ഈ പ്രസ്താവന ആ മഹാത്മജൻ, പലവുരു ആവർത്തിച്ചു. പൈസ ആവശ്യപ്പെട്ടവർക്ക് അത് തിരികെ കൊടുക്കുകയും ചെയ്തു.

ചുരുക്കത്തിൽ, ഹിർഖൽ മുന്നോട്ട് വെച്ച കരാർ പാലനത്തിന്റെ മാനദണ്ഡവും വെള്ളിവെളിച്ചം കണക്കെ ഹദ്റത് അഹ്മദി (അ)ന്റെ ജീവിതത്തിൽ പുലർന്നു കാണുന്നു.

### പത്താമത്തെ ചോദ്യം: യുദ്ധം

ഹിർഖലിന്റെ അടുത്ത ചോദ്യം യുദ്ധത്തെക്കുറിച്ചായിരുന്നു. നബി(സ), ഇമാം മഹ്ദി 'യളഉൽ ഹർബു' (വാളുകൊണ്ടുള്ള യുദ്ധം നിർത്തൽ ചെയ്യും) എന്ന് ദീർഘദർശനം ചെയ്തിട്ടുണ്ട്.

അതേസമയം തെളിവുകളുടേയും സത്യസാക്ഷ്യങ്ങളുടേയും രംഗത്ത് നാവുകൊണ്ടും തൂലിക കൊണ്ടുമുള്ള ജിഹാദിൽ ഹദ്റത് അഹ്മദി (അ)ന്റെ പടനായകത്വം ഇന്നും അനിഷേധ്യമാണ്.

ആ മഹാത്മന്റെ ബദ്ധവൈരിയായിത്തീർന്ന് അഹ്ലെ ഹദീസ് നേതാവ് മൗലവി മുഹമ്മദ് ഹുസയിൻ ബട്ടാലവി പറയുന്നത് ഇവിടെ ശ്രദ്ധാർഹമാണ്:

"ധനം കൊണ്ടും ദേഹം കൊണ്ടും തൂലികകൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഈ ഗ്രന്ഥകർത്താവിനെപ്പോലെ (ബറാഹീനെ അഹ്മദിയ്യയുടെ കർത്താവായ ഹദ്റത് അഹ്മദ് (അ) - ലേഖ) ഇസ്ലാമിനുവേണ്ടി സേവനം ചെയ്തിട്ടുള്ളവർ പൂർവിക മുസ്ലിംകളിൽപ്പോലും വളരെ വിരളമായേ കാണപ്പെടുകയുള്ളൂ...."

(ഇശാഅത്തുസ്സുന്ന:)

സുപ്രസിദ്ധ പണ്ഡിതനും, മുഫസ്സിറും, ഒന്നാമത്തെ ഇന്ത്യാ വിദ്യാഭ്യാസവകുപ്പ് മന്ത്രിയുമായിരുന്ന മൗലാനാ അബുൽ കലാം ആസാദ് എഴുതുന്നു:

"അദ്ദേഹം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരിൽ വിജയശ്രീലാളിതനായ ഒരു സേനാപതിയുടെ ഭാഗമാണ് പൂർത്തിയാക്കിക്കൊണ്ടിരുന്നത്...... മിർസാ സാഹിബിന്റെ സാഹിത്യം, ക്രിസ്ത്യാനികൾക്കും ആര്യസമാജികൾക്കുമെതിരിൽ പുറത്തുവന്ന ആ സാഹിത്യം, പൊതുജനസമ്മതി നേടിക്കഴിഞ്ഞിട്ടുള്ളതാണ്... മിർസാ സാഹിബിന്റെ ഈ പ്രതിരോധമാകട്ടെ, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തണലിൽ കഴിഞ്ഞുകൊണ്ട് സാമ്രാജ്യശക്തിയുടെ ജീവൻ തന്നെയായി മാറിയ ക്രിസ്തുമതത്തിന്റെ ആദ്യകാല പ്രഭാവത്തെ കാറ്റിൽ പറത്തുകയും അങ്ങനെ ആയിരക്കണക്കിൽ ലക്ഷക്കണക്കിൽ മുസ്ലിംകൾ അതിന്റെ കൂടുതൽ ഭയാനകവും ആസൂത്രിതവുമായ ആക്രമണത്തിന്റ സ്വാധീനത്തിൽ നിന്നു രക്ഷപ്രാപിക്കുമാറാകയും ചെയ്തു. അതോടൊപ്പം ക്രിസ്തുമതത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യം വെറും പുകയായി മങ്ങിമറിഞ്ഞു തുടങ്ങി. ചുരുക്കത്തിൽ, മിർസാ സാഹിബിന്റെ ഈ സേവനം വരുന്ന തലമുറകൾക്ക് കനപ്പെട്ട സംഭാവനയായിത്തന്നെയിരിക്കും. എന്തെന്നാൽ, തൂലിക മുഖേനയുള്ള ജിഹാദ് നടത്തുന്നവരുടെ ആദ്യത്തെ നിരയിൽ തന്നെ സ്ഥാനമുറപ്പിച്ചുകൊണ്ട് അദ്ദേഹം ഇസ് ലാമിന്റെ ഭാഗത്ത് പ്രതിരോധ ധർമ്മം നിർവഹിക്കുകയും മുസൽമാൻ മാരുടെ സിരകളിൽ ജീവരക്തമോടുന്നേടത്തോളം കാലം, ഇസ്ലാം മതസംരക്ഷണത്തി

*(ശേഷം 32-ാം പേജിൽ)*

## ലേഖനം

# പശ്ചിമേഷ്യൻ സംഘർഷവും, ശാശ്വതപരിഹാരവും

**അൻവർ, പാലക്കാട്**

**പശ്ചിമേഷ്യയിൽ ഒരു രാഷ്ട്രീയ പരിഹാരം കാണാൻ കഴിയാത്ത വിധം ലോക മുസ്‌ലിംകൾ ദുർബലരും ഐക്യമില്ലാത്തവരുമായി കഴിഞ്ഞിരിക്കുന്നു. റസൂൽ തിരുമേനി(സ) പറഞ്ഞ സമൂലമായ ദൈവിക പരിഹാരത്തിലേക്ക് അവരുടെ ശ്രദ്ധ തിരിയട്ടെ.**

**ലോ**കം നിസ്സഹായരായി നോക്കിനിൽക്കേ പശ്ചിമേഷ്യ നീറിപ്പുകയുകയാണ്. ആഗോള എണ്ണവിപണിയെ താളം തെറ്റിക്കുന്ന പശ്ചിമേഷ്യൻ സംഘർഷങ്ങൾ ഒരു സമാധാനപ്രശ്നം എന്നതിലുപരി മനുഷ്യന്റെ സമസ്തജീവിതമേഖലയേയും ദുസ്സഹമാക്കിക്കൊണ്ടിരിക്കുന്ന ഒരു ആഗോളവിപത്തായി വളർന്നിട്ടും യഹൂദ ധാർഷ്ട്യത്തിനു മുമ്പിൽ യാതൊന്നും ചെയ്യാനാവാതെ ലോകം പകച്ചു നിൽക്കുകയാണ്. ഏതാ ണ്ട് 60 ലക്ഷത്തോളം ജനസംഖ്യയുള്ള ജൂത രാഷ്ട്രമായ ഇസ്രായീലിന്റെ സാമ്രാജ്യ വികസന മോഹവും ലോകമനസ്സാക്ഷിയോടുള്ള ധിക്കാരവുമല്ലാതെ ഇത് മറ്റൊന്നുമല്ല.

'ഹമാസ് എന്ന സംഘടന തങ്ങളുടെ ഒരു ഭടനെ റാഞ്ചിയത് മോചിപ്പിക്കാനാണെന്ന പേരിലാണ് ഇപ്പോഴത്തെ പടപ്പുറപ്പാട്. അതിന് ക്രൂ രതയുടെ ഏതറ്റവും പോകാനും ഇസ്റായേൽ തയ്യാറാണ്. എല്ലാവിധ അന്താരാഷ്ട്ര ധാരണകളും മര്യാദകളും കാറ്റിൽ പറത്തിക്കൊണ്ട് ലോകത്തിനാകമാനം ഭീഷണിയായി ഇസ്റായേൽ ഇതിനകം മാറിക്കഴിഞ്ഞിരിക്കുന്നു. ഫലസ്തീനിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഹമാസ് ഭരണകൂടം ഭീകരവാദികളുടെ ഒരു കൂട്ടുസംരംഭമാണെന്നും അതിന് നിലനിൽപ്പില്ലെന്നും അതിനെ അംഗീകരിക്കാൻ കഴിയില്ലെന്നും പറ ഞ്ഞുകൊണ്ട് അതിന്റെ ഭരണാരംഭം മുതൽ തന്നെ ഹമാസിനെതിരെ ഇസ്രായീൽ രംഗത്തു വന്നതാണ്. മാത്രമല്ല ഹമാസിന്റെ മുതിർന്ന നേ താക്കളെ പേരെടുത്ത് പറഞ്ഞുകൊ ണ്ട് വധിക്കുമെന്നു ഭീഷണി മുഴക്കിയതുമാണ്. ഫലസ്തീനിൽ ഹമാസ് ഭരണത്തിലേറുന്നതിന് മുമ്പ് തന്നെ ഇസ്രായീലിന്റെ ആക്രമണങ്ങളെയും അതിക്രമങ്ങളെയും ആ സംഘടന പ്രതിരോധിച്ചിട്ടുണ്ട്. ഇസ്രായീലിന്റെ ഭീകരത സഹിക്കവയ്യാതായ ഹമാസ് തീവ്രവാദത്തിന്റെ വഴി തിരഞ്ഞെടുക്കാൻ നിർബന്ധിതരാവുകയായിരുന്നു. ഇസ്രയേൽ എന്ന ഭീകരതയുടെ ചളിക്കുണ്ട് നിലനിൽക്കുന്നിടത്തോളംകാലം തീവ്രവാദത്തിന്റെ രോഗാണുക്കൾ പശ്ചിമേഷ്യയെ വിട്ടൊഴിയില്ല. ജനങ്ങൾക്കിടയിൽ ഹമാസ് സ്വാധീനം നേടുകയായിരുന്നു. അങ്ങനെ ഫലസ്തീനിൻ തിരഞ്ഞെടുപ്പിൽ 'ഫത്താ' പാർട്ടിയെ തോൽപിച്ചുകൊണ്ട് ഹമാസ് വൻഭൂരിപക്ഷത്തോടുകൂടി അധികാരത്തിലേറുകയും ചെയ്തു. ഇത്രയും ജനസ്വാധീനത്തിൽ വൻഭൂരിപക്ഷത്തോടെ ഫലസ്തീൻ ജനത തിരഞ്ഞെടുത്ത സർക്കാറിനെ ഇസ്റായേൽ അംഗീകരിക്കുന്നില്ല. ഫലസ്തീന്റെ ഭൂമി കവർന്നെടുത്ത ഇസ്രായേലിന്റെ ദുഷ്ടത വീണ്ടും ആളിക്കത്തുകയായിരുന്നു. പി.എൽ.ഒ. അധികാരത്തിലിരിക്കുന്ന സമയത്ത് നൽകി വന്ന എല്ലാ സഹായങ്ങളും യൂറോപ്യൻ യൂണിയനടക്കം ഉള്ള രാജ്യങ്ങളെക്കൊണ്ട് നിർത്തിവെപ്പിക്കാൻ അമേരിക്കയുടെ സഹായത്തോടെ അവർക്കു സാധിച്ചു. മാത്രമല്ല, ഇസ്രായീൽ നികുതിയിനത്തിൽ ഫലസ്തീന് നൽകാനുള്ള വിഹിതവും നൽകിയില്ല. ഇതോടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ ആ രാജ്യം സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പോലും പണമില്ലാതെ കുഴങ്ങുകയാണ്.

മറുവശത്ത് അമേരിക്ക എന്ന ലോകപോലീസിന്റെ നിർലോപമായുള്ള സഹായവും സഹകരണവും ഇസ്രായീലിന് എന്തും ചെയ്യാനുള്ള ധൈര്യം നൽകി. ഈ ഞെറികേടുകളും അന്യായങ്ങളും ആ രാജ്യത്തിന്റെ സ്വയം പ്രതിരോധാവകാശമാണെന്നും പറഞ്ഞു ന്യായീകരിക്കുന്ന അമേരിക്ക കോടിക്കണക്കിന് ഡോളർ ധനമായും അത്യാധുനിക ആക്രമണ ശേഷിയുള്ള ആയുധങ്ങളും ഇസ്രാ

യീലിന് നൽകുകയും ചെയ്യുന്നു.

ഈയിടെ ഇറാൻ പ്രസിഡന്റ് മഹ്മൂദ് അഹ്മദ് നിജാദ് ഇസ്രായീലിനെ കുറിച്ച് നടത്തിയ പരാമർശം ശ്രദ്ധേയമാണ്. നാസികൾ ജൂതരെ കൊന്നൊടുക്കിയെന്നു പറയുന്ന 'ഹോളോകാസ്റ്റ്' ഒരു കെട്ടുകഥയാണെന്നും ഇസ്രായീൽ എന്ന രാഷ്ട്രം ശരിക്കും സ്ഥാപിതമാകേണ്ടത് യൂറോപ്പിലാണെന്നും അതിനെ അറബ് മണ്ണിൽ നട്ടത് ശരിയല്ലെന്നും പറഞ്ഞ അദ്ദേഹം ലോകഭൂപടത്തിൽ നിന്നും ഇസ്രായീലിനെ തുടച്ചുനീക്കുമെന്നും പറഞ്ഞു. അമേരിക്കയുടെ എതിർപ്പിന് കാരണമായ ആ പ്രസ്താവന ഇറാനെ ലോകസമാധാനത്തിന് ഭീഷണിയായ ഒരു തെമ്മാടി രാഷ്ട്രമാണെന്ന പട്ടികയിലെത്തിക്കുകയാണ് ചെയ്തത്. അമേരിക്കയും ഇസ്റായേലും ചേർന്ന് ഇറാനിൽ ഇറാഖ് ആവർത്തിക്കാനുള്ള തയ്യാറെടുപ്പ് നടത്തുകയാണ്.

കാര്യങ്ങൾ ഇത്രത്തോളം എത്തിനിൽക്കുമ്പോഴാണ് ഇസ്രയേൽ ഭടനായ 19കാരൻ ഗിലാദ് ഷാലിത്തിനെ ഹമാസ് തട്ടിക്കൊണ്ടുപോകുന്നതും മോചനദ്രവ്യമായി ഇസ്രായേലിന്റെ വിവിധ ജയിലുകളിൽ കഴിയുന്ന ഏതാണ്ട് പതിനായിരത്തോളം വരുന്ന തടവുകാരിൽ നിന്നും വളരെ ദുർബലരായ ആയിരം സ്ത്രീകളെയും കുട്ടികളെയും വിട്ടുതരണമെന്നാവശ്യപ്പെടുന്നത്. ഇത് ഫലസ്തീനെ ആക്രമിക്കാൻ തക്കം പാർത്തിരുന്ന ഇസ്രായീലിന് ആക്രമണം നടത്താൻ ഒരു കാരണമായി ത്തീർന്നു.

ഫലസ്തീനിൽ ഇസ്രയേൽ നരവേട്ട തുടർന്ന് കൊണ്ടിരിക്കുന്ന സമയത്താണ് ദൈവത്തിന്റെ പാർട്ടി എന്നർത്ഥം വരുന്ന ലെബനനിലെ 'ഹിസ്ബുള്ള' പോരാളികൾ രണ്ട് ഇസ്രായേലി സൈനികരെ പിടികൂടുകയും ഒരു ഇസ്രയേൽ പൗരനും എട്ട് സൈനികരുമുൾപ്പെടെ ഒമ്പതാളെ വധിക്കുകയും ചെയ്തത്. ഇതോടെ ഇസ്രയേൽ ലബനന് നേരെയും തിരിഞ്ഞു. കൂടുതൽ ദൂരത്തുള്ള ലക്ഷ്യങ്ങൾ ആക്രമിക്കാൻ ശേഷിയുള്ള സിറിയൻ നിർമിതമായ 'കത്യൂഷ' റോക്കറ്റുപയോഗിച്ച് ഏതാനും ഇസ്രയേലികളെക്കൂടി ഹിസ്ബള്ള വധിച്ചതോടെ സിറിയയും ഇസ്രയേലിന്റെ നോട്ടപ്പുള്ളിയായി. സിറിയയെ ഇസ്രയേൽ ആക്രമിക്കുന്ന സാഹചര്യമുണ്ടായാൽ തങ്ങൾ സിറിയയുടെ കൂടെ നിൽക്കുമെന്ന് ഇറാൻ പ്രഖ്യാപിച്ചു കഴിഞ്ഞു.

അങ്ങനെ പശ്ചിമേഷ്യയിൽ കഴിഞ്ഞ അഞ്ച് പതിറ്റാണ്ടായി തുടർന്നുവരുന്ന അക്രമപരമ്പരകളുടെ മറ്റൊരു നരമേധത്തിന്റെ ഭീകരരംഗങ്ങൾ ലോകത്തിന്റെ നിസ്സംഗതയിൽ വീണ്ടും അരങ്ങേറുകയാണ്

120 കോടിയിലേറെ വരുന്ന ജനങ്ങളെ ഉൾക്കൊള്ളുന്ന 50ലേറെ മുസ്ലിം രാഷ്ട്രങ്ങൾ ഇന്നുണ്ട്. ലോകത്തിന്റെ പിന്നോക്കക്കാരിൽ പിന്നോക്കം നിൽക്കുന്ന ഈ രാഷ്ട്രങ്ങൾ ദുർബലമെന്ന് മാത്രമല്ല അനൈക്യത്തിന്റേയും പരസ്പര ശത്രുതയുടേയും പടക്കളം കൂടിയാണ്. അൻപതിലേറെ ഇസ്ലാമിക രാജ്യങ്ങളുടെ സംഘടനയായ ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോൺഫറൻസ് (ഓ.ഐ.ഡി) എന്ന സംഘടന ലോ കാഭിപ്രായത്തെ സ്വാധീനിക്കാനോ, ലോക രാഷ്ട്രീയത്തിൽ ചലനങ്ങൾ സൃഷ്ടിക്കാനോ കഴിയാത്ത പരിഹാസ്യമാം വിധം ദുർബലവും ശവപ്രായവുമായ ഒരു മുസ്ലിം കൂട്ടായ്മയാണ്.

ലെബനൻ പ്രശ്നത്തിൽ മുസ്ലിം രാഷ്ട്രങ്ങളുടെ തറവാടായ സൗദി അറേബ്യ പ്രതികരിച്ചത് ആ ലെബനൻ കാണിച്ചത് എടുത്ത് ചാട്ടമാണെന്നും അവർ സ്വയം വരുത്തിവെച്ചത് അവർ തന്നെ അനുഭവിക്കട്ടെ എന്നാണ്. ഇത് ഇസ്രായീലിന്റെ ആക്രമണത്തിന്നുള്ള അംഗീകാരമാണ്.

ധാർമ്മികമായും മതപരമായും അങ്ങേയറ്റം ദുഷിച്ചുപോയ ആഗോള മുസ് ലിം സമൂഹത്തിന് ഇനിയൊരു രാഷ്ട്രീയ പരിഹാരം സാധ്യമല്ലാത്ത വിധം അധഃപതനത്തിന്റെ ഗർത്തങ്ങളിൽ ആപതിച്ചുപോയിരിക്കുന്നു. സമൂലമായ ഒരു പരിവർത്തനവും പുനരുജ്ജീവനുമാണ് ഇനി അവരുടെ രക്ഷാസരണി. ലോകമുസ്ലിം വേദികളിലിരുന്ന് രാഷ്ട്രീയവും സൈനികവുമായ പരിഹാരങ്ങളെ പറ്റി ആലോചിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു. മുസ്ലിം ഭരണനായകന്മാരും, മതപണ്ഡിതന്മാരും, രാഷ്ട്രീയ പണ്ഡിറ്റുകളും മുഹമ്മദ് നബി (സ) ദീർഘദർശനം ചെയ്ത ദുരിതങ്ങളുടെ കാലമാണിതെന്നും അതിന്റെ പരിഹാരം അവിടുന്ന് വാഗ്ദാനം ചെയ്ത വാഗ്ദത്ത മസീഹിലൂടെയുള്ള ഇസ്ലാമിന്റെ പുനരുജീവനമാണെന്നും തിരിച്ചറിയുക.

1400 വർഷം മുമ്പ് ഹ: മുഹമ്മദ് മുസ്തഫ (സ:അ)പ്രവചിച്ച മഹ്ദി മസീഹിനെ അവർ ഇനിയും വേഗം തിരിച്ചറിയട്ടെ. മുസ്ലിം ലോകത്തിന് നേതൃത്വം നൽകാൻ ഒരു നേതാവിനെ പിൻപറ്റാതെ രക്ഷയില്ല. വാഗ്ദത്ത മഹ്ദി മസീഹിലൂടെ അള്ളാഹുവിനാൽ സ്ഥാപിതമായ അഹ്മദിയ്യാ ഖിലാഫത്തിന് ആഗോള നേതൃത്വവും നേതാവും ഉണ്ട്. ഏതാ ണ്ട് 190 രാഷ്ട്രങ്ങളിൽ 20 കോടിയോളം അംഗങ്ങളുള്ള ഈ ജമാഅത്ത് ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഇസ്ലാമിന്റെ വിജയത്തിന്നായി അഹോരാത്രം മുന്നേറുന്നു കാഴ്ച കാണാനുള്ള സത്യദൃഷ്ടി അവർക്കുണ്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. n

## യഹൂദികളും യുദ്ധവും

അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടതാണെന്ന് യഹൂദികൾ പറയുന്നു. അവർ ഇങ്ങനെ പറയുന്ന കാരണത്താൽ അവരുടെ കൈകൾ തന്നെ ബന്ധിക്കപ്പെടുന്നതും അവർ ശിക്ഷിക്കപ്പെടുന്നതുമാണ്......

അവർ യുദ്ധത്തിനുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനുവേണ്ടി അവർ ഓടിനടക്കുയാണ് അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല"

(വിശുദ്ധ ഖുർആൻ 5:65)

ലേഖനം

# മൗലാനാ അബുൽ അഅ്‌ലാ മൗദൂദി: ക്രിസ്ത്യാനികളുടെ ജാരനോ? യഹൂദികളുടെ ചാരനോ?

കലീം എം.എസ്.

**മുസ്‌ലിംകളെ ദിവാസ്വപ്നക്കാരും കർമ്മവിമുഖരുമാക്കുന്ന മൗദൂദിയുടെ വിശ്വാസം ക്രിസ്ത്യാനികളേയും യഹൂദികളേയും സഹായിക്കുന്നതാണ്. അദ്ദേഹമെഴുതിയ 'ഖതമുന്നുബുവ്വത്ത്' എന്ന കൃതിയെ ആധാരമാക്കി ഒരു നിരൂപണം**

ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ മൗലാനാ മൗദൂദി ക്രിസ്തീയ വിശ്വാസത്തിന്റേയും ഇസ്രയേലിന്റെ സാമ്രാജ്യത്വ അജണ്ടയുടേയും മുസ്‌ലിം പണ്ഡിതന്മാർക്കിടയിലെ രഹസ്യകാമുകനാണോ? അദ്ദേഹത്തിന്റെ എഴുത്തുകൾ നാം വായിക്കുമ്പോഴും, പരമാചാര്യന്റെ വിശ്വാസങ്ങൾ സംരക്ഷിക്കാൻ ജമാഅത്തെ ഇസ്‌ലാമി കാണിക്കുന്ന വെപ്രാളം കാണുമ്പോഴും അങ്ങനെ സംശയിച്ചുപോകുന്നു?

മടവൂർ ഗ്രൂപ്പ് മുജാഹിദുകളുടെ പത്രമായ 'വർത്തമാന'ത്തിൽ ഈയിടെയാണ് 'യേശുവിന്റെ കല്ലറ കാശ്മീരിൽ' എന്ന റിപ്പോർട്ട് വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചത്. ചിന്താശീലരായ മുസ്‌ലിംകൾക്കിടയിലും എന്തിനധികം ക്രിസ്ത്യാനികൾക്കിടയിൽ വരെ യേശു മരിച്ചുപോയി എന്നുള്ള വിശ്വാസം ബലപ്പെട്ടുവരികയാണ്. എന്നിരിക്കെ പണ്ട് ക്രിസ്ത്യാനികളിൽ നിന്നും മുസ്‌ലിം കളിലേക്ക് പകർന്ന ഈ വിശ്വാസം നിലനിർത്താൻ ജമാഅത്തെ ഇസ്‌ലാമിക്കാർ നടത്തുന്ന ശ്രമങ്ങളും വിഭ്രാന്തിയും ദുരൂഹമാണ്.

ക്രിസ്ത്യാനികൾ യേശു ദൈവപുത്രനാണ് എന്ന് സ്ഥാപിക്കുന്നതിന് ഉപയോഗിക്കുന്ന ഏറ്റവും പ്രാമാണികമായ വാദം യേശുവിന്റെ അത്ഭുതപ്രവൃത്തിയും, ഉയിർത്തെഴുന്നേൽപ്പും, ആകാശവാസവും അവസാനകാലത്തെ അവരോഹണവുമാണ്. യേശു 36 അത്ഭുതപ്രവൃത്തികൾ കാണിച്ചതായി ബൈബിൾ പറയുന്നു. ആ 36 എണ്ണത്തിലും മൗദൂദി സാഹി ബും ജമാഅത്തെ ഇസ്‌ലാമിയും വിശ്വസിക്കുന്നു. ഇനി നമുക്ക് മൗലാനാ മൗദൂദിയുടെ സ്പെഷ്യൽ ക്രിസ്തീയ വിശ്വാസം എന്താണെന്ന് നോക്കാം. യേശു കുരിശിൽ മരിച്ചതിന് ശേഷം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് പോയി ദൈവത്തിന്റെ വലത് ഭാഗത്തിരുന്ന് പ്രപഞ്ചഭരണം നടത്തുന്നു എന്നാണല്ലോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. സാധാരണ യാഥാസ്ഥിതിക മുസ്‌ലിം പണ്ഡിതന്മാർ ക്രിസ്ത്യാനികളുടെ ഈ വിശ്വാസത്തിൽ നിന്നും വ്യത്യസ്തമായി യേശു മരിക്കാതെ തന്നെ അദ്ദേഹത്തെ ശത്രുക്കൾ പിടിക്കാൻ വന്നപ്പോൾ അല്ലാഹു മലക്കുകളെ അയച്ച് ആകാശത്തേക്ക് എടുത്തുകൊണ്ടുപോയി എന്നാണ് വിശ്വസിക്കുന്നത്. എന്നാൽ മൗലാനാ മൗദൂദി ക്രിസ്ത്യാനികളുടെ ഉയിർത്തെഴുന്നേൽപ്പ് സിദ്ധാന്തത്തിന് ഉപോൽ ബലകമായി തന്റെ 'ഖതമുന്നുബുവ്വത്ത്' എന്ന കൃതിയിൽ ഒരു വാദമുയർത്തുന്നത് നോക്കൂ!

'വാദത്തിനുവേണ്ടി അദ്ദേഹം മരണമടഞ്ഞുവെന്നുതന്നെ സങ്കല്പിക്കുക എങ്കിൽ പോലും അദ്ദേഹത്തെ പുനർജ്ജീവിപ്പിച്ചു എഴുന്നേൽപ്പിച്ചു കൊണ്ടുവരുവാൻ അല്ലാഹു ശക്തനാണ് (ഖതമുന്നുബുവ്വത്ത് പേ. 79 IPH, IVth Edition) വാദത്തിനുവേണ്ടി' എന്ന് പറഞ്ഞു ക്രിസ്ത്യാനികളുടെ വാദം ഉയർത്തുന്ന മൗലാനാ തെളിവിന് വേണ്ടി അടിക്കുറിപ്പിൽ മുസ്‌ലിംകളുടെ ഏറ്റവും ആധികാരികപ്രമാണമായ ഒരു ഖുർആൻ ആയത്ത് തന്നെ ഉദ്ധരിച്ച് ഈ ക്രിസ്തീയ വിശ്വാസത്തെ ഖുർആനിക വചനങ്ങളിലൂടെ ബലപ്പെടുത്താൻ ശ്രമിക്കുന്നത് നോക്കൂ.

"വല്ലവനും ഈ സംഗതി (മരിച്ചതിന് ശേഷമുള്ള ഉയിർത്തെഴു


ന്നേൽപ്പ്) നിഷേധിക്കുന്നുവെങ്കിൽ അവൻ സൂറത്തുൽ ബഖറ: 252-ാമത്തെ ആയത്ത് നോക്കട്ടെ. അല്ലാഹു തന്റെ അടിമയെ നൂറുകൊല്ലം മരിപ്പിച്ചിട്ട് വീണ്ടും ജീവിപ്പിച്ചു എന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. (ഖത്മുന്നുബുവ്വത്ത് പേ. 79).

അതുകൊണ്ടാണ് ക്രിസ്തീയ വിശ്വാസം മൗലാനയിൽ പൂർണമാവുന്നു എന്ന് പറയുന്നത്. ലോകത്തിലെ ഏറ്റവും വലിയ മതമായ ക്രിസ്തുമതമാണ് കോടിക്കണക്കിന് വിശ്വാസികളെ കടുത്ത ശിർക്കിൽ കുടുക്കിയിട്ടിരിക്കുന്നത്. അവർ യേശുവിനെ ദൈവപുത്രനായും ദൈവമായും ഉയർത്തിക്കാട്ടുന്നു. ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന മരിച്ചവനെ ജീവിപ്പിക്കുക. ജീവികളെ സൃഷ്ടിക്കുക ഞൊടിയിട മാത്രയിൽ രോഗം മാറ്റുക എന്നീ പ്രവൃത്തികളെല്ലാം യേശു ചെയ്തുവെന്നും ഉയിർത്തെഴുന്നേൽപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം ആകാശത്ത് രണ്ടായിരം കൊല്ലമായി വസിക്കുന്നുവെന്നും അ വസാനകാലത്ത് ഭൂമിയിലേക്ക് അവരോഹിയാവുമെന്നും ക്രിസ്ത്യാനികളെപ്പോലെ മൗലാനാ മൗദൂദിയും അനുയായികളും വിശ്വസിക്കുന്നു. ഇരുകൂട്ടരും ഒരുപോലെ പങ്കുവെക്കുന്ന യേശുവിന്റെ ദൈവപ്രവൃത്തികൾ തെളിവുകളായി നിരത്തിയാണ് ക്രിസ്ത്യാനികൾ യേശു ദൈവവും ദൈവപുത്രനുമാണെന്നും വാദിക്കുന്നത്. പക്ഷേ മൗലാനാ മൗദൂദിയും കൂട്ടരും യേശു ദൈവമാണെന്നും ദൈവപുത്രനാണെന്നും ക്രിസ്ത്യാനികളെപ്പോലെ പറയുന്നില്ല എന്ന് മാത്രം. പണ്ട് കുതിരപ്രേമിയായ രാജാവ് തന്റെ കുതിര ചത്തെന്ന് ആരെങ്കിലും പറഞ്ഞാൽ തട്ടിക്കളയുമെന്ന് ആജ്ഞ പുറപ്പെടുവിച്ച ഒരു കഥയുണ്ട്. കുതിര ചത്തപ്പോൾ ഭൃത്യൻ രാജാവിന്റെ അടുത്ത് ചെന്നു: 'രാജാവേ, കുതിരയുടെ ചലനം നിലച്ചു; ശ്വാസവും നിലച്ചു, ഹൃദയമിടിപ്പും നിലച്ചിരിക്കുന്നു' എന്ന് അറിയിച്ചു. അപ്പോൾ രാജാവ് പരിഭ്രമത്തോടെ ചോദിച്ചു: 'എന്റെ കുതിര ചത്തോ?' ഭൃത്യൻ പറഞ്ഞു: 'അത് മാത്രം ഞാൻ പറയില്ല, പറഞ്ഞാൽ രാജാവ് എന്നെ വധിച്ചുകളയുമല്ലോ'! അത്പോലെ ദൈവത്തിന് ചേർന്ന എല്ലാ ഗുണങ്ങളും യേശുവിലുണ്ടെന്ന് ക്രിസ്ത്യാനികളെപോലെ മൗലാനാ മൗദൂദിയും വിശ്വസിക്കുന്നു. പക്ഷേ, ദൈവപുത്രനാണെന്ന് മാത്രം പറയുന്നില്ല എന്ന വ്യത്യാസം മാത്രം. ക്രിസ്ത്യാനികളെക്കാൾ വീറോടെ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുകയും അവരോടൊപ്പം ചേർന്ന് യേശുവിന്റെ വരവ് പ്രതീക്ഷിച്ച് മാനം നോക്കിയിരിക്കുകയും ചെയ്യുന്ന മൗലാനാ മൗദൂദിക്കും ജമാഅത്തെ ഇസ്‌ലാമിക്കും റസൂൽ തിരുമേനി(സ)യുടെ തൗഹീദിൽ കൈവെക്കാൻ എന്തർഹത? 200 കോടി ക്രിസ്ത്യാനികളെ തൗഹീദിലേക്ക് നയിക്കാൻ ഈസാനബി(അ) മരണത്തെപ്പോലെ ശക്തമായ മറ്റൊരു സമരായുധമില്ലെന്ന് വിവേകികളും ചിന്താശീലരുമായ ജമാഅത്തെ ഇസ്‌ലാമിയുവാക്കളെങ്കിലും മനസ്സിലാക്കട്ടെ. അമേരിക്കയേയും യൂറോപ്പിനേയും തൗഹീദിലേക്ക് കൊണ്ടുവരുവാൻ അതിന് കെല്പുണ്ട്.!

ഈസാനബി(അ)യുടെ ആകാശാരോഹണ സിദ്ധാന്തം ന്യായീകരിക്കാൻ വിശുദ്ധ ഖുർആനിലെ അൽമായിദ സൂറത്തിലെ 'ഫലമ്മാതവഫ്ഫയ്ത്തനീ' (5:117) എന്ന ആയത്തിന്ന് 'എന്നെ നീ മരിപ്പിച്ചപ്പോൾ' എന്നാണ് ശരിയായ അർത്ഥം. എന്നാൽ ജമാഅത്തെ ഇസ്‌ലാമിക്കാർ (പ്രബോധനം 2006 ജൂലൈ 29. പേ 26) കൊടുത്ത അർത്ഥം 'നീ എന്നെ ഏറ്റെടുത്തതിൽ പിന്നെ' എന്നാണ്. വിചിത്രമായ ഒരർത്ഥമാണിത്. സാധാരണ അടച്ചുപൂട്ടിയ കമ്പനികൾ സർക്കാർ 'ഏറ്റെടുക്കുന്നതായി' നാം പത്രത്തിൽ വായിക്കാറുണ്ട്. ജീവനുള്ള ഈസാനബിയെ എങ്ങനെയാണ് ദൈവം ഏറ്റെടുത്തതെന്ന് മുജീബ് തന്നെ ജവാബ് തന്ന് വായനക്കാരെ ആശയക്കുഴപ്പത്തിൽ നിന്ന് സലാമത്താക്കണം. ഏതായാലും 'ഏറ്റെടുത്തതിൽ പിന്നെ' എന്നതിന് പകരം സ്വർഗ്ഗാരോഹണം, ഉയിർത്തെഴുന്നേൽപ്പ് എന്നൊന്നും പ്രയോഗിക്കാത്തത് ഭാഗ്യം.

## ഈസാനബിയും ജൂതന്മാരുടെ ഉന്മൂലനവും

ഫലസ്തീൻ, ഇറാഖ്, ലെബനാൻ-യഹൂദികൾ നട്ടെല്ലൊടിച്ച്, നിലം പരിശാക്കിക്കൊണ്ടിരിക്കുന്ന മുസ്‌ലിം ദേശങ്ങൾ ഏറിവരികയാണ്. മധ്യപൗരസ്ത്യദേശത്തെ എല്ലാ മുസ്‌ലിംരാജ്യങ്ങളുടെമേലും എപ്പോഴാണ് യഹൂദരുടെ അക്രമണമുണ്ടാകുക എന്ന് പറയാൻ സാധ്യമല്ല. ഭയചകിതരായി നിസ്സഹായാവസ്ഥയിൽ കഴിയുന്ന മുസ്‌ലിം ലോകത്തിന്ന് - വിശ്വാസദാർഢ്യമോ, പ്രതിരോധശക്തിയോ സാങ്കേതിക വിദ്യയോ ഇല്ലാത്തതാണ് ഇതിന് കാരണമെന്ന് അവരോട് സഹതാപമുള്ളവരെല്ലാം ഒരുപോലെ അഭിപ്രായപ്പെടുന്നു. ഇതെല്ലാം എത്രയും വേഗം മുസ്‌ലിംകൾ നേടിയെടുക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ മൗലാന മൗദൂദിയുടെ പരിഹാരമാർഗ്ഗം ഏറെ വിചിത്രമാണ്. ജിഹാദിന്റെ വാക്താവാണെങ്കിലും ജൂതന്മാർക്കെതിരെ നാമൊന്നും ചെയ്യേണ്ട എന്നാണ് മൗദൂദി പറയുന്നത്. മൂപ്പരുടേത് പണ്ട് അമേരിക്കൻ പ്രസിഡണ്ട് റൊണാർഡ് റീഗന്റെ പരിഗണനയിലുണ്ടായിരുന്ന 'സ്റ്റാർ വാർ' പോലെയുള്ള ആകാശവുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസലാണ്. അടുത്ത് തന്നെ ഈസാനബി ആകാശത്ത് നിന്ന് ഡമാസ്കസിലെ വെള്ള മിനാരത്തിനടുത്ത് ഇറങ്ങി ദജ്ജാലിനെ വകവരുത്തിയതിന് ശേഷം യഹൂദികളെ മുഴുവൻ കൊന്നൊടുക്കും എന്ന് പറഞ്ഞ് മഹാനവർകൾ മുസ്‌ലിംകളെ ആശ്വസിപ്പിക്കുകയാണ്. ലോക മുസ്‌ലിംകളുടെ നീറുന്ന പ്രശ്നത്തിന് മൗലാനയുടെ ആകാശീയമായ പരിഹാരം. ഇതിൽപരം ഒരാനന്ദവും ഒരു മനശ്ശാന്തിയും മുസ്‌ലിംകൾക്ക് മറ്റെന്തുണ്ട്? ഇനി മറ്റൊന്നും ചിന്തിക്കേണ്ട. എല്ലാം ഈസാനബി ശരിപ്പെടുത്തും എന്നു കരുതി ഒരിടത്തിരിക്കാമല്ലോ. ആധുനിക ലോകത്തെ മുജദ്ദിദാണോ എന്ന് ജമാഅത്തെ




***ഈസാനബി ഇറങ്ങുന്ന ഡമാസ്കസ് നഗരവും അവിടെ നിന്ന് ലുദ്ദിലേക്കുള്ള അദ്ദേഹത്തിന്റെ ദജ്ജാലിനെ കൊല്ലാനുള്ള പ്രയാണവും 'ഖതമുന്നുബുവ്വത്തി'ലെ മാപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു.***

ഇസ്‌ലാമിക്കാർ ഇടക്കിടക്ക് സംശയിക്കുന്ന മൗലാനാ ഇത് വെറുതെയങ്ങ് പറഞ്ഞല്ല. 'ഖതമുന്നുബുവ്വത്ത്' എന്ന തന്റെ പ്രഖ്യാത കൃതിയിൽ ഈസാനബി ഇറങ്ങുന്ന സ്ഥലവും ഇറങ്ങിയതിന് ശേഷം ദജ്ജാലിനെ കൊല്ലാനായി 'ലുദ്ദി'ലേക്കുള്ള സൈനിക നീക്കങ്ങളുമെല്ലാം തോതും സ്കെയിലും രേഖപ്പെടുത്തിയിട്ടുള്ള ഒരു മാപ്പിന്റെ സഹായത്തോടെയാണ് ആധുനിക വിജ്ഞാനീയങ്ങളിൽ നിഷ്ണാതനായ മൗലാനാ രേഖപ്പെടുത്തിയിരിക്കുന്നത്. ലുദ്ദ് ഇസ്രായേലിലാണ്. അവിടെ വെച്ച് ദജ്ജാലിനെ ശരിപ്പെടുത്തിയതിന് ശേഷം യഹൂദികളെ ഉന്മൂലനം ചെയ്യുമെന്നും മൗലാന പറയുന്നു. ഗ്യാസ് ചേംബറിൽ ഇട്ട് ഹിറ്റ്ലർ കൂട്ടക്കൊല നടത്തിയിട്ടും ബാക്കിയായവരാണ് യഹൂദികൾ. അങ്ങനെയെങ്കിൽ സർവ ജൂതന്മാരുടേയും അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്യുന്ന ഈ മഹാരഹസ്യം ഖതമുന്നുബുവ്വത്തിലൂടെ ഇങ്ങിനെ മാപ് വരച്ച് പരസ്യപ്പെടുത്താൻ പാടുണ്ടോ? മഹാസൂത്രശാലികളായ യഹൂദികൾ ഇത് വായിച്ചറിഞ്ഞ് ഈസാനബിക്കെതിരെ മറുതന്ത്രം പ്രയോഗിക്കില്ലേ? പണ്ട് തന്നെ അദ്ദേഹത്തെ ക്രൂശിച്ച് കൊല്ലാൻ ശ്രമിച്ചതാണ്. അതുകൊണ്ടായിരിക്കാം പുതിയ IPH പതിപ്പിൽ മാപ്പ് എടുത്തുകളഞ്ഞത്. മൗലാനയുടെ ഖത്മുന്നുബുവ്വത്ത് വായിച്ചിട്ടായിരിക്കാം ആ കാശത്ത് നിന്നും മിസൈലും റോക്കറ്റും വരുമ്പോൾ തകർത്തുകളയുന്ന ആന്റിബാലിസ്റ്റിക്ക് മിസൈലുകൾ ഇസ്രയേലിൽ മുഴുവൻ വിന്യസിച്ചിരിക്കുന്നത്. തങ്ങളെ നശിപ്പിക്കാൻ ഈസാനബി(അ) ആ കാശത്ത് നിന്ന് ഇറങ്ങുമ്പോൾ പ്രയോഗിക്കാമല്ലോ! അതുകൊണ്ട് മുസ്‌ലിംകൾ ജൂതന്മാർക്കെതിരെ മറ്റു ഉപാധികളെക്കുറിച്ചൊന്നും ചിന്തിച്ച് ബേജാറാകണ്ട. ഖതമുന്നുബുവ്വത്തിൽ മൗദൂദിസാ ഹിബ് എഴുതുന്നു.

*"ഈ ദുർബ്ബല നിമിഷത്തിലാണ് ഡമാസ്കസ്സിന്റെ പൂർവ്വഭാഗത്ത് സ്ഥിതിചെയ്യുന്ന വെൺമുനാരത്തിനടുത്ത് (ഈ വെൺമുനാരം ഇപ്പോഴും അവിടെ സ്ഥിതി ചെയ്യുന്നുണ്ട്) ഹ: ഈസാ (അ) പ്രഭാതവേളയിൽ ഇറങ്ങി വരിക. പ്രഭാത നമസ്കാരാനന്തരം ദജ്ജാലിനെ നേരിടുവാനായി മുസ്‌ലിംകളെ അദ്ദേഹം നയിക്കും മുസൽമാന്മാരുടെ ആക്രമണത്തിന്റെ ശക്തിയാൽ ദജ്ജാൽ പരാജയപ്പെട്ടു അഫീഖി (FIQ)ലെ ഗിരിവർഗ്ഗമാർഗ്ഗത്തിലൂടെ അവർ ഇസ്രാഈലിലേക്ക് മടങ്ങും. ഈസാ(അ) അവനെ പിന്തുടരും അവസാനം 'ലുദ്ദി' (Lydda) ലെ വിമാനത്താവളത്തിലെത്തുമ്പോൾ അവനെ അദ്ദേഹം സ്വകരത്താൽ വെട്ടിക്കൊല്ലും. അതിനുശേഷം യഹൂദികളെ ഓരോരുത്തരെയായി തിരഞ്ഞുപിടിച്ചു കൊല ചെയ്യും. അങ്ങനെ യഹൂദി സമുദായത്തെ അവസാനിപ്പിക്കും. ഹ:ഈസയുടെ ഭാഗത്ത് നിന്ന് യാഥാർത്ഥ്യം പ്രത്യക്ഷപ്പെടുന്നതോടെ ക്രിസ്ത്യാനിസം അവസാനിച്ചുപോവും. എല്ലാ സമുദായങ്ങളും ഏക മുസ്‌ലിം സമുദായത്തിൽ ലയിക്കും"* (ഖതമുന്നുബുവ്വത്ത് പേ. 10)

ബലേഭേഷ്!! ഈസാനബി ഇറങ്ങി ദജ്ജാലിനെ കൊന്ന് യഹൂദികളെ മുഴുവൻ കൊന്നൊടുക്കി ക്രിസ്ത്യാനിസവും അവസാനിപ്പിച്ചു. പിന്നെ ആഗോള ഹുക്കുമത്തെ ഇലാഹിയുടെ വസന്തകാലം!.... വെള്ളിത്തിരയിലെ ചലചിത്രം പോലെ ഭൂമിയിൽ മിന്നി മറിയുന്ന സംഭവപരമ്പരകളിലൂടെ ഇസ്‌ലാമിന്റെ ആഗോളവിജയം ഭാവനാസമ്പന്നനായ മൗലാന സാഹിബ് സ്വപ്നം കാണുന്നു. അദ്ദേഹത്തിന്റെ ഈ ഭ്രാന്തൻ ജല്പനം മുസ്‌ലിംകളെ ദിവാസ്വപ്നക്കാരും അന്ധവിശ്വാസികളുമാക്കി മാറ്റാനേ ഉതകൂ. അവരുടെ കർമ്മണ്യതയേയും യാഥാർത്ഥ്യബോധത്തേയും ഈ വ്യാജമായ വ്യാമോഹങ്ങൾ നശിപ്പിക്കുന്നു. വ്യാഖ്യേയങ്ങളായ പ്രതീകങ്ങളും പ്രവചനങ്ങളും ഉൾക്കൊള്ളുന്ന റസൂൽ തിരുമേനി (സ)യുടെ ആന്തരാർത്ഥങ്ങളുള്ള ഹദീസുകൾക്ക് ബാഹ്യമായ അർത്ഥങ്ങളും നിരർത്ഥകമായ വ്യാഖ്യാനങ്ങളും നൽകി നിഷ്ക്കളങ്കരായ മുസ്‌ലിം സമുദായത്തെ മിഥ്യാമോഹങ്ങൾക്കടിമപ്പെടുത്തുകയാണ് ഇതുകൊണ്ടുള്ള ഫലം. റസൂൽ തിരുമേനി (സ) പ്രവചനം ചെയ്ത ഇബ്നുമറിയം എന്ന അഭിധാനമുള്ള മഹാത്മാവ് യഥാകാലം ആഗതനായിരിക്കുന്ന എന്ന സത്യം അംഗീകരിക്കാതെ ആകാശക്കോട്ടകൾ പണിയുന്നവരോട് എന്ത് പറയാൻ!? n

നമ്മുടെ വിയോജിപ്പുകൾ
45

# ഇസ്റായേൽ സ്റ്റേറ്റ്

ഏ.പി. കുഞ്ഞാമു

**ലോകത്തിന്റെ നാനാഭാഗത്തും ചിതറിപ്പാർത്ത യഹൂദികൾ കൂടി ചേർന്ന് അവസാനകാലം ഇസ്റായേൽ സ്റ്റേറ്റ് രൂപീകരിക്കുമെന്നത് ഖുർആന്റെ വ്യക്തമായ പ്രവചനമാണ്. യഹൂദികളുടെ ഈ കുടിയേറ്റം താൽക്കാലികമാണെന്നും ഖുർആനിൽ സൂചനയുണ്ട്.**

ഇസ്രായേലിനെ സംബന്ധിച്ചുള്ളത് പൂർത്തിയായതും ഭാവിയിൽ പൂർ ത്തിയാകാനുള്ളതുമായ ഒരു പ്രവചനത്തെ സംബന്ധിച്ചുള്ള വിഷയമാണ്. യഹൂദർ രണ്ടു തവണ രണ്ടു പ്രവാചകന്മാരുടെ നാക്കിനാൽ ശപിക്കപ്പെട്ടതായി വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നു. ഈ ശാപത്തിന്റെ ഫലമായി അവർക്ക് അവരുടെ ഗേഹങ്ങളിൽ നിന്നു പുറത്തുപോയി അഭയാർത്ഥികളായി താമസിക്കേണ്ടി വന്നിട്ടുണ്ട്. അതു സംബന്ധിച്ച് ഖുർആൻ ഇങ്ങനെ പറയുന്നു. "നിങ്ങൾ ഈ നാട്ടിൽ രണ്ടു തവണ കുഴപ്പമുണ്ടാക്കുകയും വലിയ അക്രമം പ്രവർത്തിക്കുകയും ചെയ്യുമെന്ന് ആ ഗ്രന്ഥത്തിൽ ഇസ്രായിൽ സന്തതികൾക്ക് ഖണ്ഡിതമായി അറിയിപ്പ് നൽകുകയും ചെയ്യുകയുണ്ടായി. അങ്ങനെ ആദ്യത്തെ വാഗ്ദാനം (പൂർത്തിയാകുന്ന സമയം) ആഗതമായപ്പോൾ കഠിനമായ ആക്രമണശക്തിയുള്ള നമ്മുടെ ചില ദാസന്മാരെ നിങ്ങൾക്കെതിരിൽ നാം അയച്ചു. അവർ (നിങ്ങളുടെ ഗൃഹാന്തർഭാഗങ്ങളിൽ നുഴഞ്ഞുകയറി) നാശം വരുത്തി. ഇത് പൂർണ്ണമായും നടപ്പിൽ വരുത്തപ്പെടുന്ന ഒരു താക്കീതായിരുന്നു." (17:5,6).

ബാബിലോണിയായിലെ നബുഖദ്നസർ രാജാവിന്റെ ആക്രമണത്തെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന്റെ സൈന്യവും ഫലസ്തീൻ അക്രമിക്കുകയും അവിടുത്തെ രാജാവായ സദ്ഖിയായെ പരാജയപ്പെടുത്തി രാജ്യം കീഴടക്കിയശേഷം ഇസ്രായേൽ സന്തതികളെ അറുംകൊല ചെയ്യുകയും അവശേഷിച്ചവരെ ബാബിലോണിയായിലേക്ക് ബന്ധനസ്ഥരാക്കി കൊണ്ടുപോവുകയും ചെയ്തു. (രാജാക്കന്മാർ 11 അധ്യായം 25). വിശുദ്ധ ഖുർആൻ തുടർന്നു പറയുന്നു. "പിന്നീട് അവരെ ജയിച്ചടക്കാനുള്ള ശക്തി നാം നിങ്ങൾക്ക് തിരിച്ചു നൽകി. സമ്പത്തും കൊണ്ടും സന്തതികൾ കൊണ്ടും നാം നിങ്ങളെ സഹായിക്കുകയും കൂടുതൽ ജനസംഖ്യയുള്ള സമുദായമാക്കി നാം നിങ്ങളെ വളർത്തുകയും ചെയ്തു. (17:7)

ഒരു പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ അഥവാ ദുൽഖർനൈന്റെ സഹായത്തോടെയാണ് അവർക്ക് ഈ രണ്ടാം വിജയം കൈവന്നത്. അദ്ദേഹം ബാബിലോണിയായെ അക്രമിക്കുകയും നബുക്കദ് നസറുടെ ഭരണത്തെ തകർത്തു തരിപ്പണമാക്കുകയും ചെയ്തു. ഇസ്റായേല്യരുമായി സൈറസ് രഹസ്യ ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. അതുപ്രകാരം പിന്നീട് നഹെമിയി പ്രവാചകൻ മുഖേന ഇസ്രയേലികൾ വീണ്ടും ബൈത്തുൽ മുഖദ്ദസിൽ വന്ന് വാസമുറപ്പിച്ചു. (നഹേമിയാ - അധ്യായം 1, 2). വിശുദ്ധ ഖുർആൻ തുടർന്നു പറയുന്നു "നിങ്ങൾ നന്മ പ്രവൃത്തിക്കുന്നപക്ഷം നിങ്ങളുടെ ആത്മാക്കൾക്ക് തന്നെയാണ് നിങ്ങൾ നന്മ പ്രവൃത്തിക്കുന്നത്. ഇനി നിങ്ങൾ തിന്മ പ്രവർത്തിക്കുന്നപക്ഷം അത് അവർക്കു തന്നെ ദോഷമായിരിക്കും. പിന്നീട് താക്കീതായ വാഗ്ദാനം പൂർത്തിയാകുന്ന സമയം ആസന്നമായപ്പോൾ അവർ (നിങ്ങളുടെ ശത്രുക്കൾ) നിങ്ങളുടെ നേതാക്കന്മാരോട് അനിഷ്ടകരമായി പെരുമാറാനും ആദ്യത്തെ പ്രാവശ്യം അവർ പള്ളിയിൽ പ്രവേശിച്ചതുപോലെ പ്രവേശിക്കുവാനും അവർ ജയിച്ചടക്കിയതിനേയെല്ലാം തകർത്തു തരിപ്പണമാക്കാനും വേണ്ടിയാണിത്. (ഈ സംഭവവും പൂർത്തിയായി) (17:8)

റോമക്കാരനായ ടൈറ്റസിന്റെ ആക്രമണമാണ് ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. ജൂതന്മാർ റോമാസാമ്രാജ്യത്തിനെതിരിൽ വിപ്ലവം സംഘടിപ്പിക്കാൻ തയ്യാറെടുക്കുന്നുണ്ട് എന്ന വാർത്ത ലഭിച്ചതിനെ തുടർന്നാണ് ടൈറ്റസും സൈന്യവും ഫലസ്തീനെ ആക്രമിച്ച് നശിപ്പിച്ചത്. കുരിശുസംഭവത്തിനുശേഷം 70 കൊല്ലങ്ങൾക്ക്

കഴിഞ്ഞാണ് ഈ ആക്രമണമുണ്ടായത്. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക Jew എന്ന തലക്കെട്ട്) Historions History of the Worldലും ഇത് ചേർത്തിട്ടുണ്ട്. ആ അവസരത്തിൽ ടൈറ്റസ് ബൈത്തുൽ മുഖദ്ദസിനെ വളരെ അപമാനിക്കുകയും അവിടെ വെച്ചു പന്നിയെ ബലി അർപ്പിക്കുകയും ചെയ്തിരുന്നു.

വിശുദ്ധ ഖുർആൻ തുടർന്നു പറയുന്നു. "നിങ്ങളുടെ നാഥൻ ഇനിയും നിങ്ങളോടു കരുണ ചെയ്തേക്കാം. നിങ്ങൾ നിങ്ങളുടെ മുമ്പത്തെ സ്ഥിതി ആവർത്തിക്കുകയാണെങ്കിൽ നാമും (നമ്മുടെ ശിക്ഷാനടപടിയിലേക്ക്) മടങ്ങുന്നതാണ്. നരകത്തെ അവിശ്വാസികൾക്ക് ഒരു കാരാഗ്രഹമാക്കുകയും ചെയ്തിരിക്കുന്നു. (17:9)

ഇതിനുശേഷം എന്തൊക്കെ അനുഭവിക്കുമെന്നും വിശുദ്ധ ഖുർആൻ നമുക്ക് പറഞ്ഞുതരുന്നുണ്ട്. "അവസാനകാലത്തെ വാഗ്ദാനം പൂർത്തിയായാൽ നാം അവരെ (യഹൂദികളെ) ഒരുമിച്ചു കൂട്ടും." (17:105)

ഈ പ്രവചനവും നമ്മുടെ കാലത്താണ് പൂർത്തിയായത്. 1400 കൊല്ലങ്ങൾക്ക് മുമ്പു ചെയ്ത ഈ പ്രവചനപൂർത്തീകരണം വിശുദ്ധ ഖുർആന്റെ സത്യതയെയും അമാനുഷികതയേയും പ്രകാശിപ്പിക്കുന്നു. ഇന്ന് നാം യഹൂദികളെ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ഒരുമിച്ചുകൂട്ടി ഇസ്രായേൽ സ്റ്റേറ്റ് ഫലസ്തീനിൽ അവിടുത്തെ താമസക്കാരായ അറബികളെ പുറംതള്ളി യഅ്ജൂജ് മഅ്ജൂജിന്റെ സമ്മതത്തോടെ അതായത് അമേരിക്കയുടേയും റഷ്യയുടേയും അനുഗ്രഹാശിസ്സുകളോടെ അവിടെ അവരോധിച്ചിരിക്കയാണ്. ഇതു മനസ്സിലാക്കിത്തരുന്നത് അവസാനകാലത്തെ വാഗ്ദാനമായ വാഗ്ദത്ത മഹ്ദീമസീഹിന്റെ കാലത്താണ് ഈ പ്രവചനം പൂർത്തിയാകേണ്ടത് എന്നാണ്. അതും വളരെ വ്യക്തമായി പൂർത്തിയായിരിക്കുന്നു. 1948ലാണ് ഇസ്രായേൽ സ്റ്റേറ്റ് രൂപീകരിക്കുന്നത്. ഇന്ന് ആ സ്റ്റേറ്റ് മുസ്‌ലിം ലോകം അവിശ്വസിക്കുകയാണ്. ഫലസ്തീനിൽ നിന്നും ഈ സ്റ്റേറ്റിനു വേണ്ടി കുടിഒഴിപ്പിക്കപ്പെട്ടവർ മറ്റു അറബിനാടുകളിൽ അഭയാർത്ഥികളായി ജീവിതം നയിക്കുന്നു. യഹൂദികളുടെ മനസ്സിൽ ഇപ്പോഴുള്ള സ്റ്റേറ്റ് കൊണ്ടു അവർ തൃപ്തരല്ല. ജോർദ്ദാനും സിറിയയും ഇറാക്കും മദീനയടക്കമുള്ള അറേബ്യയും വരെ അവരുടെ സ്വപ്നസാമ്രാജ്യത്തിലുണ്ട്. ഇപ്പോൾ ലബ്നനിൽ അക്രമം അഴിച്ചുവിടുന്നവർ അടുത്തു തന്നെ ഇറാനേയും, സിറിയയേയും ആക്രമിച്ചുകൂടായ്കയില്ല. ഈ പദ്ധതി ആദ്യമേ അമേരിക്കയുടെ അജണ്ടയിൽ ഉണ്ടുതാനും. അങ്ങനെ സംഭവിച്ചാൽ വരാനിരിക്കുന്ന മൂന്നാം ലോകമഹായുദ്ധത്തിന്റെ തുടക്കമായി അതിനെ കാണുക എന്ന് റസൂൽ തിരുമേനിയുടെ ചില പ്രവചനങ്ങൾ സൂചന നൽകുന്നു. ഏതായാലും വാഗ്ദത്ത മസീഹിന്റെ പ്രവചനപ്രകാരം ആ മഹായുദ്ധത്തിന്റെ കേന്ദ്രീകരണം പശ്ചിമേഷ്യയിൽ തന്നെയാണ്.

ബുദ്ധിയുള്ള ജനങ്ങൾക്ക് ചിന്തിക്കാൻ പാകത്തിൽ അല്ലാഹു എല്ലാം വളരെ അർത്ഥഗഹനമായി ഖുർആൻ വചനങ്ങളിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. പ്രവാചകന്മാരുടെ ആഗമനം സത്യവിശ്വാസികൾക്ക് അനുഗ്രഹങ്ങൾക്ക് കാരണമാകുന്നതു പോലെ നിഷേധികൾക്ക് അനർത്ഥങ്ങൾക്കും കാരണമായി ഭവിക്കുന്നു. അവരെ പീഡിത ജനങ്ങളുടെ മോചനത്തിനായാണ് അല്ലാഹു എഴുന്നേൽപിക്കുന്നത്. അങ്ങനെയുള്ള ജനത ആ സത്യാത്മാവിനെ തിരിച്ചറിഞ്ഞു സ്വീകരിക്കുന്നതായാൽ അവർ അനുഗ്രഹത്തിന് പാത്രമാകും. ഇനി ആ പ്രവാചകനെ നിഷേധിക്കുകയും വിശ്വസിച്ചവരെ ദ്രോഹിക്കയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ ശാപവും, നാശവും അവരെ പിടികൂടും. യഹൂദികൾക്ക് സംഭവിച്ചതും ഇപ്പോൾ മുസ്‌ലിംകൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദുരന്തങ്ങൾ അല്ലാഹു അയച്ച പ്രവാചകന്റെ സ്വീകാര്യ-തിരസ്കാരങ്ങളുമായി നിഗൂഢമായി ബന്ധപ്പെട്ടിരിക്കുന്നു. യേശു അഥവാ ഈസ(അ) യഹൂദികൾക്ക് മസീഹായി വന്നപ്പോൾ നിഷേധിക്കുകയും അദ്ദേഹത്തെ കുരിശിൽ കയറ്റിക്കൊല്ലാൻ ധൃഷ്ടരാകുകയും ചെയ്ത യഹൂദികളെ അല്ലാഹു റോമൻ പടനായകനായ ടൈറ്റസിനെ അയച്ചുകൊണ്ട് അതിഭയാനകമായ രീതിയിൽ ശിക്ഷിക്കുകയും നൂറ്റാണ്ടുകളോളം യൂറോപ്പിൽ അവർ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്തു. ഈ ചരിത്രം തന്നെയാണ് മുസ്‌ലികളിലും ആവർത്തിക്കുന്നതെന്ന് ആത്മീയദൃഷ്ടിയുള്ളവർക്ക് കാണാൻ സാധിക്കും. അല്ലാഹു മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്ത മസീഹ് യഥാകാലം വന്നിട്ടും വിശ്വസിക്കാത്ത മുസ്‌ലിം ലോകം അദ്ദേഹത്തെ വിശ്വസിച്ചവരെ അവരുടെ നാടുകളിൽ പീഡിപ്പിക്കുകയാണ്. അതുകൊണ്ട് ദുരന്തം ഇവിടെയും ആവർത്തിക്കുന്നു. ഏതുകാലത്താണ് മുസ്‌ലിംകൾ ഈ അബദ്ധം തിരുത്തുന്നത് ആ കാലത്ത് മാത്രമേ മുസ്‌ലിംകൾക്ക് മോചനമുള്ളൂ.

ഫലസ്തീൻ അല്ലാഹുവിന്റെ സച്ചരിതരായ ദാസർക്ക് അനന്തരാവകാശമായി ലഭിക്കുന്നതിന്റെ സൂചനകൾ ഖുർആനിൽ നിന്നും നമുക്ക് വായിച്ചെടുക്കാം. 'ചില ഉപദേശങ്ങൾക്ക് ശേഷം സബൂറിൽ നാം ഇങ്ങനെ എഴുതിയിട്ടുണ്ട്. തീർച്ചയായും ആ (പരിശുദ്ധ) ഭൂമിയെ എന്റെ സദ്‌വൃത്തരായ ദാസന്മാർ അവകാശമായി എടുക്കുന്നതാണ്" (21:106)

പരിശുദ്ധഭൂമി എന്നതുകൊണ്ടു വിവക്ഷ ഫലസ്തീൻ ദേശമാണ്. അതു വിവിധ രൂപത്തിൽ അന്യാധീനപ്പെടുമെന്നും അവസാനം അല്ലാഹുവിന്റെ സജ്ജനങ്ങളായ ദാസന്മാർ അതിനെ അവകാശമായി സ്വാധീനിച്ചെടുക്കുമെന്നും താൽപര്യം. മഹത്തായ ഈ പ്രവചനം പുലരാനിരിക്കുന്നു. നമുക്കതിനായി കാത്തിരിക്കാം. ആ നാളുകൾ അല്ലാഹു അടുപ്പിക്കട്ടെ. ആമീൻ.

ഫലസ്തീൻ യഹൂദികളുടെ പക്കലും പിന്നീട് ഈസാനബി(അ)യുടെ അനുയായികളായ ക്രിസ്ത്യാനികളും അതിന് ശേഷം മുഹമ്മദ് നബി(സ)യുടെ ഉമ്മത്തായ മുസ്‌ലിംക

ളുമാണ് അനന്തരാവകാശമാക്കിയത് മുസ്‌ലിം സമൂഹം പിന്നേയും അധഃപതിച്ചതിന്റെ ഫലമായാണ് അവർക്ക് പ്രസ്തുത ഭൂമി നഷ്ടപ്പെട്ടത്. ഇനി അവർ സ്വാലിഹീങ്ങളായി തീരുന്ന ക്രമമനുസരിച്ച് അല്ലാഹു അവർക്ക് തിരിച്ചുനൽകും. കാരണം ഫലസ്തീൻ ഒരുജീവവാഗ്ദാനവുമായി ബന്ധപ്പെട്ട ഭൂമിയാണ്. ഇതു സാധിക്കണമെങ്കിൽ അല്ലാഹു രക്ഷകനായി നിയോഗിച്ച വാഗ്ദത്ത മഹദീമസീഹിൽ അവർ വിശ്വസിച്ചുകൊണ്ടു യഥാർത്ഥ ഇസ്‌ലാമിന്റെ പാഠമനുസരിച്ചു ജീവിക്കാൻ സന്നദ്ധരാകണം. എങ്കിൽ ഈ പ്രവചനത്തിന്റെ പൂർത്തീകരണം വിചാരിച്ചതിലും എളുപ്പമാകും. അല്ലെങ്കിൽ ഇതിലും ഭയാനകമായ യാതനകളും വേദനകളും അവർക്ക് തരണം ചെയ്യേണ്ടതായി വരും.

ഈ കാലഘട്ടത്തെക്കുറിച്ചു ഒരു പാടു പ്രവചനങ്ങൾ വിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്. അതെല്ലാം വളരെ കൃത്യതയോടെ പുലർന്നതായി നാം അനുഭവിച്ചറിയുന്നു. ഗോഗ്മഗോഗിന്റെ (യഅ്ജൂജ് മഅ്ജൂജ്) ആഗമനവും അവർ മുഖേന ശാസ്ത്രലോകത്തിനുണ്ടായ പുരോഗമനവും ജനങ്ങളെ ഒരു നിമിഷം കൊണ്ട് യമലോകത്തേക്കയക്കാൻ സാധിക്കുന്ന വിധത്തിൽ ശക്തമായ നശീകരണ സാമഗ്രികളും ആകാശ അതിർത്തി കടന്നു പോകുന്ന തീയമ്പുകൾ അയക്കാൻ കഴിവുമുള്ള ഈ രണ്ടുശക്തികളും അവരുടെ രംഗപ്രവേശനവും എല്ലാം ഈ പ്രവചനങ്ങളുടെ പുലർച്ചയാണ്. ദജ്ജാലിന്റെ പ്രവേശനവും നാം കണ്ടു. ഖുർആനിലും ഹദീസിലും ഇവരുടെ ചെയ്തികളെക്കുറിച്ചു പറഞ്ഞതെല്ലാം നാം കണ്ടു. അതുകൊണ്ടുതന്നെ അതുമുഖേന നമ്മുടെ ഈമാൻ കൂടുതൽ പ്രകാശിതമായി. ഇനി ഇതിന്റെയെല്ലാം കൊട്ടികലാശം കൂടി കാണാനിരിക്കുന്നു. അതിന്റെ വിവരണങ്ങളും വിശുദ്ധ ഖുർആനിലും ഹദീസിലും നിരത്തിവെച്ചിട്ടുണ്ട്. ലോകം കാണാൻ പോകുന്ന വിപത്തുകളാണ് അവയൊക്കെ. അത് വിവരണാതീതമാണ്. ദൈവം നമ്മെ ആ ശിക്ഷയിൽ നിന്നും കാത്തുരക്ഷിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

യഹൂദികളെ സംബന്ധിച്ച് സംഭവങ്ങളോ പ്രവചനങ്ങളോ കാണുമ്പോൾ അതുപോലുള്ള സംഭവങ്ങളും പ്രവചനപൂർത്തീകരണവും മുസ്‌ലിംകളിലും സംഭവിക്കും. കാരണം അവസാനകാലത്തെ മുസ്‌ലിംകളെ അല്ലാഹുവിന്റെ റസൂൽ യഹൂദി നസാറാക്കളുമായി ബന്ധിച്ചിരിക്കുന്നു. അവിടെ സംഭവിച്ചതെല്ലാം ഇവിടെയും സംഭവിക്കും. യഹൂദർക്ക് ഫലസ്തീൻ നഷ്ടപ്പെടുന്ന ആദ്യത്തെ പരാജയം ദാവൂദ് നബിയുടെ കാലശേഷമാണ്. അപ്പോഴാണ് നാമാവശേഷമാക്കിയത്. ഇതുപോലെ രണ്ടുപ്രാവശ്യം മുസ്‌ലിംകളും ശിക്ഷിക്കപ്പെടുമെന്ന് ഈ പ്രവചനങ്ങൾ ദ്യോതിപ്പിക്കുന്നു. അതും സംഭവിച്ചു. 1258 എ.ഡി.യിൽ ഹലാക്കുഖാന്റെ അക്രമണത്തിനുശേഷം ചെങ്കിസ്ഖാനും മുസ്‌ലിംകൾക്കെതിരെ തിരിയുകയുണ്ടായി. ഈ യുദ്ധത്തിൽ 18 ലക്ഷം മുസ്‌ലിംകൾ വാളിന്നിരയായിത്തീർന്നു. പിന്നീട് ഹലാക്കുവാനും പേരക്കുട്ടിയും അദ്ദേഹത്തോടൊപ്പമുള്ളവരും ഇസ്‌ലാം മതം ആശ്ലേഷിച്ചശേഷമാണ് പ്രസ്തുത സ്ഥലം തിരിച്ചു പിടിച്ചത്. 1948-ലാണ് പ്രസ്തുത ശിക്ഷ വന്നത്. മുസ്‌ലിം ലോകത്തിന് പിന്നേയും ബൈത്തുൽ മുഖദ്ദസ് നഷ്ടപ്പെട്ടു. ഈസാനബി(അ)മിന്റെ കുരിശു സംഭവത്തിന് ശേഷം 40-ാം വർഷത്തിലാണ് രണ്ടാമത്തെ ശിക്ഷ യഹൂദികൾക്ക് ടൈറ്റസ് മുഖേന സംഭവിച്ചത്. എന്നാൽ ഇവിടെയും വാഗ്ദത്ത മസീഹിന്റെ വഫാത്തിനു ശേഷം 40 കൊല്ലങ്ങൾക്ക് ശേഷം അവർക്കത് നഷ്ടമായി. ഇനി ഭാവിയിൽ സാത്വികരായ മുസ്‌ലിംകളുടെ കൈകളിൽ ഈ ഭൂമി സുരക്ഷിതമായിരിക്കും. n

---

*(24 -ാം പേജിൽ നിന്ന് തുടർച്ച)*

നുള്ള അഭിനിവേശം സമുദായലക്ഷണമായി പരിലസിക്കുന്നടേത്തോളം കാലം നിലനിൽക്കുമാറുള്ള ഒരു സാഹിത്യസ്മാരകം ഒരുക്കിവെയ്ക്കുകയും ചെയ്തിരിക്കുന്നു.... എല്ലാ മതങ്ങൾക്കും എതിരിൽ ഇസ്‌ലാമിനെ വിജയിപ്പിച്ചുകാണിക്കാനുള്ള അനാദ്യശമായ കഴിവും അദ്ദേഹത്തിനു സ്വായത്തമായിരുന്നു."

## പതിനൊന്നാമത്തെ ചോദ്യം: ഉപദേശങ്ങൾ

ഹിർഖൽ: എന്താണ് അദ്ദേഹത്തിന്റെ പാഠങ്ങൾ? അബൂസുഫ്‌യാൻ: ഏകദൈവത്തെ ആരാധിക്കുക. അവനിൽ ആരെയും പങ്കുചേർക്കരുത്. വിഗ്രഹങ്ങളെ വർജിക്കുക. സത്യം മാത്രമേ പറയാവൂ. എല്ലാ ദുഷ്കൃത്യങ്ങളും ദുരാചാരങ്ങളും ഉപേക്ഷിക്കുക. അന്യോന്യം നന്മ ചെയ്യുക, പ്രതിജ്ഞകൾ പാലിക്കുക, കരാറുകൾ പൂർത്തിയാക്കുക.

പ്രതികരണം:ഇതുതന്നെയാണ് സദ്ധർമമാർഗം. ഒരു പ്രവാചകൻ എന്നുള്ള അദ്ദേഹത്തിന്റെ വാദം സത്യമാണെന്ന് എനിക്ക് തോന്നുന്നു...

ഹദ്റത്ത് അഹ്മദ് (അ) ലോകത്തിന് മുന്നിൽ വെച്ച ഉപദേശനിർദ്ദേശങ്ങൾ നബി(സ)ന്റെ തിരുവചനങ്ങൾക്കെതിരല്ലെന്നത് യാഥാർത്ഥ്യമാണ്.

തന്റെ അനുയായി വൃന്ദത്തോട് പറഞ്ഞ ബയ്അത്തിന്റെ പത്ത് കൽപനകൾ ഹദ്റത്ത് അഹ്മദി (അ)ന്റെ സദ്ധർമ്മമാർഗത്തെ പ്രഘോഷിക്കുന്നു. ആ പത്ത് നിർദ്ദേശങ്ങളും വിശുദ്ധ ഖുർആന്റെയും തിരുനബി സുന്നത്തിന്റേയും രത്നചുരുക്കങ്ങളാണ്.

## ഉപസംഹാരം

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ നുബുവ്വത്തിന്റെ സത്യസാക്ഷ്യം മനസ്സിലാക്കാൻ ഹിർഖൽ മുന്നോട്ട് വെച്ച മാനദണ്ഡങ്ങൾ പ്രവാചകപ്രഭുവിന്റെ ഭക്തദാസനിലും പുലർന്നു കാണുന്നു.

ആ മഹാത്മൻ പറയുന്നു:

"മൻ ഫർറഖ ബയ് നീ വ ബയ്

*(ശേഷം 36-ാം പേജിൽ)*

# അബ്ദുർറഹിം സാഹിബ്: ജ്ഞാനഖഡ്ഗമേന്തിയ യോദ്ധാവ്

എൻ. കുഞ്ഞഹ്മദ് മാസ്റ്റർ, അമീർ, കണ്ണൂർ മേഖല

നാലു ദശാബ്ദങ്ങൾക്കു മുമ്പ് യാദൃശ്ചികമായി കണ്ട സത്യദൂതൻ മാസികയിലൂടെയാണ് അബ്ദുർറഹിം സാഹിബിനെ ഞാൻ അറിയുന്നത്. ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട അവസാനകാലത്തെ ആത്മീയ ഗുരുവിന്റെ അഭിധാനം ഈ മാസികയുടെ പേരിൽ ഉൾക്കൊള്ളുന്നുവെന്നു ഞാൻ അന്ന് അറിഞ്ഞിരുന്നില്ല. മാസികയിൽ പ്രസിദ്ധീകരിച്ചിരുന്ന യുഗശബ്ദം എന്ന വാഗ്ദത്ത മസീഹിന്റെ ലിഖിതശകലങ്ങൾ എന്നെ ആകർഷിച്ച ഒരു പംക്തിയായിരുന്നു. പിന്നീടാണ് മാസികയുടെ പത്രാധിപരുടെ പേര് ശ്രദ്ധയിൽ പെട്ടത്. ഒരു ആജാനബാഹുവാണെന്നായിരുന്നു എൻ. അബ്ദുർറഹിം സാഹിബിനെക്കുറിച്ചുള്ള എന്റെ സങ്കല്പം. അതിനിടെ 1961ൽ കോഴിക്കോട് ടൗൺഹാളിൽ ഒരു സർവ്വമത സമ്മേളനത്തിന്റെ നോട്ടീസ് ശ്രദ്ധയിൽപ്പെട്ടു. പ്രസംഗവിഷയങ്ങളിലൊന്ന് ഹ. ശ്രീകൃഷ്ണൻ (അ) പ്രസംഗകൻ എൻ. അബ്ദുർറഹീം. കൃഷ്ണന്റെ പേരിനോടൊപ്പം 'ഹദ്റത്തും' 'അലയ്ഹിസ്സലാമും' ചേർന്നുകൊണ്ടുള്ള ഒരു നോട്ടീസും പ്രസംഗിക്കുന്നത് ഒരു മുസ്‌ലിമും എന്റെ ജിജ്ഞാസ പിടിച്ചുപറ്റാൻ ഇത് ധാരാളമായിരുന്നു. നാട്ടുകാരും വീട്ടുകാരും അറിയാതെ അഹ്മദിയ്യാ ജമാഅത്തിന്റെ ആസ്ഥാനമായ കോഴിക്കോട് ബീച്ച് റോഡിലുള്ള 'ദാറുസ്സലാമി'ൽ നിശ്ചിതദിവസം കാലേകൂട്ടി ഞാനെത്തി. എന്റെ സങ്കല്പത്തിനു വിരുദ്ധമായി കൃശഗാത്രനായി അബ്ദുർറഹിം സാഹിബിനെ ആദ്യമായി കാണുന്നത് ഞാനപ്പോഴാണ്.

ഏറ്റവും ഹൃദ്യവും ആകർഷണീയവുമായിരുന്നു ജ: അബ്ദുർറഹീം സാഹിബിന്റെ ലേഖനങ്ങൾ. മർഹും മൗലാന, അബ്ദുല്ലാഹ് സാഹിബിന്റെയും മർഹും എൻ. ഹാമിദ് സാഹിബിന്റെയും ശിക്ഷണത്തിലും അനുഗ്രഹാശിസ്സുകളോടെയും ഇസ്‌ലാമിനുവേണ്ടി തൂലികയേന്തിയ കരങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. പിന്നീട് രചിച്ച ലഘുലേഖകളും കൊച്ചുകൃതികളും വായിച്ചപ്പോഴാണ് അബ്ദുർറഹിം സാഹിബിന്റെ യഥാർത്ഥ വലിപ്പം ഞാൻ മനസ്സിലാക്കിയത്. 1962ൽ ഞാൻ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചപ്പോൾ അബ്ദുർറഹിം സാഹിബിന്റെ കർമ്മരംഗത്തെക്കുറിച്ച് ജിജ്ഞാസ കൂടിവന്നു. സത്യദൂതൻ ലേഖനങ്ങളുടെ പ്രൂഫ് റീഡിംഗ് മുതൽ മാസികയ്ക്ക് റാപ്പറൊട്ടിച്ച് മേൽവിലാസം കുറിച്ച് പോസ്റ്റോഫീസിലെത്തിക്കുകയും ചെയ്യുന്ന ജോലി വരെ ചെയ്തിരുന്ന പത്രാധിപരായിരുന്നു അദ്ദേഹം.

പ്രസിദ്ധീകരണ രംഗത്ത് ആധുനിക സംവിധാനങ്ങളുടെ ഒരു കുതിച്ചുചാട്ടമാണിപ്പോൾ. എന്നാൽ ടൈപ്പുകൾ പെറുക്കിവെച്ചുകൊണ്ട് സത്യദൂതൻ അച്ചടിച്ചിരുന്ന അക്കാലത്ത് ഇന്നത്തെപ്പോലെ യാതൊരു ഭൗതിക സാഹചര്യങ്ങളുമില്ലായിരുന്നു. എന്നിട്ടും ഇസ്‌ലാമിനും അഹ്മദിയ്യത്തിനുമെതിരിൽ ശത്രുക്കളുടെസർവ്വവിധ സംഹാരതാണ്ഡവങ്ങളും നിഷ്പ്രഭമാക്കാൻ പോന്നതായിരുന്നു മർഹും അബ്ദുർറഹീം സാഹിബിന്റെ തൂലികാവൈഭവം.

'സൈഫ് കാ കാം ഖലംസെ ദിഖായാ ഹം നെ' (വാളിന്റെ കൃത്യം തൂലികകൊണ്ട് നാം കാട്ടിക്കൊടുത്തു) എന്ന ഈരടികളെ അന്വർത്ഥമാക്കിയ വീരപോരാളിയായിരുന്നു അബ്ദുർറഹിം സാഹിബ്. ഇസ്‌ലാമിക സാഹിത്യങ്ങളിലൂടെ മലയാളികളുടെ മനസ്സിൽ എന്നെന്നും ജീവിച്ചുകൊണ്ടിരിക്കുന്ന മഹാത്മാക്കളുടെ പട്ടികയിൽ മർഹും അബ്ദുർ റഹീം സാഹിബ് ഉയർന്നുനിൽക്കുന്നതുപോലെ 'ജന്നാത്തുൽ ഫിർദൗസി' ലും അല്ലാഹു അദ്ദേഹത്തിന് ഉന്നതസ്ഥാനം നൽകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

n

എൻ. അബ്ദുർറഹീം സാഹിബ്
അനുസ്മരണം

# നടുനായകത്വം വഹിച്ച എഴുത്തുകാരൻ!

**കെ.എ. അബ്ദുൽ കലാം കൊച്ചി**

വേദനയോടെ പറഞ്ഞുതുടങ്ങട്ടെ, കേരള അഹ്മദിയാ ജമാഅത്തിന്റെ ചരിത്രത്തിലെ ഉജ്ജ്വലമായ ഒരു കാലഘട്ടത്തിന് നടുനായകത്വം വഹിച്ച ജനാബ് നടുവിലകത്ത് അബ്ദുർറഹിം സാഹിബ് നമ്മെ വിട്ടു പിരിഞ്ഞിരിക്കുന്നു! ജീവിച്ചിരുന്ന കാലഘട്ടത്തിൽ സഹപ്രവർത്തകർക്ക് മനസ്സിലാക്കാൻ കഴിയാത്ത ഉയരം എത്തിപ്പിടിച്ച, എളിയ ഒരുവനായി അവരിലൂടെ നടന്നുനീങ്ങിയ ആ ആത്മാർത്ഥയുടെ നിറകുടം, ജീവിതം മുഴുവൻ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജിഹ്വയായ സത്യദൂതനു വേണ്ടി സമർപ്പിച്ച ത്യാഗിയായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യപുലരിയിൽ മെട്രിക്കുലേഷൻ പാസ്സായ അദ്ദേഹം, തന്നെ തേടിവന്ന ഡെപ്യൂട്ടി തഹസിൽദാർ ഉദ്യോഗം നിരാകരിച്ചുകൊണ്ട് ജീവിതം മുഴുവൻ ജമാഅത്തിന് വേണ്ടി സമർപ്പിക്കുകയായിരുന്നു. ആ കാലഘട്ടത്തിൽ ലോവർ ഡിവിഷൻ ക്ലാർക്കായി ഉദ്യോഗത്തിൽ കയറിയവർ ജില്ലാ കലക്ടർമാർ വരെ ആയിട്ടുണ്ടെന്നോർക്കണം (പഞ്ചായത്തിൽ സ്വീപ്പർ ഉദ്യോഗം ലഭിച്ചപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവെച്ചവർ ഇന്ന് കേരളത്തിൽ ജീവിച്ചിരിപ്പുണ്ട്!)

കേരളീയ മുസൽമാൻ മലയാളം എഴുതാനും വായിക്കാനും തുടങ്ങിയപ്പോൾ അവന്റെ മതവിശ്വാസങ്ങളെ ചോദ്യം ചെയ്യുന്ന, ഇളക്കി മറിക്കുന്ന പരിഹസിക്കുന്ന, കമ്മ്യൂണിസ്റ്റ് നിരീശ്വര നിർമ്മത, ചിന്തകൾ അവനെ നോക്കി കൊഞ്ഞനം കുത്തിയപ്പോൾ ഹദ്റത്ത് അഹ്മദ് (അ) കൊളുത്തിയ ദിവ്യപ്രകാശത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് എതിരാളികളെ തൂലിക കൊണ്ടും, ഉജ്ജ്വല പ്രഭാഷണം കൊണ്ടും ആ അനുഗൃഹീതൻ അരിഞ്ഞുവീഴ്ത്തിയപ്പോൾ അഹ്മദികളേക്കാൾ കൂടുതൽ സന്തോഷിച്ചത് അനഹ്മദികളായിരുന്നു. എന്തുകൊണ്ടെന്നാൽ, സുന്നിക്കോ, മുജാഹിദിനോ, ജമാഅത്തെ ഇസ്ലാമിക്കാർക്കോ കഴിയാത്ത ഒരു മഹൽ കർത്തവ്യമാണ് അബ്ദുർറഹീം സാഹിബ് നിർവ്വഹിച്ചത്. ഞാൻ ഇപ്പോഴും ഓർക്കുന്ന സാന്റോസ് കമ്പനിയുടെ റീജണൽ മാനേജർ ആയിരുന്ന, ചിന്മയാ മിഷനിൽ ഗീതാ ക്ലാസ്സെടുത്തിരുന്ന ശ്രീ വെങ്കിടാചലം (കൊച്ചി) കണ്ണൂർ ജില്ലാ യുക്തിവാദി സമ്മേളനത്തിൽ ശ്രീ. എൻ. അബ്ദുർറഹിം സാഹിബ് ചെയ്ത മറുപടി പ്രസംഗം വായിച്ചുകൊണ്ട് എന്നോട് ചോദിച്ചു. "മുസ്ലിംകളിൽ ഇങ്ങനെ മറുപടി പറയാൻ കഴിവുള്ള ആളുകൾ ഉണ്ടോ?"

"യേശുക്രിസ്തു കശ്മീരിൽ" എന്ന പുസ്തകം മലയാളത്തിൽ ആദ്യമായി റഹിം സാഹിബ് തർജ്ജമ ചെയ്തിറക്കിയപ്പോൾ ലൈബ്രറികളിൽ ആ പുസ്തകത്തിനു വേണ്ടി ആളുകൾ ക്യൂനിന്നിരുന്നു. ഇസ്ലാമിന്റെ സത്യസന്ധമായ വീക്ഷണം മലയാളികളിൽ എത്തിച്ച അദ്ദേഹം ഒരു പുണ്യകർമ്മമല്ലേ നിർവ്വഹിച്ചത്?

ഞാനുമായി ബന്ധപ്പെട്ട ഒരു സ്ഥലംമാറ്റ കാര്യത്തിൽ റഹിംസാഹിബുമായി ബന്ധപ്പെട്ടപ്പോഴാണ് ആ മനുഷ്യന് ഉന്നതങ്ങളിൽ എത്രമാത്രം ആദരവുണ്ടെന്ന് മനസ്സിലായത്. കൊച്ചിയിൽ നിന്ന് കാസർക്കോട്ടേയ്ക്കു എല്ലാ ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരേയും നിർബ്ബന്ധമായി സ്ഥലം മാറ്റി. ആ അവസരത്തിൽ എന്നെ കണ്ണൂരിൽ നിറുത്തണമെന്ന് റഹിം സാഹിബ് അധികൃതരോട് അപേക്ഷിച്ചു. ഞാൻ കൊടുത്ത അപേക്ഷയിന്മേൽ രണ്ട് മൂന്ന് ദിവസത്തിനകം മന്ത്രി കെ.എം. മാണി ഓർഡർ ഇട്ടിരിക്കുന്നു. "ഇദ്ദേഹം എവിടെയാണ് അപേക്ഷിക്കുന്നത് അവിടെ പോസ്റ്റ് ചെയ്യുക" എന്ന്. ഈ ഇനത്തിൽ ഒരു നയാപൈസ പോലും എന്റെ പോക്കറ്റിൽ നിന്നും ചെലവായതുമില്ല. എന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു മന്ത്രി ഒരു ഓർഡർ നൽകുന്നത്. ഞാൻ മന്ത്രിയേയോ, മന്ത്രി എന്നേയോ കണ്ടിട്ടില്ല. എനിക്കൊരു പൈസ പോലും ചെലവായതുമില്ല. അത് എനിക്കുവേണ്ടി ശിപാർശ ചെയ്ത എൻ. അബ്ദുർറഹിം സാഹിബിന്റെ വലിപ്പത്തെയല്ലാതെ മറ്റെന്താണ് കാണിക്കുന്നത്?

അഹ്മദിയാ ജമാഅത്തിന്റെ പ്രമുഖ ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത അദ്ദേഹത്തിന്റെ നാമം കേരള അഹ്മദിയാ ജമാഅത്ത് നിലനിൽക്കുന്ന കാലത്തോളം നിലനിൽക്കുക തന്നെ ചെയ്യും. മസീഹ്മൗഊദിന്റെ എല്ലാ ഗ്രന്ഥങ്ങളും മലയാളത്തിലേക്ക് തർജ്ജമ ചെയ്യുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. കേരളത്തിൽ അതിന്ന് ഏറ്റവും കെൽപ്പുള്ള ആൾ റഹിം

*(ശേഷം 36-ാം പേജിൽ)*

# 'സുൽത്താനുൽഖലം' എന്ന പ്രചോദനം

**യാസർ അറഫാത്ത്, തിരുത്തിയാട്**

മുജാഹിദു പ്രസ്ഥാനത്തിൽ സജീവപ്രവർത്തകനായിരുന്ന സമയത്ത് വായിക്കാൻ തുടങ്ങിയ അഹ്മദിയ്യത്തിന്റെ ഗ്രന്ഥങ്ങളിലൂടെയാണ് എൻ. അബ്ദുർ റഹിം സാഹിബിനെ ഞാനാദ്യമായി അറിയുന്നത്. മലയാളത്തിലെ ഏറ്റവും പഴക്കമുള്ള ഇസ്‌ലാമിക പ്രസിദ്ധീകരണമായ 'സത്യദൂതന്റെ' എഡിറ്റർ എന്ന നിലയിൽ എഴുതിയ ഒരുപാടു ലേഖനങ്ങളിലൂടെയും കുറിപ്പുകളിലൂടെയും യഥാർത്ഥ ഇസ്‌ലാമിന്റെ സൗന്ദര്യം അബ്ദുർ റഹീം സാഹിബിന്റെ തൂലികയിലൂടെ അടുത്തറിയാൻ സാധിച്ചു. യുക്തിവാദികൾക്കുമുമ്പിൽ ഇസ്‌ലാമിന്റെ പ്രതാപത്തെ ഇത്രത്തോളം ഉയർത്തിക്കാട്ടിയ മറ്റൊരു എഴുത്തുകാരൻ മലയാളത്തിലുണ്ടായിട്ടില്ല. ജമാഅത്തെ ഇസ്‌ലാമിയും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും എതിർപക്ഷത്തു നിൽക്കുന്ന മറ്റു സംഘടനകളുമെല്ലാം അബ്ദുർറഹിം സാഹിബി ന്റെ തൂലികയുടെ മാരക പ്രഹരശേഷി ശരിക്കും അനുഭവിച്ചിട്ടുള്ളവരാണ്.

ഈ ലേഖകൻ അഹ്മദിയ്യത്തിനെക്കുറിച്ചു പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സ്നേഹിതന്റെ കൂടെ കൊടിയത്തൂരിലെ അഹ്മദീ വിരോധികളുടെ നേതാക്കളുടെ അടുത്തു പോയിരുന്നു. പലവിധ വിഷയങ്ങൾ സംസാരിച്ച കൂട്ടത്തിൽ "സിയാ ഉൽ ഹഖിന്റെ മരണത്തെക്കുറിച്ചു അഹ്മദികളുടെ ഖലീഫയുടെ പ്രവചനമുണ്ടല്ലോ'' എന്നു ചോദിച്ചപ്പോൾ "സിയാൽഉൽ ഹഖിന്റെ മരണശേഷമാണ് അഹ്മദികൾ അങ്ങനെയൊരു കാര്യം പറയുന്നതു തന്നെ" എന്ന മറുപടി ലഭിക്കുകയുണ്ടായി. ഞാൻ അഹ്മദിയായതിനുശേഷം സത്യദൂതന്റെ പഴയ ലക്കങ്ങൾ വായിച്ചുകൊണ്ടിരുന്നപ്പോൾ സിയായുടെ നാശത്തെക്കുറിച്ചുള്ള ഒട്ടനവധി ലേഖനങ്ങളും കുറിപ്പുകളും പ്രവചനരൂപത്തിൽ കാണാൻ കഴിഞ്ഞു. സിയായുടെ നാശത്തിനു മുമ്പു തന്നെപ്രസിദ്ധീകൃതമായ വ്യക്തമായ ഈ താക്കീതുകൾ ശേഖരിച്ച് നമ്മുടെ കൺമുമ്പിൽ പുലർന്ന ഒരു ദൈവിക ദൃഷ്ടാന്തമെന്ന നിലയിൽ 1996 ആഗസ്റ്റ് ലക്കം സത്യദൂതനിൽ ഞാനൊരു ലേഖനമെഴുതി. അതി നെ അഭിനന്ദിച്ചുകൊണ്ട് ജനാബ് അബ്ദുർറഹിം സാഹിബ് പറഞ്ഞു. "ഞാനെഴുതാൻ ഉദ്ദേശിച്ച അതേ വിഷയമാണ് യാസർ അറഫാത്തിന്റെ ലേഖനത്തിലൂടെ പുറത്തു വന്നിരിക്കുന്നത്. നല്ലത്, ഇനിയും എഴുതിക്കൊണ്ടിരിക്കുക."

ശബാബിൽ വന്നുകൊണ്ടിരുന്ന "ഖാദിയാനികളും ഖുർആനും" എന്ന വിമർശന പഠനത്തിന്റെ പേപ്പർ കട്ടിങ്ങുകളുമായി കോഴിക്കോട് അഹ്മദിയ്യാ മസ്ജിദിൽ മറുപടിക്കുവേണ്ടി ചെന്ന സംഭവമാണ് ഈയുള്ളവന്റെ താരതമ്യപഠനത്തിൽ ഒരു വഴിത്തിരിവായത്. പിന്നീട് ഈ ലേഖനങ്ങൾ അബ്ദുർ റഹിം സാഹിബിന്റെ ശ്രദ്ധയിൽപെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു. "അതിനു മറുപടി പറഞ്ഞ് സത്യദൂതന്റെ താളുകൾ പാഴാക്കണമെന്ന് എനിക്കു തോന്നുന്നില്ല എന്നാണ്" ഈസാനബി (അ) കാശ്മീർ സന്ദർശിച്ച സമയത്തെക്കുറിച്ച് ശ്രീ. എൻ.വി. കൃഷ്ണവാര്യരുടെ അഭിപ്രായം ശബാബിലെ ലേഖനത്തിൽ വന്നിരുന്നു. വായനക്കാർ തെറ്റിദ്ധരിക്കാൻ ഇടയുണ്ടെന്നു തോന്നിയപ്പോൾ അബ്ദുർറഹീം സാഹിബ് ച രിത്രഗ്രന്ഥങ്ങളുടെ സഹായത്തോടെ വസ്തുനിഷ്ഠമായി ഒരു മറുപടി എഴുതി. "യേശുക്രിസ്തു കാശ്മീരിൽ" എന്ന തന്റെ വിവർത്തനകൃതിയുടെ അനുബന്ധമായി പ്രസ്തുത ലേഖനം ചേർത്തിട്ടുണ്ട്. അതിനു മറുപടി പറയാൻ ശബാബ് ശ്രമിച്ചിട്ടില്ല. അതായിരുന്നു അബ്ദുർറഹിം സാഹിബ്. പ്രതികരണമർഹിക്കുന്നവർക്ക് ശക്തമായ തെളിവുകൾ നിരത്തി മറുപടി നൽകുന്നതിനോടൊപ്പം അവഗണന അർഹിക്കുന്നവയെ തള്ളിക്കളയാനും അബ്ദുർറഹിം സാഹിബി നു കഴിഞ്ഞിട്ടുണ്ട്. "ശബാബി"ലൂടെ അഹ്മദിയ്യത്തിനെ വിമർശിച്ചുകൊണ്ടിരുന്നവർ ഇപ്പോൾ ശബാബിന്റെ ശത്രുപക്ഷത്തുനിന്ന് ശബാബിനെ തോല്പിക്കാൻ ശ്രമിക്കുന്നതു കാണുമ്പോൾ അബ്ദുർറഹിം സാഹിബിന്റെ വാക്കുകൾ അന്വർത്ഥമായിത്തീരുന്നു.

മുജാഹിദുനേതാവായിരുന്ന കെ.

ഉമർ മൗലവി തന്റെ "സൽസബീൽ" പത്രത്തിലൂടെ അഹ്മദിയ്യത്തിനെ അന്ധമായി വിമർശിച്ചിരുന്നു. ആളെ നോക്കണ്ട, തെളിവു നോക്കുക'' എന്നു സൽസബീലിൽ എഴുതുമെങ്കിലും അല്ലാഹുവിന്റെ ജമാഅത്തിന്റെ വിഷയത്തിൽ മറ്റു പല പത്രങ്ങളേയും പോലെ കണ്ണടച്ചിരുട്ടാക്കുന്ന ശൈലിയായിരുന്നു ഉമർ മൗലവിയുടേത്. "അഹ്മദ് നബിയാണെന്ന് തെളിയിക്കാൻ സത്യദൂതൻ പത്രാധിപർക്കെഴുതിയിട്ട് മറുപടി തന്നില്ല" എന്ന് സൽസബീലിൽ ഉമർ മൗലവി എഴുതിയിരുന്നു. ആരോപണമായാലും സത്യാന്വേഷണമായാലും ഉചിതമായ മറുപടി നൽകുന്ന അബ്ദുർറഹിം സാഹിബിന്റെ ശ്രദ്ധയിൽ ഇതു പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു.

''എന്റെ മുന്നിൽ വന്നിട്ടുള്ള സൽസബീലിന്റെ ആരോപണങ്ങൾക്കെല്ലാം നേരിട്ടും സത്യദൂതനിലൂടെയും മറുപടി പറഞ്ഞിട്ടുണ്ട്. ഉമർ മൗലവി പറഞ്ഞ കത്തെനിക്കു കിട്ടിയിട്ടില്ല, മാത്രമല്ല സൽസബീലിൽ കണ്ടാൽ മറുപടി എഴുതും എന്നു ഭയപ്പെട്ടിട്ടാവണം മാറ്റപത്രമായി സൽസബീൽ പോലും അയക്കുന്നില്ല.'' ഏതായാലും ഉമർ മൗലവിക്കു കിട്ടിയ മറുപടികൾ വായടപ്പൻ ആയിരുന്നുവെന്ന് 'കിട്ടാത്ത മറുപടി'യെച്ചൊല്ലിയുള്ള സൽസബീലിന്റെ മുറവിളിയിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

മരണത്തിന്റെ ഏതാനും ദിവസങ്ങൾക്കു മുമ്പ് കണ്ണൂരിലെ ആശുപത്രിയിൽ അദ്ദേഹത്തെ സന്ദർശിച്ചപ്പോഴും, പുസ്തകങ്ങളുടെ കൂട്ടുകാരനായിരുന്ന അബ്ദുർ റഹിം സാഹിബിന് പറയാനുണ്ടായിരുന്നത് "ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സംഭാവനകൾ" എന്ന തന്റെ പുതിയ പുസ്തകത്തെക്കുറിച്ചായിരുന്നു. ഭൗതികമായി അത്യുന്നതിയിലെത്താനുള്ള എല്ലാ അവസരങ്ങളുമുണ്ടായിട്ടും അതെല്ലാം മാറ്റിനിർത്തി, ഹദ് റത്ത് അഹ്മദി(അ)ന്റെ 'സുൽത്താനുൽ ഖലം" എന്ന സ്ഥിഫത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് അഹ്മദിയ്യാ സാഹിത്യത്തിന് വേണ്ടി ജീവിതമർപ്പിച്ചശേഷം, തൂലിക കൊണ്ട് പഠിപ്പിച്ച അർറഹീമായ തന്റെ പ്രിയ രക്ഷിതാവിങ്കലേക്ക് അബ്ദുർ റഹീം സാഹിബ് യാത്രയായിരിക്കുന്നു. സ്വർഗ്ഗപ്പൂങ്കാവനത്തിലെ ഉന്നതാരാമങ്ങളിൽ സർവ്വശക്തൻ അദ്ദേഹത്തെ താമസിപ്പിക്കട്ടെ. ഒരുപാട് അബ്ദുർറഹീമുമാർ ജമാഅത്തീ സേവനത്തിനായി നമുക്കിടയിൽ നിന്നും ഉയർന്നുവരുമാറാകട്ടെ. ആമീൻ. n

---

*(34 -ാം പേജിൽ നിന്ന് തുടർച്ച)*

സാഹിബ് തന്നെയായിരുന്നു. മർഹൂം അലവി മൗലവി സാഹിബ് പറഞ്ഞിരുന്നത് എൻ. അബ്ദുർറഹിം സാഹിബ് വലിയ മൗലവി സാഹിബിന്റെ എഴുത്തുകാരൻ ആയിരുന്നുവെന്നാണ്. അത്രയും പരിചയവും, പാരമ്പര്യവും ഇനിയാർക്ക് ലഭിക്കാനാണ്? റഹിം സാഹിബിന്റെ വിയോഗം കേരള അഹ്മദിയാ ജമാഅത്തിന് കനത്ത നഷ്ടമാണ്. ഇത്തരത്തിലുള്ള വ്യക്തികളെ അല്ലാഹു ജമാഅത്തിന് ഇനിയും പ്രദാനം ചെയ്യട്ടെ എന്ന് നമുക്ക് ദുആ ചെയ്യാനേ കഴിയൂ.

ഹൃദയം നിറഞ്ഞ പുഞ്ചിരിയോടെ, ഊഷ്മളമായ സ്നേഹവായ്പ്പോടെ ആരുടേയും ഹൃദയം കീഴടക്കുന്ന ആ വലിയ മനുഷ്യൻ ഇന്നൊരോർമ്മ മാത്രമായി. അല്ലാഹു ആ നല്ല മനുഷ്യന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിന് ആശ്വാസവും അനുഗ്രഹങ്ങളും നൽകുമാറാകട്ടെ! ആമീൻ! n

---

*(32 -ാം പേജിൽ നിന്ന് തുടർച്ച)*

നൽ മുസ്തഫ

ഫമാ അറഫനീ വമാ റആ'' എനിക്കും മുത്ത് മുസ്തഫാ തിരുമേനിക്കുമിടയിൽ വ്യത്യാസം കൽപ്പിക്കുന്നവൻ, ഞാനും തിരുമേനിയും വെവ്വേറെയാണെന്ന് ധരിക്കുന്നവൻ എന്നെ അറിഞ്ഞിട്ടില്ല, എന്നെ കണ്ടിട്ടുമില്ല, കാരണം:

ദിഗർ ഉസ്താദ് റാനാമെ നിദാനം

കെ ഖാനിദം ദർ ദബിസ്താനെ മുഹമ്മദ്

എനിക്ക് മറ്റൊരു ഉസ്താദിനേയും അറിയില്ല. ഞാൻ മുഹമ്മദി(സ)ന്റെ മദ്റസയിൽ നിന്നാണ് ജ്ഞാനം സമ്പാദിച്ചത്! (ആയിനയേ കമാലാത്തെ ഇസ്ലാം)

ശാഗിർദ് നെ ജോ പായാ ഉസ്താദ്കി ദൗലത്ഹെ

അഹ് മദ് കൊ മുഹമ്മദ് സെ തു കൈസെ ജുദാ സമ്ജ്ജെ!

ശിഷ്യൻ നേടിയതെല്ലാം ഗുരുവിന്റെ സമ്പത്താണ്. അഹ്മദിനെ മുഹമ്മദിൽ നിന്ന് നിങ്ങളെങ്ങനെയാണ് വേറെയായി കരുതുന്നത്? (കലാമെ മഹ്മൂദ്)

**അവലംബമാക്കിയ കൃതികൾ**


1. ബുഖാരി
2. തിരുനബി ചരിത്രം
3. ഹയാത്തെ ത്വയ്യിബ
4. ഹദ്റത്ത് അഹ്മദ് (അ) ഭാഗം: 1
5. ബദർ 1995 ഡിസം: 21-28
6. ഖാദിയാനിസത്തിന്റെ വേരുകൾ
7. അൽഫസ്ൽ 1915 മാർച്ച് 23
8. ആയിനയേ കമാലാത്തെ ഇസ്ലാം
9. തദ്കിറത്തുശ്ശഹാദത്തൈൻ
10. കലാമെ മഹ്മൂദ്
11. കിത്താബുൽ ബരിയ്യ
12. ഖാദിയാനിസം


n

## അല്ലാഹുവിന്റെ ഇഷ്ടം

വിശന്ന ഒരു ദരിദ്രനെ ഊട്ടുന്നതാണ് അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്നത് അല്ലെങ്കിൽ കടത്തിൽപ്പെട്ടുഴലുന്നവനേയോ ഞെരുക്കത്തിലകപ്പെട്ടവനേയോ മോചിപ്പിക്കുന്നത്.

***(നബി വചനം)***

കുറിപ്പുകൾ

മുസാഫിർ

# ലെബനാൻ: യഹൂദർ കൊളുത്തിയ യുദ്ധത്തീ

*'അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടതാണെന്ന് യഹൂദികൾ പറയുന്നു. അവർ ഇങ്ങനെ പറയുന്ന കാരണത്താൽ അവരുടെ കൈകൾ തന്നെ ബന്ധിക്കപ്പെടുന്നതും അവർ ശിക്ഷിക്കപ്പെടുന്നതുമാണ്. എന്നാൽ അല്ലാഹുവിന്റെ കൈകൾ രണ്ടും വിശാലമായി നിവർത്തപ്പെട്ടതാണ്. താൻ ഇഷ്ടപ്പെടുംവിധം അവൻ ചില വഴിക്കുന്നു. നിന്റെ നാഥനിൽ നിന്ന് നിനക്ക് ഇറക്കപ്പെട്ടത് അവരിൽ അധികപേർക്കും അതിക്രമത്തേയും അവിശ്വാസത്തേയും വർദ്ധിപ്പിക്കുക തന്നെ ചെയ്യുന്നതാണ്. നാം അവരുടെ ഇടയിൽ പുനരുത്ഥാനനാൾ വരെയും ശത്രുതയും വിദ്വേഷവും ഇട്ടുകൊടുത്തിരിക്കുന്നു. അവർ യുദ്ധത്തിനുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനു വേണ്ടി അവർ ഓടിനടക്കുയാണ് അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല" (5:65)*

യഹൂദികളുടെ ദൈവചിന്തയെപറ്റിയും അവരുടെ പ്രവർത്തനരീതികളെപറ്റിയും അവർക്കിടയിലുള്ള ഛിദ്രതയെപറ്റിയും യുദ്ധങ്ങൾക്ക് പിന്നിലുള്ള അവരുടെ കുത്സിതശ്രമങ്ങളെ സംബന്ധിച്ചും അവരുണ്ടാക്കുന്ന കുഴപ്പങ്ങളെ സംബന്ധിച്ചും അഗാധമായ ഉൾക്കാഴ്ചകൾ നൽകുന്ന ഒരു ഖുർആനിക വചനമാണ് മേലുദ്ധരിച്ചത്. നീതിനിയമങ്ങളുടെ പരസ്യമായ ലംഘനം വഴി യുദ്ധങ്ങൾക്ക് അവർ എങ്ങനെ തീ കൊളുത്തുന്നുവെന്നതിനും ലോകസമാധാനം അവർ എങ്ങനെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നതിന്നും ചരിത്രം സാക്ഷിയാണ്. അവരുടെ അതിക്രമങ്ങളുടെ അവസാനത്തെ ഉദാഹരണമാണ് ലെബനാൻ യുദ്ധം.

ഒരു ഇസ്രയേലി ഭടനെ തട്ടിക്കൊണ്ടുപോയതിന് ഒരു നാടു മുഴുവനും യുദ്ധപ്രളയം സൃഷ്ടിച്ച് ബോംബി ട്ടു തകർക്കുന്ന ഇസ്രയേലിന്റെ ധിക്കാരത്തിനും പൈശാചികമായ പകക്കും മുമ്പിൽ ലോകം പഞ്ചപുച്ഛമടക്കി നിൽക്കുകയാണ്. സൈനികഭടന്മാരെ തട്ടിക്കൊണ്ടുപോകുന്നതും സിവിലിയന്മാരെ തട്ടിക്കൊണ്ടുപോകുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഒരു സായുധസമൂഹത്തിലെ അംഗമാണ് ഒരു പട്ടാളക്കാരനെങ്കിൽ, സിവിലിയൻ ഒരു ഭരണകൂടത്തിന്റെ പരിരക്ഷയിൽ ജീവിക്കുന്ന നിരായുധനും സുരക്ഷാകാര്യത്തിൽ ആശ്രിതനുമാണ്. അതുകൊണ്ടുതന്നെ അന്താരാഷ്ട്ര മനുഷ്യാവകാശനിയമത്തിലും ഈ വ്യത്യാസം പ്രകടമായി കാണിച്ചിട്ടുണ്ട്. ലെബനാനിലെ ഹിസ്ബുള്ള ഇസ്രയേലീ ഭടനെ തട്ടിക്കൊണ്ട പോയത് ഇസ്രായേലി ജയിലുകളിലുള്ള പതിനായിരത്തോളം വരുന്ന തടവുകാരെ മോചിപ്പിക്കാനായിരുന്നു. അതിൽ 3341 പേർ കൊച്ചുകുട്ടികളാണ്. കൂടാതെ വലിയൊരു വിഭാഗം സ്ത്രീകളുമുണ്ട്. ഇസ്രയേലിലെ 'ഗ്വണ്ടനാമോ' എന്നറിയപ്പെടുന്ന കിരാതമായ ജൂതജയിലുകളിൽ അറ്റമില്ലാത്ത പീഡനങ്ങളാണ് അവർ ഫലസ്തീനികൾക്ക് നേരെ അഴിച്ചുവിടുന്നത്. ഹിസ്ബുള്ള തട്ടിക്കൊണ്ടുപോയ ആ ഒരു ജൂതഭടന് വേണ്ടിയാണ് ലെബനാനിലെ ആയിരത്തോളം വരുന്ന നിരപരാധികളായ സാധാരണക്കാരെ കൊന്നൊടുക്കിക്കൊണ്ട് ഇസ്രയേലിസേന യുദ്ധം തുടരുന്നത്. അതീവമാരകമായ രാസായുധബോംബുകളാണ് ലെബനാനിൽ ഇസ്രയേൽ ഉപയോഗിക്കുന്നതെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മരിച്ചവരെ കൂടാതെ ബോംബേറിൽ ഉണങ്ങാത്ത മുറിവുകളായി പിഞ്ചുകുഞ്ഞുങ്ങളടക്കം ആയിരക്കണക്കിന് മനുഷ്യർ വേദനകൊണ്ട് പുളയുകയാണ്. ബൈബിളിൽ പ്രശസ്തമായ കാനാ ഗ്രാമത്തിൽ ബോംബ് വർഷിച്ച് 37 കുട്ടികളടക്കം 60 പേരാണ് കൊല്ലപ്പെട്ടത്. ലോകമനഃസാക്ഷിയെ കരയിപ്പിച്ച ഈ സംഭവത്തിനുശേഷവും ഇസ്രയേൽ ആക്രമണം തുടരുകയാണ്. പണ്ട് കുളക്കരയിൽ കണ്ട ആട്ടിൻകുട്ടിയോട് നീ കുളം കലക്കിയിട്ടില്ലെങ്കിൽ നിന്റെ പിതാവ് കുളം കലക്കിയിട്ടുണ്ട് എന്ന് പറഞ്ഞ് ആട്ടിൻകുട്ടിയെ കൊന്നുതിന്ന ചെന്നായയുടെ തത്ത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഇസ്രയേലിന്ന് ആക്രമണം അഴിച്ചുവിടാൻ പ്രത്യേകിച്ച് കാരണമൊന്നും ആവശ്യമില്ല. ആക്രമണത്തിന് ആദ്യമായി വിശദമായ പദ്ധതി തയ്യാറാക്കുകയും പിന്നീട് കാരണങ്ങൾ ഉണ്ടാക്കുകയുമാണ് അവരുടെ രീതി.

ഏത് വൻശക്തിയോടും പോരടിക്കാൻ ശേഷിയുള്ള ലോകത്തിലെ വൻകിട ആയുധശക്തികളിലൊന്നാണ് ഇസ്രയേൽ. ആറ്റംബോംബുകളുടെ കൂമ്പാരം തന്നെ അവരുടെ കൈയിലുണ്ട്. പശ്ചിമേഷ്യ എന്നല്ല യൂറോപ്പിനെയും അമേരിക്കയേയും തന്നെ വെല്ലുവിളിക്കാൻ ശേഷിയുള്ള ആയുധശക്തിയാണ് ഇസ്രയേൽ. ആണവ നിരായുധീകരണ ശ്രമങ്ങൾ അമേരിക്കയുടെ നേതൃത്വത്തിൽ കൊണ്ടുപിടിച്ച് നടക്കുമ്പോഴും ഇസ്രയേലിന്റെ കൈകളിലുള്ള ആറ്റംബോംബുകളെ പറ്റി ഇതുവരെ മാധ്യമങ്ങളിൽ കാര്യമായ ചർച്ച വന്നിട്ടില്ല. ജൂതന്മാരുടേയും അമേരിക്കയുടേയും അവരുടെ പാർശ്വവർത്തികളുടേയും നിയന്ത്രണത്തിലുള്ള വാർത്താവിതരണ മാധ്യമങ്ങൾ നൽകുന്ന ചവറുകൾക്ക് പിന്നാലെ പോവുന്ന ലോകത്തിലെ മാധ്യമങ്ങളിൽ, ഇസ്രയേൽ അറബികൾക്കിടയിൽ പേടിച്ചുകഴിയുന്ന നിഷ്കളങ്ക രാജ്യമായാണ് ചിത്രീകരിക്കപ്പെടുന്നത്. ആയുധങ്ങളേക്കാൾ പ്രാധാന്യം മാധ്യമങ്ങളാണെന്ന വസ്തുത അവർക്ക് നന്നായറിയാം. മധ്യകാലയുഗത്തിൽ ജീവിക്കുന്ന അറബിരാജാക്കന്മാരും ശൈഖ്മാർക്കും അവരെ സുഖിപ്പിച്ചു കഴിയുന്ന മതപണ്ഡിതന്മാർക്കും ഈ നിലവാരത്തിലെത്താൻ യുഗങ്ങൾ താണ്ടേണ്ടി വരും.

ലെബനാനിലെ ഹിസ്ബുല്ല ഭരണകൂടത്തിൽ പങ്കാളിത്തമുള്ള ഒരു കക്ഷിയെ തീവ്രവാദികളും ഭീകരവാദികളുമായാണ് പാശ്ചാത്യമാധ്യമങ്ങൾ ചിത്രീകരിക്കുന്നത്. ഇസ്രായേലിന്റെ അധിനിവേശങ്ങൾക്കെതിരെ സമരം നയിക്കുന്ന ഉത്തരവാദിത്വമുള്ള സംഘടയാണ് ഹിസ്ബുള്ള. ഇസ്റായേലി അതിക്രമങ്ങൾക്കെതിരെയുള്ള ദുർബലമായ പ്രതികരണങ്ങളാണ് അവരുടെ ഭീകരപ്രവർത്തനങ്ങളായി ചിത്രീകരിക്കുന്നത്. ആധുനിക സൈ നികോപകരണങ്ങളിൽ ഏറുപടക്കങ്ങളുടെ യത്രപോലും വിലയില്ലാത്തതാ ണ് അവരുപയോഗിക്കുന്ന കത്യൂഷാ റോക്കറ്റുകൾ. ഈ റോക്കറ്റുകൾ ഉപയോഗിച്ചാണ് ലോകത്തിലെ വൻകിട ഹൈടെക് യുദ്ധോപകരണങ്ങളുള്ള ആറ്റം ശക്തിയായ ഇസ്രയേലിനെ ഹിസ്ബുള്ള എന്ന ചെറുസംഘടന നേരിടുന്നത്. ഇസ്രയേൽ നേരിടുന്ന ഇരയുമായി താരതമ്യം ചെയ്യുമ്പോൾ ഭീമാകാരമായ അസന്തുലിതത്വമുള്ള രണ്ട് സൈനിക ശക്തികളാണ് ഹിസ്ബുല്ലയും ഇസ്രയേലും. അതുകൊണ്ടാണ് ഹിസ്ബുല്ലയുടെ യുദ്ധമുന്നേറ്റങ്ങളേയും അവരുടെ സിറിയൻ നിർമ്മിത കത്യുഷ്യ റോക്കറ്റ് ഉപയോഗിച്ചുള്ള ആക്രമണങ്ങളേയും ലോകമാധ്യമങ്ങൾ പൊലിപ്പിച്ചെഴുതുന്നത്. പണ്ട് ഗൾഫ് യുദ്ധത്തിനുമുമ്പേ ഇറാഖിലെ സദ്ദാമിന്റെ പട്ടാളത്തിന്റെ വീരശൂര പരാക്രമങ്ങളെ പറ്റിയും അവരുടെ അജയ്യതയെക്കുറിച്ചുമുള്ള അമേരിക്കൻ കള്ളക്കഥകൾ പത്രങ്ങളിൽ വന്നപ്പോൾ അമേരിക്കയേയും ഇസ്രയേലിനേയും നേരിടാൻ ഇതാ ഒരു മുസ്ലിം താരം ജനിച്ചിരിക്കുന്നു എന്ന ആവേശമായിരുന്നു മുസ്ലിംകൾക്ക്. പിന്നീട് ഇറാഖ് അധിനിവേശം ഒരു ഈസി വാക്കോവർ പോലെ അമേരിക്ക നടത്തിയപ്പോൾ താടി നീട്ടിയ സദ്ദാമിനെ ഒരു മാളത്തിൽ നിന്ന് പിടിച്ചുകൊണ്ടുവരുന്നതായിട്ടാണ് നാം കണ്ടത്. മുസ്ലിം രാജ്യങ്ങളുടെ സഹതാപാർഹമായ ദൗർബല്യം മറ്റാരെക്കാളും നന്നായറിയുന്നത് യഹൂദികൾക്കും അമേരിക്കക്കുമാണ്. പ്രേക്ഷകരായ ലോകത്തിനുമുമ്പിൽ അതീവദുർബലമായ പ്രതിയോഗിയെ ക്രൂരനും മഹാപരാക്രമശാലിയുമായി ചിത്രീകരിച്ച് നായകപരിവേഷത്തോടെ തങ്ങൾ കാട്ടിക്കൂട്ടുന്ന ഭീകരതക്ക് ന്യായീകരണം തേടുകയാണ് അമേരിക്കയും ജൂതരും.

ലെബനാൻ യുദ്ധത്തിൽ ഇസ്രയേലിന്റെ ക്രൂരമായ ധിക്കാരം കണ്ട് ലോകം ഞെട്ടിത്തരിക്കയാണ്. വളരെ ഗൂഢമായി തങ്ങളുടെ സൈനിക അധീശത്വം ലോകത്തെ വിശിഷ്യ യൂറോപ്പിനെ കാണിച്ചുകൊടുക്കുന്ന ഒരു മനശ്ശാസ്ത്രയുദ്ധം കൂടി ഇതിന് പിറകിലുണ്ട്. ജൂലായ് 25ന് ലെബനാനിലെ ഐക്യരാഷ്ട്രസഭയുടെ ഒബ്സർവേഷൻ പോസ്റ്റിൽ ഇസ്രയേൽ ബോംബ് വർഷിച്ചു. ചൈന, ഫിൻലാന്റ്, കനഡ, ആസ്ത്രിയ എന്നീ രാജ്യങ്ങളിലെ സമാധാനപാലകരായ ഭടന്മാരായിരുന്നു മരിച്ചത്. ലോകരാജ്യങ്ങൾക്കിടയിൽ ഈ സംഭവം നടുക്കമുണ്ടാക്കിയിരിക്കുകയാണ്. ഐക്യരാഷ്ട്രസഭ ഇസ്രയേലിന്റെ പെറ്റമ്മയാണ് എന്ന് കൂടി നാം ഓർക്കണം. ഒരർത്ഥത്തിൽ യു.എൻ. ഇത് അർഹിക്കുന്നുണ്ട്. ലോകത്ത് ഇങ്ങനെയൊരു നംപുസകസംഘടന ആവശ്യമില്ല എന്ന സന്ദേശമാണ്. യു.എന്നിനെ നിർവ്വീര്യമാക്കിക്കൊണ്ടിരിക്കുന്ന ഇസ്രയേൽ ഈ ബോംബിങ്ങിലൂടെ നൽകിയത്. ഇസ്രയേൽ ഈ കൃത്യം കരു തികൂട്ടി ചെയ്തതാണെന്നാണ് യു.എൻ. ജനറൽ സെക്രട്ടറി കോഫി അന്നൻ പ്രതികരിച്ചത്.

ഇസ്രയേൽ കാണിക്കുന്ന എല്ലാ നീതിഹത്യകളേയും നരമേധങ്ങളേയും ന്യായീകരിക്കാറുള്ളയാളാണ് ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണിബ്ലയർ. ബ്രിട്ടീഷ് അധികൃതരെ അമ്പരപ്പിച്ചുകൊണ്ട് ലെബനാൻ യുദ്ധത്തിനിടയിൽ ബ്രിട്ടീഷുകാരെ യഹൂദർ കൂട്ടക്കൊല ചെയ്തതിന്റെ 60-ാം വാർഷികം ജൂലൈ 22ന് ഗംഭീരമായി ആഘോഷിക്കുകയുണ്ടായി. Celebrating terror, Israel Style' എന്ന പേരിൽ Hindu (2006 July 24) പത്രം ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്രിട്ടീഷുകാർ ഇതിനെ തുടർന്ന് വളരെയേറെ പ്രകോപിതരായിട്ടുണ്ട് എന്നാണ് റിപ്പോർട്ട്. ആഘോഷത്തിൽ പങ്കെടുത്തത് ചില്ലറക്കാരൊന്നുമല്ല. ഇസ്രയേലിന്റെ മുൻ പ്രധാനമന്ത്രിയും വലത് പക്ഷ തീവ്രവാദിയുമായ ബിൻയാമിൻ നെത ന്യാഹു തന്നെ. മറ്റൊരാൾ ഇപ്പോഴത്തെ ഇസ്രയേലീ വിദേശകാര്യമന്ത്രി സിപി ലിവ്നിയുടെ പിതാവാണ്. 60 വർഷങ്ങൾക്ക് മുമ്പ് 1946 ജൂലൈ 22ന്നായിരുന്നു സംഭവം. അന്ന് ഇസ്രയേൽ സ്റ്റേറ്റ് രൂപം കൊണ്ടിട്ടില്ല. ഫലസ്തീൻ ബ്രിട്ടീഷ് മാൻഡേറ്റിനു കീഴിലായിരുന്നു. മുൻ ഇസ്രയേലി പ്രധാനമന്ത്രിയും അനേകം ഭീകരപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തയാളു

*(ശേഷം 42-ാം പേജിൽ)*

## കുറിപ്പുകൾ

**മുസാഫിർ**

# ചൈനയുടെ ഏകസന്താനനയം പരാജയപ്പെടുന്നു

പതിനെട്ടാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന തോമസ് റോബർട്ട് മാൽതൂസ് ആണ് തന്റെ ജനസംഖ്യാ സിദ്ധാന്തങ്ങളിലൂടെ ജനപ്പെരുപ്പത്തെപ്പറ്റി അഥവാ ജനസംഖ്യാവിസ്ഫോടനത്തെപറ്റിയുള്ള ഭീതി സൃഷ്ടിച്ചത്. ഭക്ഷണലഭ്യതയുടെ ലളിതമായ കണക്കുകൂട്ടലായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന് ആധാരം. അതായത് ജനസംഖ്യ വർദ്ധിക്കുന്നത് 1, 2, 4, 16, 64 എന്നിങ്ങനെ ജ്യാമിതീയ ശ്രേണി (Geometrical Progressions)യിലാണെന്നും വിഭവങ്ങൾ വർദ്ധിക്കുന്നത് 1, 2, 3, 4 എന്നിങ്ങനെ സമാന്തരമായ അങ്കഗണിത ശ്രേണി (Arithmetical Progressions)യിലാണെന്നും മാൽതൂസ് വാദിച്ചു. അതുകൊണ്ട് ക്ഷേമരാഷ്ട്രം വരുവാൻ ജനസംഖ്യ കുറക്കേണ്ട ഉപാധികൾ ഭരണകൂടങ്ങൾ സ്വീകരിക്കേണ്ടതുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദേശം. 1960 -70കളിൽ ലോകവ്യാപകമായി ഭക്ഷണസമൃദ്ധി പ്രദാനം ചെയ്ത ഹരിതവിപ്ലവത്തെ സംബന്ധിച്ചോ, രാസവളപ്രയോഗത്തെക്കുറിച്ചോ, ജനിതകശാസ്ത്രത്തേക്കുറിച്ചോ, അത്യുൽപാദനശേഷിയുള്ള വിത്തുകളെ കുറിച്ചോ കൃഷിയായുധങ്ങളുടെ നിർമ്മാണത്തിലുണ്ടായ അഭൂതപൂർവമായ മുന്നേറ്റങ്ങളേക്കുറിച്ചോ മാൽതൂസിന് അറിയില്ലായിരുന്നു. 18-ാം നൂറ്റാണ്ടിലെ ഈ സാമ്പത്തിക ശാസ്ത്രജ്ഞൻ സൃഷ്ടിച്ച ഭീതി ഒരു മനോഗ്രസ്തി പോലെ ലോകത്തിലെ പല ഭരണകൂടങ്ങളേയും ഐക്യരാഷ്ട്രസഭയേയും ഇന്നും ബാധിച്ചിട്ടുണ്ട്. കൂടുതൽ ജനസംഖ്യകൊണ്ടനുഗൃഹീതരായ ചൈനയും ഇന്ത്യയും ജനസംഖ്യ കുറക്കേണ്ട വെമ്പാളത്തിനിടയിൽ, ഇതാ, ചൈനയിൽ നിന്നും ചില ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നു.

ഒരു മനുഷ്യശിശുവിന് ജന്മം കൊടുക്കുക എന്നത് സ്വന്തം മാതാപിതാക്കന്മാരുടെ മാത്രം ക്ഷേമത്തിന്റേയും സുരക്ഷയുടേയും കാര്യമല്ല. പ്രളയകാലം വരെ പ്രയാണം തുടരുന്ന മനുഷ്യസമൂഹത്തിന് ദമ്പതിമാർ നൽകുന്ന വിലമതിക്കാനാവാത്ത സംഭാവനയും സ്രഷ്ടാവിനോടുള്ള നന്ദിപ്രകാശനവുമാണ് അത്. ഗവൺമെന്റ് ഏജൻസികളുടെ പ്രചാരണങ്ങളും ആധുനിക പരിഷ്കാരങ്ങളുടെ അതിപ്രസരവും, കുടുംബങ്ങളുടെ ആത്മീയ രഹിതമായ ആസൂത്രങ്ങളും, സ്ത്രീകളുടെ വിമുഖതയും കാരണം ഗർഭധാരണം എന്നത് ഒരു രോഗവും പ്രസവം എന്നത് ഓപ്പറേഷനിലൂടെയോ, ആശുപത്രി ശുശ്രൂഷയിലൂടേയോ കൈവരുന്ന രോഗവിമുക്തിയുമാണെന്ന സങ്കല്പമാണ് ആധുനിക സമൂഹത്തിന് കൈവന്നിരിക്കുന്നത്. അതൊരു സ്വാഭാവികവും അനിവാര്യവുമായ ജൈവപ്രക്രിയയാണെന്ന ബോധം ഇല്ലാതിരിക്കുന്നു. അതുകൊണ്ട് പരിഷ്കൃത സമൂഹങ്ങളിൽ ജനസംഖ്യാനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈയ്യിടെ പത്രത്തിൽ വന്ന ഒരു റിപ്പോർട്ടാണ് ഈ കുറിപ്പിന്നാധാരം. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലമായി ചൈന കർശനമായി അവലംബിച്ചുവരുന്ന കുപ്രസിദ്ധമായ ഏകസന്താന നയത്തിന് (One child policy)ക്ക് ഗുരുതരമായ തിരിച്ചടികളുടെ സൂചനകൾ പ്രത്യക്ഷപ്പെട്ടതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. (China greying too fast. Hindu - 2006 July 26)

ഭീമാകാരമായ ജനസംഖ്യ ചൈനയുടെ അഭിമാനവും സമ്പത്തുമാണെന്നായിരുന്നു ചൈനയുടെ പരമാചാര്യനായിരുന്ന മാവോസെതുങ്ങിന്റെ കാഴ്ചപ്പാട്. എന്നാൽ ചൈനയുടെ പിൽക്കാല സാമ്പത്തിക പരിഷ്കരണങ്ങൾക്ക് നേതൃത്വം കൊടുത്ത ദെങ്ങ് സിയാവോപെങ്ങാണ് 1979-ലെ ഏകസന്താനനയത്തിന്റെ ഉപജ്ഞാതാവ്. ഇരുപത്തിയാറ് വർഷങ്ങൾക്ക് ശേഷം വിവിധ ഏജൻസികൾ നടത്തിയ പഠനത്തിൽ ചൈനീസ് സമൂഹം അതിവേഗം വാർദ്ധക്യത്തോടടുക്കുകയാണെന്ന വസ്തുതയാണ് വെളിപ്പെട്ടിരിക്കുന്നത്. ചൈ നീസ് ജനത വയസ്സാവുന്ന മുറക്ക് സമൂഹത്തിൽ യുവജനങ്ങളുണ്ടാവുന്നില്ല എന്ന വസ്തുത ഞെട്ടിപ്പിക്കുന്നതാണ്. സാമ്പത്തിക പുരോഗതിയിലേക്ക് കുതിക്കുന്ന ചൈനയിൽ വരുംനാളുകളിൽ അതിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ പ്രത്യക്ഷപ്പെടുമെന്ന് പഠനങ്ങൾ മുന്നറിയിപ്പു നൽകുന്നു.

ചൈനീസ് നാഷനൽ പോപ്പുലേഷൻ ആന്റ് ഫാമിലി പ്ളാനിങ്ങ് കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 400 ദശലക്ഷം മനുഷ്യജന്മങ്ങൾ ഏകസന്താന നയം മൂലം ഇല്ലാതായിട്ടുണ്ട്. ഇങ്ങനെ ജനസംഖ്യ കുറച്ചത് കൊണ്ടാണ് ചൈനയുടെ ദേശീയ വരുമാനത്തിൽ നേരിയ വർദ്ധനവുണ്ടായത്

എന്നതായിരുന്നു ചൈനീസ് അധികൃതരുടെ അവകാശവാദം. വാസ്തവത്തിൽ ആ നാമമാത്രമായ വർദ്ധന വിരിയാനായ മൊട്ടിനെ ഞെക്കിവിരിയിപ്പിക്കുന്നത്പോലെയായിരുന്നു. പുതിയ തലമുറയെക്കൊണ്ട് നവീകരിക്കപ്പെടാത്ത ചൈനീസ് സമൂഹത്തിന്റെ ഉൽപ്പാദനക്ഷമതയും ഉപഭോഗക്ഷമതയും ക്രമേണ കുറഞ്ഞു പോകുമെന്നും കുഞ്ചൻനമ്പ്യാരുടെ 'കാലനില്ലാത്ത കാലം' എന്ന കവിതയിൽ വിവരിച്ചത് പോലെ തങ്ങളുടെ സമൂഹം വൃദ്ധന്മാരെക്കൊണ്ട് നിറയുമെന്നും ചൈനീസ് അധികൃതർ അന്ന് കരുതിയിരുന്നില്ല. ഏകസന്താനനയം നടപ്പാക്കിയതിൽ പിന്നെ രാജ്യത്തെ ജനസംഖ്യയുടെ ശരാശരി പ്രായം 32ൽ നിന്ന് 2005ൽ 39 ആയി ഉയർന്നു. അത് 2040 ആവുമ്പോഴേക്ക് 44 വയസ്സ് ആകുമെന്നും കണക്കാക്കപ്പെടുന്നു. ജോലി ചെയ്യുന്നവരും പെൻഷൻ പറ്റുന്നവരും തമ്മിലുള്ള അനുപാതം 2000ത്തിൽ 6:1 ആയിരുന്നത് 2040 ആവുമ്പോഴേക്കും 2:1 ആയി മാറും. അതായത് ജോലി ചെയ്യുന്ന ചെറുപ്പക്കാരുടെ പകുതിയോളം ഉൽപാദനക്ഷമതയില്ലാത്ത പെൻഷൻകാരായിരിക്കും. സന്താനനിയന്ത്രണം വരുന്നതോടെ ജനസംഖ്യ കുറയുന്നത് മാത്രമല്ല പ്രശ്നം. പുതിയ തലമുറ വന്നുചേർന്ന് സമൂഹം നവീകരിക്കപ്പെടുമ്പോൾ ഉല്പാദനക്ഷമതയും ഉപഭോഗക്ഷമതയും വർദ്ധിച്ച് സമ്പദ്ഘടന സജീവമാകുകയുള്ളൂ. പുതിയ അഭിരുചികളും അതിനനുസരിച്ചുള്ള പുതിയ ഉല്പന്നങ്ങളും പുതിയ തലമുറയിൽ കൂടിയേ രംഗപ്രവേശനം ചെയ്യൂ. വയസ്സന്മാർ അത്തരം കാര്യങ്ങളിൽ ഉദാസീനരായിരിക്കുമല്ലോ.

പൊതുവെ പല കാരണങ്ങൾ കൊണ്ട് സമ്പന്നരാജ്യങ്ങളിൽ സന്താനോല്പാദനം കുറവായിരിക്കും. സന്താനോല്പാദനം കുറഞ്ഞാൽ ആ സമൂഹത്തിന് വളരെ വേഗം വാർദ്ധക്യം ബാധിക്കും. ജപ്പാൻ സമ്പന്നത മൂലം സന്താനോല്പാദം കുറയുകയും സമൂഹത്തിന് വയസ്സാകൽ (ജാരണം) വർദ്ധിക്കുകയും ചെയ്യുന്ന രാജ്യമാണ്. എന്നാൽ ജപ്പാന്റെ ആളോഹരി പ്രതിശീർഷവരുമാനത്തിന്റെ മൂന്നിലൊന്നു പോലുമല്ലാത്ത ചൈന കർശന നടപടികളിലൂടെ ഏകസന്താനം അടിച്ചേൽപ്പിച്ച് വാർദ്ധക്യം വിളിച്ചുവരുത്തുകയായിരുന്നു. വൃദ്ധജനക്ഷേമത്തിൽ വളരെ പരിമിതമായ പണം ചിലവഴിക്കുന്ന രാജ്യമാണ് ചൈന. ദേശീയവരുമാനത്തിന്റെ 2 ശതമാനം മാത്രമാണ് അവരുടെ ഇപ്പോഴത്തെ പെൻഷൻ സ്കീമുകൾ. അതുതന്നെ 7 ശതമാനം വേണമെന്നാണ് ഡെസ് ച്യൂ ബാങ്ക് ഈയ്യിടെ നടത്തിയ പഠനങ്ങളിൽ പറയുന്നത്. 2000ൽ ചൈനയിൽ പ്രായമായവരുടെ ജനസംഖ്യ (60 വയസ്സിൽ മുകളിലുള്ളവർ) 11 ശതമാനമായിരുന്നു. ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ചൈനയിൽ 40 കോടി ജനങ്ങൾ 60 വയസ്സ് കടക്കും. അപ്പോൾ ജനസംഖ്യയുടെ 28 ശതമാനം വൃദ്ധജനമായിരിക്കും. അതേസമയം ചൈനയിലെ 15 മുതൽ 19 വയസ്സു വരെ പ്രായമായവരുടെ സംഖ്യ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 17 ശതമാനം കുറയുമെന്ന് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ സൂചിപ്പിക്കുക യും ചെയ്യുന്നു. ചൈന ഈ സ്ഥിതി എങ്ങനെ തരണം ചെയ്യുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. പണ്ട് റഷ്യയെ സംബന്ധിച്ച് കേട്ട അതിശയോക്തിപരമായ ഒരാരോപണം. 70 വയസ്സ് കഴിഞ്ഞവരെ അവിടെ വെടിവെച്ചു കൊല്ലുമെന്നായിരുന്നു. അതുപോലെ അറ്റ കൈ വല്ലതും ചൈന പ്രയോഗിക്കേണ്ടി വരുമോ?

ഏകസന്താനനയം ചൈനീസ് കുടുംബങ്ങളിലുണ്ടാക്കിയ പ്രത്യാഘാതം ഭയാനകമാണ്. ദമ്പതിമാരുടെ ഏകസന്താനം വളർന്നുവലുതാകുമ്പോൾ അവന്റെ ജീവിതഭാരം 4 - 2 -1 ആയി മാറുന്നു. അതായത് തൊഴിലാളിയായ ഒരാൾ തന്നെ ആശ്രിതരായ ആരുപേരുടെ ഭാരം വഹിക്കണം. ആ തൊഴിലാളിയുടെ മാതാപിതാക്കൾ മാതാവിന്റേയും പിതാവിന്റേയും അച്ഛനമ്മമാർ വേറെയും. അങ്ങനെ ആശ്രിതരായ ആറുപേർ - ഇതാണ് ചൈനയിൽ കുപ്രസിദ്ധമായ 4 - 2 - 1 പ്രശ്നം. ഇത് കൂടാതെ അവന്റെ ഭാര്യക്ക് ജോലിയില്ലെങ്കിൽ അവളുടെ ഭാരവും ഏകസന്താനമുണ്ടാകുമ്പോൾ അവന്റെ ഭാരവും ഈ ഒരാൾ തന്നെ വഹിക്കണം. ദമ്പതിമാർക്ക് കൂടുതൽ മക്കളുണ്ടാവുമ്പോൾ അവരുടെ വാർദ്ധക്യകാലസുരക്ഷയും ക്ഷേമവും ഭദ്രമാകുകയാ ണ്. അവരുടെ ക്ഷേമവും സുരക്ഷ യും കൂടുതൽ മക്കൾക്കിടയിൽ വീതിക്കപ്പെടുമ്പോൾ വൃദ്ധദമ്പതിമാർക്ക് ഏറ്റവും കൂടുതൽ പരിരക്ഷ ലഭിക്കുകയാണ് ചെയ്യുക.

വൃദ്ധരുടെ ജീവിതത്തിന് യാതൊരു ക്ഷേമപ്രവർത്തനങ്ങളും ആവിഷ്കരിക്കാതെ ശുഷ്ക്കമായ ഏകസന്താന നയം അടിച്ചേൽപ്പിക്കുന്ന ചൈനീസ് ഭരണകൂടം മനുഷ്യത്വത്തോട് ക്രൂരതയാണ് കാട്ടുന്നത്. ഏകസന്താന നയം കർശനമാക്കു മ്പോൾ ചൈനീസ് കുടുംബങ്ങളിലുണ്ടാവുന്ന മറ്റൊരു പ്രത്യാഘാതമാണ് സ്ത്രീപുരുഷ അനുപാതത്തിലുള്ള വമ്പിച്ച അസന്തുലിതാവസ്ഥ. ഒരു ദമ്പതിക്ക് ഒരു സന്താനം മാത്രം അനുവദിച്ചതിനാൽ അത് ആൺ തരിയായിരിക്കാനാണ് ചൈനീസ് ദമ്പതിമാർ ആഗ്രഹിക്കുക. അതിനായി അവർ പെൺഭ്രൂണഹത്യ വ്യാപകമായി നടത്തുന്നു. ഇതിന്റെ ഫലമായി പുരുഷന്മാരധികമായ ഒരു സമൂഹം ചൈനയിൽ ആവിർഭവിച്ചിരിക്കുന്നു. അങ്ങനെ എല്ലാ അർത്ഥത്തിലും അപകടങ്ങൾ തുറിച്ചുനോക്കുന്ന ഒരു ജനതയായി ചൈന മാറുകയാണ്.

മനുഷ്യശിശുക്കൾ ദൈവം നൽകുന്ന ഏറ്റവും വിലയേറിയ അനുഗ്രഹങ്ങളാണ്. ഭൂമിയിൽ ജനിച്ചുവീഴാൻ വിധിക്കപ്പെട്ട മനുഷ്യാത്മാക്കളുടെ ജീവിതം നിഷേധിക്കാൻ നാം ആരാണ്? നാമും നമുക്കജ്ഞാതമായ ഒരു യാദൃശ്ചികതയിൽ ഭൂമിയിൽ എത്തിപ്പെട്ടവരാണെന്നോർക്കുക. നാം ജനിക്കുന്നതിന് മുമ്പ് നമ്മുടെ അസ്തി

*(ശേഷം 42-ാം പേജിൽ)*

വാർത്തകൾ

# ലജ്നാ ഇമാഇല്ലാഹ് ഇജ്തിമ വിജയകരമായി സമാപിച്ചു

**സാജിദ മുസഫർ, കോഴിക്കോട്**

**2006** ജൂലൈ 22,23 തിയ്യതികളിൽ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ നടന്ന ലജ്നാ ഇമാഇല്ലാഹ് സംസ്ഥാന ഇജ്തിമ വിജയകരമായി സമാപിച്ചു. ലജ്നായുടെ ഭാരത് സദ്ർ ബുശ്റ പാഷ സാഹിബ ഇജ്തിമ ഉദ്ഘാടനം ചെയ്തു. ജീവിതം ഭക്തി നിർഭരമാക്കിക്കൊണ്ട് സൽക്കർമ്മങ്ങൾ ചെയ്യാൻ സദ്ർ സാഹിബ ആഹ്വാനം ചെയ്തു. നമ്മുടെ ഓരോ ഇജ്തിമയും നന്മയിൽ മുന്നേറാൻ നമുക്ക് സഹായകരമായിത്തീരട്ടെ എന്ന് അവർ ആശംസിച്ചു. തുടർന്ന് നടന്ന മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ ഉദ്ബോധന പ്രസംഗത്തിൽ ലജ്നയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ചു. ആശംസാപ്രസംഗത്തിൽ കോഴിക്കോട് മേഖലാ അമീർ ഏ.പി. കുഞ്ഞാമു സാഹിബ് കുട്ടികളുടെ സംസ്കരണ കാര്യത്തിൽ മാതാപിതാക്കന്മാർക്കുള്ള പങ്ക് അതിപ്രധാനമാണെന്നും അവരുടെ സ്വഭാവരൂപീകരണത്തിൽ മാതാക്കൾ ശ്രദ്ധപതിപ്പിക്കമമെന്നും പറഞ്ഞു. ഉദ്ഘാടന യോഗത്തിൽ ലജ്ന കേരള സദ്ർ അമത്തുൽ ഹഫീസ് സാഹിബ അദ്ധ്യക്ഷത വഹിച്ചു. മൈമൂന സാഹിബ തിലാവത്ത് നിർവ്വഹിച്ചു. മേഖലാ സെക്രട്ടറി സിദ്ദീഖാ സാഹിബ സ്വാഗതവും, കോഴിക്കോട് ലജ്നാ വൈസ് പ്രസിഡണ്ട് കെ.പി. റസിയാബി സാഹിബ നന്ദിയും പറഞ്ഞു.

ശനിയാഴ്ച വൈകുന്നേരം കോഴിക്കോട് ടൗൺഹാളിൽ ചേർന്ന പൊതുയോഗം ലജ്നാ ഭാരത് സദ്ർ ബുശ്റ പാഷ സാഹിബ ഉദ്ഘാടനം ചെയ്തു. മുഹമ്മദ് നബി(സ) അന്യമതങ്ങളോട് അനുവർത്തിച്ച മതസഹിഷ്ണുതയെക്കുറിച്ച് അവർ സംസാരിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ ഡോ. മുബാറക്കാ ബീവി സാഹിബ മതത്തിന്റെ പേരിൽ നടക്കുന്ന ഭീകരവിധ്വംസക പ്രവർത്തനങ്ങളിൽ ആശങ്ക രേഖപ്പെടുത്തുകയും, മതങ്ങൾ ഒരിക്കലും വിദ്വേഷം പ്രചരിപ്പിക്കുന്നില്ലെന്നും പറയുകയും ചെയ്തു. ഖലീഫത്തുൽ മസീഹിന്റെ സന്ദേശം അമത്തുൽ ഹഫീസ് സാഹിബ വായിച്ചു. സിസ്റ്റർ ട്രീസ പാലക്കൽ, പ്രൊഫസർ സുജരിത ഹൊട്ട എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് ആവിഷ്ക്കാര സ്വാതന്ത്ര്യം ഇസ്ലാമിൽ-ജുവൈരിയ ഗൗഹർ, അഹ്മദിയ്യ ജമാഅത്തും ഇതര മുസ്ലിം സംഘടനകളും-അനീസ കലീം, സ്ത്രീ സമത്വം ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ-സാജിത മുസഫർ എന്നിവർ പ്രസംഗിച്ചു. കോഴിക്കോട് ലജ്നാ പ്രസിഡണ്ട് നസീറാ ജബ്ബാർ സ്വാഗതവും എം. നുസ്റത്ത് സാഹിബ നന്ദിയും പറഞ്ഞു. വഹീദാ

*(ശേഷം 42-ാം പേജിൽ)*

ആശംസകളോടെ,

**Rabwah Stores**

Vazhakkala, Kochi-21

Ph : 0484 - 5561287

# ഫസ്‌ലെ ഉമർ വിദ്യാഭ്യാസ ബോർഡ്

## ഏ.പി. കുഞ്ഞാമു സാഹിബ് ചെയർമാൻ
## പി.യം. അഹ് മദ് ഹസൻ സാഹിബ് സെക്രട്ടറി

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നിയന്ത്രണത്തിലുള്ള ഫസ്‌ലെ ഉമർ വിദ്യാഭ്യാസ ബോർഡിന്ന് ഖാദിയാനിലെ നിസാറത്ത് തഅ്ലിം വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ചു. 26 അംഗങ്ങളുള്ള ബോർഡിന്റെ ചെയർമാനായി ഏ. പി. കുഞ്ഞാമു സാഹിബിനേയും സെക്രട്ടറിയായി പി.യം. അഹ്മദ് സാഹിബിനേയുമാണ് നിയമിച്ചത്. ബോർഡിന്റെ കീഴിൽ നാല് സ്കൂളുകൾ പ്രവർത്തിക്കുന്നു. അതിൽ മൂന്നെണ്ണവും ഹൈസ്കൂളുകളാണ്. 10-ാം ക്ലാസിലെ പൊതുപരീക്ഷയിൽ മൂന്ന് സ്കൂളുകളും നൂറ് ശതമാനം വിജയം നേടുകയുണ്ടായി.

---

*(41 -ാം പേജിൽ നിന്ന് തുടർച്ച)*

സാഹിബ തിലാവത്ത് നിർവഹിച്ചു. മുബശ്ശിറാ അക്ബർ മൈത്രീഗാനം ആലപിച്ചു.

തുടർന്ന് ബൈത്തുൽ ഖുദ്ദൂസിൽ റസിയാ ഹാരിസ് (കാലത്തിന്റെ ഖലിഫമാരുടെ ഖുത്വുബകളുടെ പ്രാധാന്യം), നസീമ സാഹിബ (സഹാബികളുടെ ജീവചരിത്രം), എം. ആയിശ സാഹിബ (കുട്ടികളുടെ ശിക്ഷണം) എന്നീ വിഷയങ്ങളെ സംബന്ധിച്ച് പ്രസംഗിച്ചു.

മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, മൗലവി സഫർ അഹ്മദ് സാഹിബ്, മൗലവി ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ് എന്നിവർ തർബിയ്യത്ത് ക്ലാസ്സുകൾ നടത്തി.

സമാപനസമ്മേളനത്തിൽ താഹിറ സാഹിബ അദ്ധ്യക്ഷത വഹിക്കുകകയും, മൗലവി മുഹമ്മദ് ഉമർ സാഹിബ് പ്രസംഗിക്കുകയും ചെയ്തു. ഇജ്തിമയിലെ മത്സരവിജയികൾക്ക് ബുശ്റ പാഷ സാഹിബും അമത്തുൽ ഹഫീസ് സാഹിബയും സമ്മാനദാനം നിർവ്വഹിച്ചു.

ആവേശകരമായ ഇജ്തിമക്ക് അഭൂതപൂർവ്വമാം വിധം കേരളത്തിന്റെ നാനാ ഭാഗത്തുനിന്നു ധാരാളം സ്ത്രീകൾ പങ്കെടുക്കുകയുണ്ടായി. വിവിധ വൈജ്ഞാനിക മത്സരങ്ങളും നടന്നു.

---

*(38 -ാം പേജിൽ നിന്ന് തുടർച്ച)*

മായ മെനാച്ചം ബെഗിന്റെ 'ഇർഗൺ' എന്ന ജൂതഭീകരസംഘടനയുടെ നേതൃത്വത്തിൽ ബ്രിട്ടീഷു ഭരണത്തിനെതിരെ നടത്തിയ ബോംബാക്രമണമായിരുന്ന അത്. മേഖലയിലെ ബ്രിട്ടീഷ് ഭരണ ആസ്ഥാനമായ കിംങ്ങ് ഡേവിഡ് ഹോട്ടലിലായിരുന്ന ബെഗിന്റെ ഇർഗൺ എന്ന ഭീകരസംഘടന ബോംബ് വെച്ചത്. 90 പേർ മരിച്ചതിൽ 28 പേർ ബ്രിട്ടീഷുകാരായിരുന്നു. ഇസ്രയേലിന്റെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാണ് ബ്രിട്ടീഷുകാരെ ബോംബിട്ടുകൊന്നതെന്ന് പറഞ്ഞ് ഈ ഭീകരകൃത്യത്തിന്റെ സ്മരണക്കായി ഒരു സ്മാരകവും അവിടെ ഉയർത്തിയിട്ടുണ്ട്. ഇസ്രയേലിനെ ഓമനിച്ചു താലോലിച്ചുവളർത്തിക്കൊണ്ടിരിക്കുന്ന ബ്രിട്ടൻ ഇസ്രയേലിന്റെ വഞ്ചനാത്മകമായ ധിക്കാരത്തിലും കൂസലില്ലായ്മയിലും ദുഃഖിതരാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ലെബനോനെതിരെയുള്ള ഈ യുദ്ധം തൊട്ടരികെയുള്ള സിറിയയെയും അതിനപ്പുറമുള്ള ഇറാനേയും ലക്ഷ്യംവെച്ചുകൊണ്ടുള്ളതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ലെബനാനിൽ യുദ്ധവിരാമം വേണമെങ്കിൽ അമേരിക്കയുടേയോ നാറ്റോവിന്റെയോ പട്ടാളത്തെ വിന്യസിക്കണമെന്നാണ് ഇസ്രയേലിന്റെ ആവശ്യം. ഇതിൽ മറ്റൊരു നിഗൂഢലക്ഷ്യം കൂടിയുണ്ട്. ലെബനാന്റേയും സിറിയയുടേയും അതിർത്തിയിൽ ഈ സേനയെ വിന്യസിച്ചാൽ ലെബനാനിലെ ഹിസ്ബുല്ലയുമായി സിറിയക്കും ഇറാനുമുള്ള ബന്ധം വിഛേദിക്കപ്പെടും. അങ്ങനെ സിറിയൻ ആക്രമണം എളുപ്പമാക്കാനാണ് ഈ തന്ത്രമെന്ന് കരുതപ്പെടുന്നു. ഭയാനകമായ ലോകമഹായുദ്ധം സിറിയയിൽ നിന്നാണ് ആരംഭിക്കുക എന്ന് ചില ഹദീസിലെ സൂചനകൾ നമ്മെ ഭയപ്പെടുത്തുന്നു. ഏതായാലും മുസ്‌ലിം ലോകത്തെ അല്ലാഹു എല്ലാ ദുരന്തങ്ങളിൽ നിന്നും രക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

n

---

*(40 -ാം പേജിൽ നിന്ന് തുടർച്ച)*

ത്വത്തെക്കുറിച്ച് ദൈവത്തിനല്ലാതെ നമുക്ക് യാതൊരറിവുമുണ്ടായിരുന്നില്ല. നമുക്കിന്ന് സ്വപ്നം കാണാൻ പോലും കഴിയാത്ത ഉല്പാദനക്ഷമയതുടെ നവംനവങ്ങളായ വഴികൾ മനുഷ്യൻ കണ്ടെത്തിക്കൊണ്ടിരിക്കുമ്പോൾ വിഭവ ദൗർലഭ്യത്തെ സംബന്ധിച്ച് നാമെന്തിന് ബേജാറാവണം? സ്വാർത്ഥതയും സന്താനങ്ങളെ പോറ്റിവളർത്താനുള്ള മടിയുമാണ് സന്താനങ്ങളുടെ ജനനം തടയുന്നതെങ്കിൽ രാഷ്ട്രങ്ങളും വ്യക്തികളും ഒരുപോലെ ഖുർആന്റെ ഈ താക്കീത് ഓർ ക്കേണ്ടതുണ്ട്.

*തങ്ങളുടെ സന്തതികളെ യാതൊരറിവുമില്ലാതെ മൗഢ്യരായി വധിക്കുകയും അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ചുകൊണ്ട് തങ്ങൾക്കു നൽകിയത് സ്വയം നിഷിധമാക്കുകയും ചെയ്തർ തീർച്ചയായും നഷ്ടത്തിൽ ആപതിച്ചിരിക്കുന്നു. നിശ്ചയമായും അവർ വഴി പിഴച്ചു. അവർ നേർമാർഗ്ഗം പ്രാപിക്കുന്നവരായതുമില്ല. (വി.ഖുർആൻ : 6-141)*

n

---

***2006 ജൂലായ് 28, 29, 30 തീയതികളിൽ ലണ്ടനിൽ വെച്ച് നടന്ന ആഗോള അഹ്മദിയ്യാ സമ്മേളനത്തിന്റെ റിപ്പോർട്ട് അടുത്തലക്കത്തിൽ***